# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


പുസ്തകം 72
ലക്കം 2
ഫെബ്രുവരി 2004
തബ്‌ലീഗ് 1382
ദുൽഹജ്ജ് - മുഹറം - 1425



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail:sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**

## ഉള്ളടക്കം


4 യുഗശബ്ദം

5 മുഖക്കുറിപ്പ്

ലേഖനം

6 ***പ്രാർത്ഥനയും പ്രകൃതി നിയമവും***
മഹ്മൂദ്, കൽക്കുളം

9 ***വിശുദ്ധഖുർആനും നക്ഷത്ര വിജ്ഞാനീയവും***
എം. അലി. വെള്ളയിൽ

13 ***ജ്ഞാനമാർഗ്ഗം അന്വേഷിക്കുന്ന ക്രിസ്തുമതം***
എ. എം. മുഹമ്മദ് സലിം

17 ***ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ പരിണാമം***
തൻവീർ

21 ***അനുഗ്രഹം തേടിയെത്തുന്ന രാജാക്കന്മാർ***
മുഹമ്മദ് ഉമർ എച്ച്. എ.

23 ***അത്ഭുതങ്ങൾ നിറഞ്ഞ ഒരു പ്രബന്ധാവതരണം***
ഹസ്റത്ത് ഭായി അബ്ദുറഹ്മാൻ (റ) ഖാദിയാൻ

27 ***ആദം (അ) പ്രഥമ മനുഷ്യനോ - 2.***
എ. പി. കുഞ്ഞാമു

30 ***അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം***
ഖലീഫത്തുൽ മസീഹ് - IV

32 ***യേശുവിനെതിരെ യഹൂദികളുടെ ഹീന വിമർശം***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

34 ***ദിവ്യസ്മരണ***
എസ്. വി.സുബൈദാബീബി

35 ***'ത്വാഹിർ മസ്ജിദ്' ചരിത്രഭൂമിയിൽ ഒരു മകുടചാർത്ത്***
എസ്. വി. സദറുദീൻ

37 ***പരസ്പര സ്നേഹവും വിശ്വാസവും കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ്***
എ. ക്യു. മഹ്ദി

കുറിപ്പുകൾ,

വാർത്തകൾ


മുഖചിത്രം : മസ്ജിദ് ത്വാഹിർ, പഴയങ്ങാടി


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut


# ഖുർആനിൽ നിന്ന്

നാടുകളെ, അതിൽ നിവസിക്കുന്നവർ നന്മ ചെയ്യുന്നവരായിരിക്കെ നിന്റെ നാഥൻ നശിപ്പിക്കുകയില്ല തന്നെ (11:118)

# നബിവചനം

ഇബ്നു ഉമറി(റ) ൽ നിന്ന് നിവേദനം: ഒരിക്കൽ നബി തിരുമേനി (സ) മിംമ്പറിൽ നിന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ദാനത്തേയും, അഭിമാനത്തോടെ മറ്റുള്ളവരോടു ചോദിക്കാതെ ഒഴിഞ്ഞുമാറി നിൽക്കുന്നവരെയും, യാചനയേയും കുറിച്ച് പ്രസ്താവിച്ചു. " മേലെ കൈയാണ് താഴെ കൈയിനേക്കാൾ ഉത്തമം. മേലെ കൈ കൊടുക്കുന്ന കൈയ്യും താഴെ കൈ വാങ്ങുന്നതുമത്രെ. -ബുഖാരി

# നാശത്തെ അതിജീവിക്കാൻ



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

സുഹൃത്തുക്കളേ! നമ്മളിൽ ഏതെങ്കിലും ഒരു സമുദായക്കാർ ദൈവത്തിന്റെ ഈ സമ്പ്രദായങ്ങളെ ആദരിക്കാതെയും അവന്റെ പാവനങ്ങളായ ഗുണങ്ങൾക്കൊത്തു തങ്ങളുടെ നടപടികളെ ക്രമപ്പെടുത്താതെയും ഇരിക്കുന്നുവെങ്കിൽ, ആയവർ താമസിയാതെ നാശമടയും. അവരുടെ ഈ അതിക്രമത്തിന്റെ ദോഷഫലങ്ങൾ അവരുടെ മേൽ മാത്രമല്ല അവരുടെ ഭാവിതലമുറകളുടെമേലും വന്നുഭവിക്കുന്നതാണ്. ദൈവത്തിന്റെ ഗുണവിശേഷങ്ങളെ തന്നിൽ പ്രതിഫലിപ്പിക്കുന്നതുമൂലമാണ് മനുഷ്യൻ നാശത്തെ അതിജീവിക്കുന്നത്. സർവ്വസമാധാനത്തിന്റെയും ഉറവിടങ്ങളായ ദൈവഗുണങ്ങളനുസരിച്ചു ജീവിതചര്യകളെ ക്രമപ്പെടുത്തുന്നതിലാണ് മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ജീവിതം ആശ്രയിച്ചു നിൽക്കുന്നത്. ഈ പരമാർത്ഥത്തെ ലോകാരംഭം മുതൽ എല്ലാ രാജ്യങ്ങളിലെയും സത്യസന്ധമായ ദൈവദാസർ സാക്ഷീകരിച്ചു വന്നിരിക്കുന്നു.

**(മൈത്രീ സന്ദേശം)**

മുഖക്കുറിപ്പ്

# ഇൻസാനിയത്ത് സിന്ദാബാദ്

മതം എന്നത് സ്രഷ്ടാവുമായുള്ള ബന്ധം മാത്രമല്ല. സൃഷ്ടികളോടുള്ള കടപ്പാടു കൂടിയാണ്. മനുഷ്യ വംശത്തെ മത, വംശ, ഭാഷാ, ദേശ പരിഗണന കൂടാതെ കലവറയില്ലാതെയും പ്രത്യുപകാരം കാംഷിക്കാതേയും ദൈവ പ്രീതിക്കായി സേവിക്കുക എന്നതാണ് ഖുർആന്റെ പാഠം. ഖുർആൻ പറയുന്നു: "അല്ലയോ ഗുണകാരികളെ നിഷ്കളങ്കതയെ ആസ്പദിച്ചതായിരിക്കേണ്ടുന്ന ദാനധർമ്മങ്ങളെ നിങ്ങൾ സഹായിച്ചവരെ ഉപകാരബാധ്യതയെക്കുറിച്ച് ഓർമ്മപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിങ്ങൾ നിഷ്ഫലമാക്കല്ല" (2:264). ഈ വചനത്തെ വ്യാഖ്യാനിച്ചു കൊണ്ടു വാഗ്ദത്ത മസീഹ് പറയുന്നു. ഉപകാരം ചെയ്കയാണെന്ന വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടു കൂടി ഏറ്റവുമടുത്ത ബന്ധുകൾക്കെന്ന പോലെ അന്യർക്ക് നന്മ ചെയ്യുകയാകുന്നു. അതായത് അമ്മ സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷ കൂടാതെ നന്മ ചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു. (ഇസ്ലാം മത തത്ത്വജ്ഞാനം)

മതങ്ങൾക്കതീതമായി മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലയ്ക്ക് ഒന്നാകുന്നു. ആ രീതിയിലുള്ള മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്താൻ മതങ്ങൾ മുന്നോട്ടു വരേണ്ടതുണ്ട്. റസൂൽ തിരുമേനി (സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ ഹൃദയസ്പൃക്കായ ഉപദേശവും അതായിരുന്നു. "ജനങ്ങളെ! നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദി പിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ് ആദമാകട്ടെ മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടു"

വികാരസാന്ദ്രമായ മതങ്ങൾക്ക് കാരുണ്യത്തിന്റെ മഹാപ്രവാഹങ്ങൾ സൃഷ്ടിക്കാനുള്ള കഴിവുണ്ട്. നമ്മുടെ ലക്ഷ്യങ്ങളുടെ ശുഷ്കത ഉറവിടങ്ങളുടെ ശുഷ്കതയെ ബാധിക്കുന്നു എന്നത് പ്രകൃതി നിയമമാണ്. കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ സ്വയമേവ പാൽ നിറയുന്നതു പോലെയാണത്. നമ്മുടെ ലക്ഷ്യങ്ങൾ വിശാലമായിരിക്കട്ടെ. മനുഷ്യതീരങ്ങളിലേക്ക് കുലം കുത്തിയൊഴുകുന്ന മഹാപ്രവാഹമായി മനുഷ്യ ഹൃദയങ്ങളിൽ നിന്നും കാരുണ്യവും അനുകമ്പയും പ്രവഹിക്കട്ടെ. ദാരിദ്ര്യവും പട്ടിണിയും, രോഗങ്ങളും ബാലമരണങ്ങളും യുദ്ധങ്ങളുമില്ലാത്ത സർവ്വമനുഷ്യർക്കും സന്തോഷത്തോടെ വാഴുന്ന സ്വർഗ്ഗീയ ലോകം ഭൂമിയിൽ തന്നെ പണിയാൻ മതങ്ങൾക്ക് കെൽപുണ്ട്. അതിനായി ഇൻസാനിയത്ത് സിന്ദാബാദ് എന്ന മുദ്രാവാക്യം നാം ഉയർത്തുക. ഖുർആൻ പറയുന്നു:

"ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല. " (13:12)

■

# പ്രാർത്ഥനയും പ്രകൃതി നിയമവും

മഹ്മൂദ്, കൽക്കുളം

## പ്രാർത്ഥനക്ക് പ്രതികരണങ്ങളുണ്ടാവുന്നു എന്നത് അനിഷേധ്യമായ യാഥാർത്ഥ്യമാണ്.

ജനിച്ചു വീഴുന്ന കുഞ്ഞിന്റെ കരച്ചിലിനും മാതാവിന്റെ കുചത്തിൽ ക്ഷീരം ചുരത്തുന്നതിലും തമ്മിൽ അദൃശ്യമായ ഒരു ബന്ധമുണ്ട്. ശിശുവിന്റെ രോദന ഭേദമനുസരിച്ച് മാതൃസ്തനത്തിൽ ക്ഷീരം തീക്ഷ്ണമായിചുരത്തപ്പെടുന്നു. ആ ക്ഷീരമാണ് ശിശുവിന്റെ ജീവന്ന് പോഷണമായിവർത്തിക്കുന്നത്. ബാഹ്യഗാത്രത്തിന്റെ വളർച്ചക്കും വികാസത്തിനും അത് അനുപേക്ഷണീയമാകുന്നു. പ്രകൃതി നിയമ പ്രതിഭാസങ്ങളിൽപ്പെട്ട ഈ യാഥാർത്ഥ്യവും പ്രാർത്ഥനയുടെ അന്ത:സ്സാരവും തമ്മിൽ തദ്വിതമായ സാമ്യമാണുള്ളത്. അത്യധികം മനോവേദന നിറഞ്ഞ പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ കാരുണ്യത്തെ (റഹീമിയ്യത്ത്) ആകർഷിച്ചെടുക്കാൻ മനുഷ്യന് സാധിക്കുന്നു. അഥവാ വികാരഭരിതമായ കേണപേക്ഷയാണ് ദൈവത്തിന്റെ 'സിഫത്തെ റഹീമിയ്യത്ത്' മനുഷ്യന്ന് വേണ്ടി വെളിപ്പെടുന്നതിനുള്ള വഴിയൊരുക്കുന്നത്. "പറയുക: നിശ്ചയമായും എല്ലാ അനുഗ്രഹവും അല്ലാഹുവിന്റെ കയ്യിലാണ്. താനുദ്ദേശിക്കുന്നവർക്ക് അവൻ അത് നൽകുന്നു. അല്ലാഹു ഔദാര്യത്തിൽ വളരെ വിശാലതയുള്ളവനും എല്ലാ കാര്യങ്ങളും അറിയുന്നവനുമാകുന്നു. തന്റെ കാരുണ്യം താനുദ്ദേശിക്കുന്നവർക്ക് അവൻ പ്രത്യേകമായി നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനാകുന്നു. (വി. ഖു. 3:74-75). "പറയുക, ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നൽകുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെ കുറച്ചുമാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ" (വി. ഖു. 27:63). മനുഷ്യജീവന് അടിത്തറയിട്ടതിൽ കരച്ചിലിന്റെ പങ്ക് അനിഷേധ്യമാണെന്നതുപോലെ, മനുഷ്യാത്മാവിന് ചേതനയും പോഷണവും നൽകുന്നത് ദൈവസവിധത്തിലെ വിലാപം നിമിത്തം സംജാതമാകുന്ന ദൈവിക കാരുണ്യമാകുന്നു. അതുകൊണ്ടാണ്, പ്രാർത്ഥിക്കുന്നവനും അല്ലാത്തവനും തമ്മിലുള്ള അന്തരം ജീവിച്ചിരിക്കുന്നവനും മരിച്ചവനും തമ്മിലേത് പോലെയാണെന്ന് നബി (സ) തിരുമേനി അരുളിയത്. വാഗ്ദത്ത മസീഹ് (അ) ഇതു സംബന്ധമായി വിവരിക്കുന്നു: "പ്രാർത്ഥിക്കുകയെന്നത് അല്ലാഹുവിന്റെ പ്രകൃതി നിയമമനുസരിച്ചുള്ളതാണ്. ഉദാഹരണത്തിന്, കുട്ടി കരയുകയും വിഷമം പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാതാവ് വളരെ അസ്വസ്ഥയായി മുല കൊടുക്കുന്നത് നാം കണ്ടുവരുന്നു. സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ ഈ രിതീയിലുള്ള ഒരു ബന്ധമുണ്ട്. അത് മനസ്സിലാക്കാൻ എല്ലാവർക്കും സാധ്യമല്ല. മനുഷ്യൻ, അല്ലാഹുവിന്റെ സവിധത്തിൽ വീഴുകയും വളരെ വിനയത്തോടും ഭയഭക്തിയോടും കൂടെ അവന്റെ തിരുമുമ്പിൽ തന്റെ അവസ്ഥ സമർപ്പിക്കുകയും അവനിൽ നിന്ന് തന്റെ ആവശ്യം തേടുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ ദയാബോധം വിജൃംഭിക്കുകയും ഭക്തദാസന്റെ മേൽ കരുണ ചൊരിയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹാശിസ്സാകുന്ന പാല് ഒരു കരച്ചിൽ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവന്റെ തിരുമുമ്പിൽ കണ്ണീർ വാർക്കുന്ന നയനം സമർപ്പിക്കേണ്ടതാണ്" (മൽഫൂസാത്ത്)

### പ്രാർത്ഥന - നൈസർഗിക പ്രേരക ശക്തി

മനുഷ്യനിൽ നൈസർഗികമായി തന്നെ അന്തർലീനമായിക്കിടക്കുന്ന പ്രേരക ശക്തിയാണ് പ്രാർത്ഥന. ശിശു പ്രകൃതിയിൽ മാതാവിന്റെ നേർക്ക് പ്രകടമാക്കുന്ന വിലാപം വാസ്തവത്തിൽ ഈ പ്രേരക ശക്തിയുടെ ഭാഗമാകുന്നു. പ്രാർത്ഥനയുടെ നിഷേധകർക്ക് പോലും ഈ യാഥാർത്ഥ്യത്തെ അംഗീകരിക്കാതെ നിർവ്വാഹമില്ല. സത്യവിശ്വാസികൾ ശരിയായ ദിശയിലും രൂപത്തിലും ഈ പ്രേരക ശക്തിയെ സദാ നിലനിർത്തികൊണ്ടിരിക്കുകയും യഥാർത്ഥ സൃഷ്ടികർത്താവിന്റെ സവിധത്തിൽ വീണുകൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. ' നിന്നും ഇരുന്നും പാർശ്വങ്ങളിൽ ശയിച്ചും ദൈവത്തെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമിയുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരാണിവർ. ഞങ്ങളുടെ നാഥാ ഇതെല്ലാം നീ വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്. അത്തരം നിഷ്പ്രയോജനമായ പ്രവൃത്തികളിൽ നിന്ന് നീ എത്രയും

പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ എന്നവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു". (വി. ഖു. 3:192, 193)

ഒരു മഹദ് ശക്തിയുമായി തങ്ങളുടെ അസ്തിത്വത്തെ ബന്ധിപ്പിച്ചു നിർത്താതെ രക്ഷയില്ലെന്നു മനുഷ്യമനസ്സാക്ഷി തന്നെ സാക്ഷ്യം നൽകുന്നുണ്ട്. ദൈവനിഷേധികളാണെങ്കിൽ പോലും അവരുടെ ഹൃദയാന്തരങ്ങളിൽ തന്റെ രക്ഷകനായിട്ടാരോ ഉണ്ട് എന്ന ബോധം നിഗൂഢമായി സ്ഥിതി ചെയ്യുന്നുണ്ട്. ആപത്തിന്റെ ഭീതിദമായ മുഖം മുന്നിൽ കാണുമ്പോൾ അവരത് വെളിപ്പെടുത്തുക തന്നെ ചെയ്യുന്നു. വിശുദ്ധഖുർആൻ പറയുകയാണ്." അവനത്രെ നിങ്ങളെ കരയിലും കടലിലും സഞ്ചരിപ്പിക്കുന്നവൻ. അങ്ങനെ നിങ്ങൾ കപ്പലുകളിൽ ആയിരിക്കുകയും ആ കപ്പലുകൾ അവരേയും കൊണ്ട് നല്ല കാറ്റോടുകൂടി സഞ്ചരിക്കുകയും അവരതിൽ സന്തുഷ്ടരാകുകയും ചെയ്യുമ്പോൾ ആ കപ്പലിനെ ഒരു കൊടുങ്കാറ്റ് ബാധിക്കുകയും നാനാ ഭാഗത്തു നിന്നും തിരമാലകൾ അവർക്ക് നേരെ വന്നെത്തുകയും തങ്ങൾ നശിക്കാറായി എന്നവർക്ക് തോന്നുകയും ചെയ്യുന്നു. അപ്പോൾ അവർ അല്ലാഹുവിന് മാത്രം കീഴ്‌വണക്കം അർപ്പിച്ചുകൊണ്ട് അവനോട് പ്രാർത്ഥിക്കുന്നു. ഇതിൽ നിന്ന് നീ ഞങ്ങളെ രക്ഷപ്പെടുത്തുന്നതായാൽ ഞങ്ങൾ തീർച്ചയായും നിന്നോട് നന്ദിയുള്ളവരിൽപ്പെട്ടവരായിരിക്കും" (10:23). മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന സർവ്വാധിനാഥനെക്കുറിച്ചുള്ള ബോധ ശക്തി എന്തായാലും സന്നിഗ്ധഘട്ടങ്ങൾ സംജാതമാകുമ്പോൾ വെളിപ്പെടാതിരിക്കുന്നില്ലെന്ന സത്യത്തെയാണ് മേൽ ഖുർആനിക സൂക്തത്തിൽ അനാവരണം ചെയ്തിരിക്കുന്നത്.

## ദൈവസാക്ഷാൽക്കാരം പ്രാർത്ഥനയിലൂടെ

ദൈവവുമായി അടുക്കാനും സമ്പർക്കം പുലർത്താനും സാധിക്കുമാറാകുന്നത് ആത്മാർത്ഥവും നിഷ്കളങ്കവുമായ പ്രാർത്ഥനയിലൂടെയാണ്. അത്യധികം മനോവേദന നിറഞ്ഞ പ്രാർത്ഥനയാണ് സൃഷ്ടിയെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്നത്. 'നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവീൻ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം.' ഭയത്തോടും പ്രത്യാശയോടും കൂടി നിങ്ങൾ പ്രാർത്ഥിക്കുവിൻ' എന്നിങ്ങനെയുള്ളവാക്യങ്ങൾ വിശുദ്ധഖുർആനിൽ കാണാം. പ്രാർത്ഥിക്കാത്തവരെ ദൈവം വില കല്പിക്കുന്നതല്ലെന്നും ഖുർആൻ പറയുന്നു. (അൽഫുർഖാൻ 78) തന്റെ നിരവധി കേണപേക്ഷകൾ ദൈവ സവിധത്തിൽ സ്വീകരിക്കപ്പെട്ടതിന് സാക്ഷിയായ വാഗ്ദത്ത മസീഹ് (അ) പറയുകയാണ്.''പ്രാർത്ഥന നിരർത്ഥകവും അയുക്തികവുമായ കാര്യമാണെന്ന് അവിവേകികൾ കരുതുന്നു. എന്നാൽ പ്രാർത്ഥന കൊണ്ടുമാത്രമാണ് പ്രതാപവാനായ അല്ലാഹു തന്നെ അന്വേഷിക്കുന്നവരുടെ മേൽ തന്റെ ശ്രോതസ്സ് വെളിപ്പെടുത്തുന്നതെന്നും 'അനൽഖാദിർ' എന്ന ബോധനം അവരുടെ ഹൃദയങ്ങളിലിടുന്നതെന്നും അവരറിയുന്നില്ല." (മൽഫൂസാത്ത്)

## പരീക്ഷണത്തിന്റെ അതിജീവനം

എന്തുതന്നെ വിഷമഘട്ടങ്ങളുണ്ടായാലും ദൈവ മാർഗ്ഗത്തിൽ അടിയുറച്ചു നിൽക്കുകയും തളരാതെ പ്രാർത്ഥിക്കുകയും ചെയ്യുന്നവർ മാത്രമേ പ്രാർത്ഥന മുഖേന നിശ്ചയിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളൂ. സന്നിഗ്ധാവസരങ്ങളിൽ സ്ഥിരപാദനായി നിലകൊള്ളുന്ന ഭക്തദാസനെ ദൈവം ഇഷ്ടപ്പെടുന്നു. ദൈവത്തിൽ വിശ്വാസമർപ്പിച്ച്, സ്ഥിര ചിത്തരായി അവന്റെ മാർഗ്ഗത്തിൽ നിലകൊള്ളുന്നവരുടെ മേൽ മലക്കുകൾ സാന്ത്വന വചനങ്ങളുമായി ഇറങ്ങുന്നതാണെന്നും (ഹാമീം സജദ-31) അല്ലാഹു സഹനം കൈകൊള്ളുന്നവരോടൊപ്പമാണെന്നും (അൽബഖറ-154) വിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്. പരീക്ഷണങ്ങളെ അതിജയിക്കുമ്പോഴാണ് മനസ്സുകൾ പരിപക്വമാകുന്നത്. മനുഷ്യൻ പൊതുവെ സ്വാർത്ഥപരമായ താല്പര്യങ്ങൾക്ക് വിധേയനാണ്. ഇന്നത് നിറവേറ്റപ്പെടണം ഇന്നത് ലഭിക്കണം തുടങ്ങിയ രീതിയിലുള്ള സ്വന്തം ശരീരേച്ഛകളുടെ ആവശ്യങ്ങൾ പൂർത്തീയാവാതിരുന്നാൽ അവൻ അസ്വസ്ഥനാകുന്നു. ഈ അസ്വസ്ഥതയാണ് അവനെ അക്ഷമനാക്കിത്തീർക്കുന്നത്. അങ്ങേയറ്റം ക്ഷമ കൈക്കൊള്ളേണ്ട സാഹചര്യം സംജാതമാകുമ്പോൾ ദൈവിക ഇംഗീതത്തിന് വഴിപ്പെടാനും മുൻഗണന നൽകാനുമുള്ള അവസരവും ഉണ്ടാകുന്നു. തന്മൂലം മനുഷ്യന്റെ ആത്മീയ പുരോഗതിക്കുള്ള വഴി തുറക്കുമാറാകുന്നു. അഥവാ അല്ലാഹുവിന്റെ ഇംഗിതങ്ങൾക്കും താല്പര്യങ്ങൾക്കും അനുഗുണമായ നിലയിൽ, അതിൽ തൃപ്തിപ്പെടുന്ന നിലയിൽ മനസ്സ് പാകപ്പെടുന്നത് പരീക്ഷണങ്ങളെ അതിജയിക്കുമ്പോഴാണ്. പ്രകൃതി പ്രതിഭാസങ്ങളിലും ഇതിന് സമാനമായ ഉദാഹരണങ്ങൾ കാണാം. വിത്തിറക്കുന്ന കർഷകന് ഒരുപാട് ഘട്ടങ്ങൾ തരണം ചെയ്തതിനെ തുടർന്ന് മാത്രമേ വിളവുകൾ കൊയ്തെടുക്കാൻ സാധിക്കുകയുള്ളൂ. ഗർഭസ്ഥശിശു ഒട്ടേറെ പരിണാമങ്ങൾക്കും അവസ്ഥാന്തരങ്ങൾക്കും ശേഷമാണ് ഭൂമിയിൽ ജന്മമെടുക്കുന്നത്. വിവാഹിതനായ ഉടനെ കുട്ടിപിറക്കണമെന്ന് ശഠിക്കുന്നത് അജ്ഞതയും മൗഢ്യവുമാണ്. കാലമെത്താതെ ജനിക്കുന്ന കുഞ്ഞ് ചേതനയില്ലാത്തതോ ആതുരഗ്രസ്തനോ ആയിത്തീരുകയാണ് ചെയ്യുക. ഇതുപോലെ നിരന്തരമായ പരീക്ഷണങ്ങളുടെ അതിജീവനത്തെതുടർന്ന് പ്രാർത്ഥന സ്വീകരിക്കപ്പെടുമ്പോഴാണ് ആത്മീയമായ തകരാറുകളിൽ നിന്നും മനുഷ്യൻ പൂർണ്ണമായും മുക്തനാകുന്നത്.

## പ്രാർത്ഥനയുടെ അനുഗ്രഹ ഫലങ്ങൾ

നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ ദൈവം നിങ്ങളെ വില കല്പിക്കുന്നതല്ലെന്ന് വിശുദ്ധഖുർആൻ പറയുന്നു. ലൗകീകതയുടെ പച്ചപ്പിൽ മയങ്ങിപ്പോയ ഒരാളുടെയും അല്ലാഹുവിൽ സ്വീകാര്യത ലഭിച്ച മറ്റൊരാളുടെയും അവസ്ഥ വാഗ്ദത്ത മസീഹ് (അ) ഉപമിച്ചു പറഞ്ഞത് ശ്രദ്ധേയമാണ്. " ലൗകി

കതയിൽ മുഴുകിയവൻ അങ്ങേയറ്റം അപകർഷതയുള്ളവനാണ്. ഒരു മന്ത്രിയോ കലക്ടറോ അവന് കൂട്ടായി ട്ടുണ്ടെങ്കിൽ അതിന്റെ പത്രാസും പറഞ്ഞ് അവൻ മേനി നടിച്ച് നടക്കുന്നു. എന്നാൽ മുഴുവൻ അണ്ഡകടാഹങ്ങളുടെയും സ്രഷ്ടാവും നിയന്താവുമായ സർവ്വേശ്വരൻ ഒരാളെ വില മതിക്കുകയും അയാളുടെ കൂട്ടുകാരനായി മാറുകയും ചെയ്യുന്നത് എത്രമേൽ അനുഗ്രഹമല്ല. "ചുരുക്കത്തിൽ ദൈവ സവിധത്തിൽ സ്വീകാര്യത ലഭിക്കുകയും അവൻ വിലമതിക്കുകയും ചെയ്യുന്നു എന്നതാണ് പ്രാർത്ഥനയുടെ പ്രഥമവും പ്രധാനവുമായ അനുഗ്രഹം.

രണ്ട്: ദാസന്റെ അർത്ഥനകൾ ദൈവ സമക്ഷം സ്വീകരിക്കപ്പെടുമ്പോൾ ദൈവം തനിക്കുവേണ്ടി സവിശേഷ വിധി വെളിപ്പെടുത്തിയിരിക്കുകയാണെന്ന ബോധം ദാസനിൽ സംജാതമാകുന്നു. തന്നിമിത്തം ദൈവവുമായി പുതിയ രൂപത്തിലുള്ള ബന്ധം സ്ഥാപിക്കുവാനും അവന്റെ മഹത്വത്തെ കുറിച്ച് അടുത്തറിയാനും സാധിക്കുമാറാകുന്നു.

മൂന്ന്: ദാസന്റെ താല്ക്കാലികമായ ആവശ്യങ്ങൾ പൂർത്തിയാക്കുക മാത്രമല്ല പ്രാർത്ഥനാ സ്വീകാര്യതയുടെ ഉദ്ദേശ്യം. പ്രാർത്ഥനയുടെ ഫല സിദ്ധികൾ പരിമിതമായ വൃത്തത്തിലൊതുക്കാവുന്നതല്ല. നാം കാംക്ഷിക്കുന്നതുപോലെ ഫലമുണ്ടായില്ലെങ്കിലും നമ്മുടെ കണക്കുകൂട്ടലുകൾക്കുപരിയായ നിലയിൽ അതിന്റെ സ്വീകാര്യത സംഭവിക്കാവുന്നതാണ്. ദൈവസാക്ഷാൽക്കാരമാണ് മനുഷ്യ സൃഷ്ടിപ്പിന്റെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യം യാഥാർത്ഥ്യമാകുന്നത് പ്രാർത്ഥനയിലൂടെയാണ്. അതിനാൽ നിസ്സാരഫലപ്രാപ്തിയുണ്ടായില്ലെങ്കിലും പ്രാർത്ഥന മുഖേന അല്ലാഹു മനുഷ്യനെ അവനിലേക്കടുപ്പിക്കുന്നു എന്ന ഏറ്റവും വലിയ ലക്ഷ്യം സഫലമായികൊണ്ടിരിക്കുന്നു.

നാല്: മനുഷ്യന്റെ അർത്ഥനകൾ അവന്റെ കർമ്മപുസ്തകത്തിൽ എഴുതപ്പെടുന്നു എന്നുള്ളതാണ്. ഓരോ പ്രവൃത്തിക്കും പെട്ടെന്നു വെളിപ്പെടുന്നതും ഭാവിയിൽ വെളിപ്പെടുന്നതുമായ രണ്ട് തരം ഫലങ്ങളുള്ളതായി കാണാം. ഉദാഹരണത്തിന്, ഒരു വിദ്യാർത്ഥി വളരെ പ്രയാസപ്പെട്ട് പഠിക്കുന്നു. പഠിക്കുന്നതിന്റെ ഫലമായി അവൻ പരീക്ഷയിൽ വിജയിക്കുന്നു. ഭാവിയിൽ അതവന്റെ ഗുണത്തിന് നിമിത്തമാകുകയും ചെയ്യുന്നു. പ്രാർത്ഥനാ സ്വീകാര്യതയെ സംബന്ധിച്ചുള്ള നിയമവും ഏകദേശം ഇതുപോലെയാണ്. പ്രാർത്ഥനയുടെ ഫലങ്ങൾ മൂന്ന് വിധത്തിൽ പ്രകടമാകുന്നതാണെന്ന് നബി (സ) തിരുമേനി അരുളുകയുണ്ടായി. "ഈ ലോകത്ത് വെച്ച് അതേ രൂപത്തിൽ തന്നെ സ്വീകരിക്കപ്പെടുന്നു. അല്ലെങ്കിൽ, പ്രാർത്ഥിക്കുന്നവന് പരലോകത്തേക്കുള്ള ഒരു സമ്പാദ്യമെന്നോണം അതിന്റെ ഫലം ലഭിക്കുന്നു അല്ലെങ്കിൽ പ്രാർത്ഥന സ്വീകരിക്കുന്നത് ദൈവിക നിയമങ്ങൾക്കും ഇച്ഛകൾക്കും വിരുദ്ധമായതാണെങ്കിൽ പ്രാർത്ഥിക്കുന്നവന്റെ ആവശ്യത്തോട് താദാത്മ്യം പുലർത്തുന്ന മറ്റു പ്രയാസങ്ങളോ തിന്മയോ ദൂരീകരിക്കപ്പെടുന്നു" ഇപ്പറഞ്ഞ ഏതെങ്കിലും വിധത്തിൽ പ്രാർ ത്ഥനയുടെ സ്വീകാര്യത സംഭവിക്കുന്നു. എന്നാൽ പ്രാർത്ഥനയിൽ സ്ഥിരചിത്തരായിരിക്കേണ്ടതും ക്ഷമ കൈക്കൊള്ളേണ്ടതും നിബന്ധനയാണ്.

## ദൈവം സർവ്വജ്ഞൻ

മനുഷ്യൻ പ്രത്യക്ഷത്തിൽ തനിക്ക് ഗുണകരമായി കാണുന്ന ഒരു കാര്യമായിരിക്കും അവന്റെ ദോഷത്തിന് നിമിത്തമായിത്തീരുന്നത്. "ഒരു കാര്യം നിങ്ങൾക്ക് ഗുണകരമായിരിക്കെ നിങ്ങളത് വെറുത്തെന്ന് വരാം. ഒരു കാര്യം നിങ്ങൾക്ക് ദോഷകരമായിരിക്കെ അത് നിങ്ങൾ ഇഷ്ടപ്പെട്ടെന്നും വരാം. അല്ലാഹു എല്ലാം അറിയുന്നു. നിങ്ങൾ അറിയുന്നില്ല." (വി. ഖു. 2:217) ദൈവം സർവ്വജ്ഞനാകുന്നു. തന്റെ ദാസന് ഗുണവും പ്രയോജനവും ഉണ്ടാകുന്നത് ഏതു കാര്യത്തിലാണെന്ന് അന്തിമമായി അറിയുന്നവൻ അവൻ മാത്രമാണ്. വിശുദ്ധ ഖുർആനിൽ 'സമീഅ്' എന്ന അവന്റെ ഗുണനാമത്തോടൊപ്പം 'അലീം' എന്ന അവന്റെ ഗുണത്തെയും ചേർത്തു പറഞ്ഞിട്ടുണ്ട്. അവൻ തന്റെ ദാസരുടെ പ്രാർത്ഥനകൾ കേൾക്കുന്നവനും അതോടൊപ്പം അവരുടെ അവസ്ഥകൾ നന്നായി അറിയുന്നവനുമാകുന്നു. അതിനാൽ അവർക്ക് എല്ലാ തരത്തിലും ഗുണകരമായിത്തീരുന്ന രൂപത്തിലായിരിക്കും അല്ലാഹുവിന്റെ വിധിയുണ്ടാകുക. ചുരുക്കത്തിൽ പ്രാർത്ഥനയുടെ മാനദണ്ഡങ്ങളും തത്വങ്ങളും മനസ്സിലാക്കിക്കൊണ്ട് ഈ മാർഗ്ഗം ജീവിതത്തിന്റെ ഭാഗമാക്കുന്നവർ മഹാഭാഗ്യവാന്മാരാകുന്നു. ഇതുസംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) ന്റെ വിശദീകരണത്തിൽ നിന്ന് ഒരു ഭാഗം ഇവിടെ ചേർക്കുന്നു: "പ്രാർത്ഥനയിൽ തളർച്ച പറ്റാത്ത തടവുപുള്ളി അനുഗ്രഹിക്കപ്പെട്ടവനത്രെ. എന്തെന്നാൽ ഒരുനാൾ അയാൾ മോചനം പ്രാപിക്കുന്നു. ദുആകളിൽ ആലസ്യം കാട്ടാത്ത അന്ധനും അനുഗ്രഹീതനാകുന്നു. എന്തെന്നാൽ ഒരുനാൾ അയാൾക്ക് കാഴ്ച ലഭിക്കുമാറാകുന്നു. കബറുകളിലായിരിക്കെ ദൈവസഹായം കാംക്ഷിക്കുന്നവർ അനുഗൃഹീതരാകുന്നു. എന്തെന്നാൽ ഒരുനാൾ കബറുകളിൽ നിന്ന് പുറത്തുവരുമാറാകുന്നു....ചുരുക്കത്തിൽ ഒരുപിടി മണ്ണിനെ പൊൻകട്ടയാക്കുന്ന രാസപ്രക്രിയയത്രെ 'ദുആ' അഥവാ പ്രാർത്ഥന. അത് ആന്തരീക മാലിന്യങ്ങളെയെല്ലാം കഴുകിക്കളയുന്ന ഒരു തരം വെള്ളമാകുന്നു..... പ്രാർത്ഥനകൾക്ക് സംശയം വിനാ ഫലസിദ്ധിയുണ്ട്. ശവപ്രായങ്ങൾക്ക് ജീവൻ വെക്കുന്നുവെങ്കിൽ അത് പ്രാർത്ഥനയിലൂടെ. ബന്ധനസ്ഥർക്ക് മോചനം പ്രാപിക്കുവാൻ സാധിക്കുന്നുവെങ്കിൽ അതു പ്രാർത്ഥനയിലൂടെ. മ്ലേച്ഛർ പവിത്രീകരിക്കപ്പെടുന്നുവെങ്കിൽ അതു പ്രാർത്ഥനയിലൂടെ. എന്നാൽ പ്രാർത്ഥിക്കുന്നതും മരിക്കുന്നതും വളരെ അടുത്തടുത്തുള്ള കാര്യങ്ങളത്രെ." (ലക്ച്ചർ സിയാൽക്കോട്ട്)

**നക്ഷത്ര പരിണാമങ്ങൾ**

സൂര്യൻ ചുരുട്ടിമടക്കപ്പെടുമ്പോൾ.
നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ.
പർവ്വതങ്ങൾ ചലിപ്പിക്കപ്പെടുമ്പോൾ.

**വിശുദ്ധഖുർആൻ (81:1-3)**

‘നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ’ (വി. ഖുർആൻ)

# വിശുദ്ധഖുർആനും നക്ഷത്ര വിജ്ഞാനീയവും

എം. അലി വെള്ളയിൽ

## ആധുനിക ശാസ്ത്രത്തിന്റെ വിഷയമായ നക്ഷത്ര വിജ്ഞാനീയത്തെപ്പറ്റി അത്ഭുതകരമായ ശാസ്ത്രീയ കണിശതയോടെ ഖുർആൻ നടത്തുന്ന പരാമർശങ്ങളെപ്പറ്റി

ആകാശത്തിൽ ചിതറിക്കിടക്കുന്ന നക്ഷത്രങ്ങൾ എക്കാലവും മനുഷ്യനെ സ്വാധീനിച്ചിട്ടുണ്ട്. മിന്നാമിനുങ്ങുകളെപ്പോലെ മിന്നിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളാണ് രാത്രിയിലെ ആകാശത്തിന്റെ സൗന്ദര്യം. പ്രപഞ്ചത്തിൽ നിലനിൽക്കുന്ന ഖഗോള വസ്തുക്കളിൽ ഏറ്റവുമധികം തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണ് നക്ഷത്രം. മരിച്ചുപോയ മഹാത്മാക്കളാണ് നക്ഷത്രങ്ങളെന്ന് മനുഷ്യൻ ഒരു കാലത്തു വിശ്വസിച്ചിട്ടുണ്ട്. മനുഷ്യൻ വളരെ പുരാതന കാലം മുതൽ തന്നെ നക്ഷത്രങ്ങളെസ്സംബന്ധിച്ചു പഠനം ആരംഭിച്ചിട്ടുണ്ട്. പുരാതന ബാബിലോണിയക്കാർ ജ്യോതിശ്ശാസ്ത്രപഠനം നടത്തുകയും ഒരു കലണ്ടർ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രീക്ക് ജ്യോതിശ്ശാസ്ത്രത്തിന്റെ നക്ഷത്ര വിജ്ഞാനീയത്തിന് അടിത്തറ പാകിയത് ബാബിലോണിയൻ നക്ഷത്ര വിജ്ഞാനീയമായിരുന്നു. പുരാതന ബാബിലോണിയക്കാർ വിശ്വസിച്ചത് സമുദ്രത്തിനു മുകളിൽ കമിഴ്ത്തി വെച്ച ഒരു പാത്രം പോലെയാണ് ആകാശം എന്നാണ്. ആ കമിഴ്ത്തി വെച്ച പാത്രത്തിന്റെ മുകൾപ്പരപ്പിൽ പതിപ്പിച്ച രത്നങ്ങളാണ് നക്ഷത്രങ്ങളെന്നവർ വിശ്വസിച്ചു.

വിശുദ്ധ ഖുർആൻ അവതരിക്കുന്നതിനു മുമ്പുണ്ടായിരുന്ന നക്ഷത്ര വിജ്ഞാനങ്ങൾ യഥാർത്ഥത്തിൽ നക്ഷത്രങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയായിരുന്നു വിളംബരം ചെയ്തിരുന്നത്. ഗ്രീക്ക് ജ്യോതിശ്ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായത്തിൽ സ്ഫടിക സമാനമായ ഒരു ഗോളമാണ് പ്രപഞ്ചം. അതിന്റെ മുകൾപ്പരപ്പിൽ പിടിപ്പിച്ചിരിക്കുകയാണ് നക്ഷത്രങ്ങളെന്നവർ വിശ്വസിച്ചു. നക്ഷത്രങ്ങളുടെ സ്വർഗ്ഗലോകത്ത് യാതൊരു മാറ്റവും സംഭവ്യമല്ലെന്നും അവർ വിശ്വസിച്ചു. കൂടാതെ മനുഷ്യന്റെ സൗന്ദര്യബോധം വർദ്ധിപ്പിക്കുവാൻ ദൈവം ചെയ്ത ഒരു ഏർപ്പാടാണിതെന്നും അവർ വാദിച്ചു.

പതിനാറാം നൂറ്റാണ്ടു വരെ ലോകത്തെ ഒരു ദുർഭൂതം കണക്കെ കീഴ്പ്പെടുത്തിയിരുന്ന നക്ഷത്ര വിജ്ഞാനീയം ഗ്രീക്ക് ദാർശനികനായിരുന്ന അരിസ്റ്റോട്ടലിന്റേയും, ക്ലാഡിയസ് ടോളമിയുടെതുമായിരുന്നു. ചന്ദ്രനു മുകളിലുള്ള സ്വർഗ്ഗലോകത്തിൽ യാതൊരു മാറ്റവും സംഭവ്യമല്ല. പുതിയ സംഭവങ്ങളുണ്ടാകുന്നത് സൂര്യന് താഴെയാണ്. അരിസ്റ്റോട്ടിലാണ് ഈ ദർശനങ്ങളുടെ പിതാവ്. യാഥാർത്ഥ്യത്തിന്റെ കപടവേഷം ധരിച്ച ഈ ആശയങ്ങൾ നൂറ്റാണ്ടുകളോളം മാനവരാശിയുടെ വൈജ്ഞാനിക മണ്ഡലത്തിലെ ലക്ഷ്മണരേഖയായി വർത്തിച്ചു. അരിസ്റ്റോട്ടിൽ വിടപറഞ്ഞിട്ട് ആയിരത്തിലേറെ വർഷം കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ ആശയങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്ന യാതൊരു സംഭവവും ശാസ്ത്രലോകത്തുണ്ടായില്ല. അരിസ്റ്റോട്ടലിന്റെ പ്രാപഞ്ചിക ആശയങ്ങളെല്ലാം തെറ്റാണെന്ന് ഫ്രാൻസിസ് ബേക്കണെന്ന ഇംഗ്ലീഷ് ദാർശനികൻ വീരവാദം മുഴക്കുന്നതുപോലും പതിനാറാം നൂറ്റാണ്ടിലാണ്.

ഗ്രീക്ക് ജ്യോതിശ്ശാസ്ത്രത്തിന്റെ നക്ഷത്ര വിജ്ഞാനത്തിൽ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടിരുന്ന ഒരേ ഒരു വസ്തുത നക്ഷത്രപ്പട്ടികയായിരുന്നു. വൈജ്ഞാനിക ലോകത്ത് നൂറ്റാണ്ടുകളോളം സ്വാധീനം ചെലുത്തിയിരുന്നത് ടോളമിയുടെ നക്ഷത്ര കാറ്റ്ലോഗായിരുന്നു. 1028 നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ രേഖപ്പെടുത്തിയ ഇദ്ദേഹത്തിന്റെ നക്ഷത്രപ്പട്ടികയ്ക്കാണ് വ്യാപകമായ പ്രചാരം സിദ്ധിച്ചത്. പുരാതന യവന ജ്യോതിശ്ശാസ്ത്രജ്ഞനായിരുന്ന

ഹിപ്പാർക്കസിന്റെ നക്ഷത്രപ്പട്ടികയെ അടിസ്ഥാനമാക്കിയായിരുന്നു ടോളമി നക്ഷത്രപ്പട്ടിക നിർമ്മിച്ചത്.

വിശുദ്ധഖുർആൻ അവതരിക്കുന്നതിനു ശേഷം 16-ാം നൂറ്റാണ്ടു വരെയും നിലനിന്നിരുന്ന നക്ഷത്രപഠനങ്ങളെല്ലാം നക്ഷത്രങ്ങളുടെ സ്ഥാന നിർണ്ണയത്തെ മാത്രം അടിസ്ഥാനമാക്കിയുള്ളതായിരുന്നു. എന്നാൽ വിശുദ്ധ ഖുർആൻ മാനവരാശിയോടു പ്രഖ്യാപിച്ച നക്ഷത്ര വിജ്ഞാനീയ രഹസ്യ (നക്ഷത്രങ്ങൾ പ്രകാശരഹിതമാകും, സൂര്യൻ ചുരുട്ടി മടക്കപ്പെടും, നക്ഷത്രങ്ങൾ ഉതിർന്നു വീഴും) ങ്ങളൊന്നും തന്നെ അറിയപ്പെടുന്ന ജ്യോതിശ്ശാസ്ത്ര ചരിത്രത്തിലെവിടെയും കണ്ടെത്താൻ സാധിച്ചിട്ടില്ല. മാത്രമല്ല, മനുഷ്യൻ ഇത്തരം ചിന്താധാരകളിൽ എത്തിച്ചേരുന്നതു തന്നെ ആത്മീയവും ഭൗതികവുമായ വിജ്ഞാനപ്രളയം സൃഷ്ടിക്കപ്പെട്ട ഇരുപതാം നൂറ്റാണ്ടിലാണ്.

മാറ്റമില്ലാത്ത നക്ഷത്ര ലോകം എന്ന ആശയത്തെ മാറ്റിമറിച്ച ഒരു സംഭവം 16-ാം നൂറ്റാണ്ടിലുണ്ടായി. അത് അക്കാലത്തുണ്ടായ ഒരു നക്ഷത്രസ്ഫോടനമായിരുന്നു. അതുകൂടാതെ ധൂമകേതു (comet) ക്കളുടെ പഠനത്തിൽ നിന്നു തന്നെ അരിസ്റ്റോട്ടലിന്റെ ദർശനം തെറ്റാണെന്ന് ടൈക്കോ ബ്രാഹെ തെളിയിച്ചു. ധൂമകേതുക്കളിലേക്കുള്ള ദൂരം വളരെ കൂടുതലായിരുന്നു. അത് ചന്ദ്രനുമുകളിലാണെന്നത് വളരെ വ്യക്തമായിരുന്നു. ക്രിസ്തീയ സഭ ഇൻക്യൂസിഷ്യനിലൂടെ ഉയർത്തിപ്പിടിച്ചിരുന്ന അരിസ്റ്റോട്ടലിന്റെ സ്വർഗ്ഗീയ സിദ്ധാന്തം തെറ്റാണെന്ന എല്ലാ നിഗമനാത്മക വസ്തുതകളെയും സ്ഥിരീകരിക്കുന്ന നി രീക്ഷണപരമായ ഒരു അനിഷേധ്യ ദൃ ഷ്ടാന്തമായിരുന്നു അക്കാലത്തെ നക്ഷത്ര സ്ഫോടനം.

നക്ഷത്രങ്ങൾ വിദൂരസ്ഥന്മാരായ സൂര്യൻമാരാണെന്ന് ആദ്യമായി പ്രഖ്യാപിച്ചത് 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗിയാർഡാനോ ബ്രൂണോ എന്ന ദാർശനികനായിരുന്നു. വി. ഖുർആന്റെ അവതരണത്തിനു ശേഷം അന്യഗ്രഹ ജീവികളെസ്സംബന്ധിച്ചു വിചിന്തനം ചെയ്ത

**വിശുദ്ധ ഖുർആൻ മാനവരാശിയോടു പ്രഖ്യാപിച്ച നക്ഷത്ര വിജ്ഞാനീയ രഹസ്യങ്ങളൊന്നും തന്നെ അറിയപ്പെടുന്ന ജ്യോതിശ്ശാസ്ത്ര ചരിത്രത്തിലെവിടെയും കണ്ടെത്താൻ സാധിച്ചിട്ടില്ല. മാത്രമല്ല, മനുഷ്യൻ ഇത്തരം ചിന്താധാരകളിൽ എത്തിച്ചേരുന്നതു തന്നെ ആത്മീയവും ഭൗതികവുമായ വിജ്ഞാനപ്രളയം സൃഷ്ടിക്കപ്പെട്ട ഇരുപതാം നൂറ്റാണ്ടിലാണ്.**

ദാർശനികനാണ് ബ്രൂണോ. ഭൂമിയെപ്പോലെ അനേകം ലോകങ്ങൾ പ്രപഞ്ചത്തിലുണ്ടാകാമെന്നദ്ദേഹം പ്രഖ്യാപിച്ചു. ക്രിസ്തീയ സഭ ഉയർത്തിപ്പിടിച്ചിരുന്ന അരിസ്റ്റോട്ടലിന്റെ പ്രാപഞ്ചിക ആശയങ്ങൾ അദ്ദേഹം ചോദ്യം ചെയ്യുകയും തെറ്റാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഇക്കാരണത്താൽ ഇദ്ദേഹത്തിന് ഇൻക്യൂസിഷ്യ (മതദ്രോഹ വിചാരണ) നിലൂടെ ഏഴുവർഷം തടങ്കൽ ശിക്ഷ അനുഭവിക്കേണ്ടിവന്നു. കൂടാതെ ഈ ദർശനങ്ങൾ ഉപേക്ഷിക്കാത്ത കാരണത്താൽ മതകീയ കോടതി അദ്ദേഹത്തെ ജീവനോടെ ചുട്ടുകൊന്നു. തത്വശാസ്ത്രചരിത്രത്തിൽ സോക്രട്ടീസിനെപ്പോലെ മറ്റൊരു ധീര രക്തസാക്ഷി, ആദർശങ്ങൾക്കു സ്വന്തം ജീവനേക്കാൾ മഹത്വമുണ്ടെന്ന് തെളിയിച്ച മഹാനായ ദാർശനികനായിരുന്നു ബ്രൂണോ.

17-ാം നൂറ്റാണ്ടിൽ എഡ്മണ്ട് ഹാലി എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ ഒരു നക്ഷത്ര കാറ്റ്ലോഗ് നിർമ്മിച്ചു. ഹാലിയുടെ നക്ഷത്രപ്പട്ടികക്ക് അടിസ്ഥാനമായിരുന്നത് ഹിപ്പാർക്കസിന്റേയും ക്ലാഡിയസ് ടോളമിയുടെയും നക്ഷത്രപ്പട്ടികകളായിരുന്നു. ടോളമി അടയാളപ്പെടുത്തിയിരുന്ന പല നക്ഷത്രങ്ങളും സ്ഥാനം തെറ്റിയതായി ഹാലി കണ്ടെത്തി. ടോളമിക്ക് നക്ഷത്രപ്പട്ടിക നിർമ്മാണത്തിൽ തെറ്റു പറ്റിയതായിരിക്കില്ല. മറിച്ച്, നൂറ്റാണ്ടുകളിലൂടെ ഉണ്ടായ നക്ഷത്രങ്ങളുടെ സ്ഥാനിക മാറ്റമായിരിക്കാം അതെന്ന് അദ്ദേഹം വിശ്വസിച്ചു. നക്ഷത്രങ്ങൾ ചലിക്കുന്നുണ്ടെന്ന നൂതനമായ വിജ്ഞാനത്തിനു അടിസ്ഥാനമായത് ടോളമിയുടെ നക്ഷത്ര പ്പട്ടികയായിരുന്നു. അതോടെ ചലനമില്ലാത്ത നക്ഷത്ര ലോകം എന്ന ആശയം തകർന്നു വീഴുകയും ചലിക്കുന്ന നക്ഷത്രങ്ങളുടെ പുതിയ നക്ഷത്ര ചരിത്രം ആരംഭിക്കുകയും ചെയ്തു.

നക്ഷത്രങ്ങളുടെ ജനനമരണങ്ങളെ സ്സംബന്ധിച്ച് ലോകത്താദ്യമായി ശാസ്ത്രീയ യുക്തിയുടെ അടിത്തറയിൽ ചിന്തിച്ച മനുഷ്യൻ സുബ്രഹ്മണ്യ ചന്ദ്രശേഖർ എന്ന ഭാരതീയനാണ്. പ്രതിഭാശാലിയായ ഇദ്ദേഹം ഇങ്ങനെ ഒരു ഉൾക്കാഴ്ചക്ക് ഉരുവം കൊടുക്കുന്നത് ഇരുപതാം നൂറ്റാണ്ടിലാണ്. നക്ഷത്രരഹസ്യങ്ങളെസ്സംബന്ധിക്കുന്ന വിപ്ലവാത്മകമായ വൈജ്ഞാനിക വസ്തുതകൾ വി. ഖുർആൻ പ്രഖ്യാപിക്കുന്നത് എപ്പോഴാണ്? മനുഷ്യൻ വൈജ്ഞാനിക തലത്തിൽ സാമൂഹ്യമായ ഒരു മരണം ഏറ്റുവാങ്ങിയ കാലഘട്ടത്തിലായിരുന്നു. മനുഷ്യന്റെ കരങ്ങൾ പ്രവർത്തിച്ചത് മൂലം കരയും കടലും, ഒരുപോലെ അധർമ്മത്താലും അജ്ഞാനത്താലും മലീമസമായിത്തീർന്ന ഒരന്തരീക്ഷത്തിലാണ്. ഈ അവസ്ഥയെ ചരിത്രകാരന്മാർ ഇരുണ്ട യുഗമെന്ന് വിശേഷിപ്പിക്കുന്നു.

നക്ഷത്രങ്ങൾ പ്രകാശിക്കുന്നത്

ആണവ പ്രവർത്തനത്തിന്റെ ഫലമായാണെന്ന് മനുഷ്യൻ മനസ്സിലാക്കുന്നത് ഇരുപതാം നൂറ്റാണ്ടിലാണ്. മൂലകങ്ങൾ സൃഷ്ടിക്കപ്പെടുന്നത് നക്ഷത്രങ്ങളിലും, നക്ഷത്രസ്ഫോടനങ്ങളിലുമാണ്. ഭൂമിയിൽ നിന്ന് നാം ഖനനം ചെയ്തെടുക്കുന്ന ഇരുമ്പ്, ചെമ്പ്, സ്വർണ്ണം എന്നിങ്ങനെ എല്ലാ മൂലകങ്ങളും ഭൂമിയിൽ ഉണ്ടായതല്ല. മൂലകങ്ങളെല്ലാം ഭൂമിയിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ടതാണ്. ഹൈഡ്രജൻ മൂലകത്തെ അസംസ്കൃത പദാർത്ഥമായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് നക്ഷത്രങ്ങൾ മൂലകങ്ങൾ പാചകം ചെയ്യുന്നത്. ഡ്യൂട്ടിരിയം മുതൽ ഇരുമ്പ്വരെയുള്ള മൂലകങ്ങളാണ് നക്ഷത്രങ്ങൾ നിർമ്മിക്കുന്നത്. ഇരുമ്പിനു ശേഷം വരുന്ന ഘനമൂലകങ്ങൾ നക്ഷത്ര സ്ഫോടനത്താലാണ് ഉണ്ടാകുന്നത്. സൗരയൂഥത്തിന്റെ ഉൽപ്പത്തിക്കുമുമ്പ് ഇവിടെ നിലനിന്നിരുന്ന ഒരു ഭീമൻ നക്ഷത്രത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ട മൂലകങ്ങളാണ് ഇന്ന് ഭൂമിയിലുള്ള ഇരുമ്പ് വരെയുള്ള മൂലകങ്ങൾ. ആ നക്ഷത്രത്തിന്റെ സ്ഫോടനത്തിൽ സൃഷ്ടിക്കപ്പെട്ടതാണ് സ്വർണ്ണം പോലുള്ള ഭാരമൂലകങ്ങൾ. വി. ഖുർആൻ ഈ രഹസ്യങ്ങൾ വ്യക്തമാക്കുന്നു. ഒരേസമയം രണ്ട് ആശയങ്ങളടങ്ങുന്ന ഒരു ദ്വയാർത്ഥ പ്രയോഗമാണ് ഖുർആൻ നടത്തുന്നത്.

"നാം ഇരുമ്പിനെ (നിങ്ങൾക്കൊരു അനുഗ്രഹമായി) ഇറക്കിത്തന്നിരിക്കുന്നു." (57:26)

ഇരുമ്പ് ഒരു അടിസ്ഥാന ലോഹമാണ്. ഇരുമ്പിനെക്കുറിച്ചു പറയുന്നത് എല്ലാ ലോഹങ്ങൾക്കും ബാധകവുമാണ്. ലോഹങ്ങളൊന്നും ഭൂമിയിൽ ഉണ്ടായതല്ലെന്നും അത് ഇറക്കുമതി ചെയ്യപ്പെട്ടതാണെന്ന് വ്യക്തമാകുന്നു. എന്നാൽ ലോഹങ്ങളെല്ലാം ഭൂമി ഉൽപ്പാദിപ്പിക്കുന്നതാണെന്ന് മനുഷ്യൻ ഈ അടുത്ത കാലം വരെ ധരിച്ചിരുന്നു. ഇബ്നുഖൽദൂന്റെ 'മുഖദ്ദിമ'യിൽ ഇതിനെക്കുറിച്ചു സുദീർഘമായ ഒരു ചർച്ചയുണ്ട്. അൽക്കെമി എന്ന അദ്ധ്യായത്തിലൊരു കപട ശാസ്ത്രം ചർച്ചക്കു വരുന്നുണ്ട്. അതായത് അടിസ്ഥാന ലോഹങ്ങളെ രാസപ്രവർത്തനത്തിലൂടെ സ്വർണ്ണവും വെള്ളിയുമാക്കി മാറ്റുന്ന ഒരു കപടശാസ്ത്രം. ഈ കപട ശാസ്ത്രത്തെ ഖൽദൂൻ ന്യായവാദങ്ങൾ നിരത്തി ഖണ്ഡിക്കുന്നത് തന്നെ സ്വർണ്ണത്തെയും വെള്ളിയേയും ഭൂമിയാണ് ഉൽപ്പാദിപ്പിക്കുന്നത് എന്ന ധാരണയിലാണ്. അക്കാലത്തെ ജ്ഞാനിമ (ഒരു കാലഘട്ടത്തിന്റെ മൊത്തം വിജ്ഞാനത്തിന്റെ രീതി ശാസ്ത്രത്തിനാണ് ജ്ഞാനിമം എന്നു പറയുന്നത്)ത്തിന്റെ അടിസ്ഥാനത്തിലാണ് ഖൽദൂൽ വാദിക്കുന്നത്. ഖൽദൂൻ പറയുന്നത് അടിസ്ഥാന ലോഹങ്ങളെ സ്വർണ്ണമാക്കി മാറ്റാൻ ഭൂമിക്ക് 1050 വർഷം വേണമെന്നാണ്.

> **മൂലകങ്ങൾ ഉൽപാദിപ്പിക്കുന്നത് ഭൂമിയല്ലെന്ന് തെളിയിക്കാൻ വി. ഖുർആൻ എന്തുകൊണ്ടാണ് ഇരുമ്പ് എന്ന മൂലകനാമം തന്നെ ഉപയോഗിച്ചത്? ഈ പരാമർശം ഭൗതിക ശാസ്ത്രത്തിൽ അവഗാഹമുള്ളവരെ വിസ്മയഭരിതരാക്കി മാറ്റും.**

മൂലകങ്ങൾ ഉൽപ്പാദിപ്പിക്കുന്നത് ഭൂമിയല്ലെന്ന് തെളിയിക്കാൻ വി. ഖുർആൻ എന്തുകൊണ്ടാണ് ഇരുമ്പ് എന്ന മൂലകനാമം തന്നെ ഉപയോഗിച്ചത്? ഈ പരാമർശം ഭൗതിക ശാസ്ത്രത്തിൽ അവഗാഹമുള്ളവരെ വിസ്മയഭരിതരാക്കി മാറ്റും. നൂറിലേറെ മൂലകങ്ങൾ മനുഷ്യൻ കണ്ടെത്തിയിട്ടുണ്ട്. അതിലേതു മൂലകനാമവും വിശുദ്ധഖുർആന് ഉപയോഗിക്കാമായിരുന്നു. എന്നാൽ ആ എല്ലാ നാമങ്ങളെയും വിശുദ്ധ ഖുർആൻ ഉപേക്ഷിച്ചുകൊണ്ട് ഇരുമ്പ് എന്ന മൂലകനാമം തന്നെ പരിഗണിച്ചതിൽ മഹത്തായ ഒരു പ്രപഞ്ച രഹസ്യം അടക്കം ചെയ്തിട്ടുണ്ട്. എന്തെന്നാൽ മൂലക നിർമ്മാണ പ്രക്രിയയിൽ ഇരുമ്പ് സുപ്രധാനമായ ഒരു അതിർത്തി നിർണ്ണയമാണ്. ആ സുപ്രധാനമായ രഹസ്യം വ്യക്തമാക്കാനാണ് ആ നാമം ഉപയോഗിച്ചതെന്നു വ്യക്തമാണ്. നക്ഷത്രങ്ങൾക്ക് ഇരുമ്പ് വരെയുള്ള മൂലകങ്ങളെ മാത്രമേ സൃഷ്ടിക്കാനാകയുള്ളൂ എന്നത് നക്ഷത്രങ്ങൾ വെളിപ്പെടുത്തിയ ഒരു പ്രകൃതി നിയമമാണ്. ഇരുമ്പിനു ശേഷം വരുന്ന ഘനമൂലകങ്ങൾ സൃഷ്ടിക്കാനാവശ്യമായ താപം ഉൽപ്പാദിപ്പിക്കുവാൻ ഒരു നക്ഷത്രത്തിനും സാദ്ധ്യമല്ല. ഇരുമ്പിനുശേഷം വരുന്ന ഭാരമൂലകങ്ങൾ നക്ഷത്ര സ്ഫോടനത്തിലാണ് ഉണ്ടാകുന്നത്.

ഇരുപതാം നൂറ്റാണ്ടിലെ വിപ്ലവാത്മകമായ ഒരു തിരിച്ചറിവാണ് നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമെന്നത്. എന്നാൽ ആയിരത്തി നാനൂറ് സംവൽസരങ്ങളായി കോടിക്കണക്കിന് മനുഷ്യർ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ പരശ്ശത കോടിക്കണക്കിന് തവണ യാഥാർഥ്യം അറിയാതെ പാരായണം ചെയ്ത ഒരു വചനമാണിത്. (വഇദൻ നുജുമുൽ ഖദറത്ത് – 'നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ') നക്ഷത്രങ്ങളുടെ ജനന മരണ ജീവചരിത്രം സുബ്രഹ്മണ്യ ചന്ദ്രശേഖർ പ്രഖ്യാപിച്ചപ്പോൾ പ്രതിഭാശാലികളായ ജ്യോതിശ്ശാസ്ത്രജ്ഞൻമാർക്കുപോലും ആദ്യം അതുൾക്കൊള്ളാൻ സാധിച്ചിരുന്നില്ല. എന്നാൽ വർത്തമാന കാലത്തിൽ നിരവധി നിരീക്ഷണപരമായ തെളിവുകളാൽ സ്ഥാപിതമായ ഒരു യാഥാർത്ഥ്യമാണിത്. എല്ലാ നക്ഷത്രങ്ങളും പ്രകാശിക്കുന്നത് ഹൈഡ്രജൻ മൂലകത്തെ ഇന്ധനമാക്കിയാണ്.

ഉയർന്ന എല്ലാ ചിന്താധാരകളെയും ഇൻക്യുസിഷ്യൻ മുഖേന പ്രതിരോധിച്ചു. ഭൗതിക ശാസ്ത്രം നൂറ്റാണ്ടുകളിലൂടെ ആർജ്ജിച്ചെടുത്ത നക്ഷത്ര വിജ്ഞാനങ്ങൾ വിശുദ്ധ ഖുർആനിലെ ആയത്തുകളെ സത്യാപനം ചെയ്യുമ്പോൾ ആത്മാവിൽ ആത്മീയാനന്ദം അലയടിച്ചുയരുന്നു.

നക്ഷത്ര വിജ്ഞാനീയത്തിൽ മനുഷ്യനു പ്രാഥമിക ധാരണകൾ രൂപപ്പെടുന്നതിന് വളരെ മുമ്പേ, ദൈവിക വചനമാണെന്നവകാശപ്പെടുന്ന വി. ഖുർആൻ നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമെന്ന പ്രാപഞ്ചിക യാഥാർത്ഥ്യം ഉൽഘോഷിച്ചു. വി. ഖുർആന്റെ ആഹ്വാനം ആ ഗ്രന്ഥത്തെ അംഗീകരിക്കാത്തവർക്ക് നിഷേധിക്കാം. എന്നാൽ വസ്തുതകളുടെ യാഥാർത്ഥ്യം നിർണ്ണയിച്ചെടുക്കുന്നതിൽ മാനവകുലം ഐകകണ്ഠ്യേന അംഗീകരിക്കുന്ന ഒരു ഉപാധിയാണ് ഭൗതിക ശാസ്ത്രം. പ്രാപഞ്ചിക വിജ്ഞാനീയത്തിൽ വിശുദ്ധ ഖുർആനും ഭൗതികശാസ്ത്രവും അഭിപ്രായ വ്യത്യാസമില്ലാത്ത വിധം ഐക്യധാരണയിൽ വർത്തിക്കുമ്പോൾ വി. ഖുർആൻ ദൈവിക വചനമാണെന്നതിന് സമ്മതപത്രമായി വർത്തിക്കുകയാണ് ഭൗതികശാസ്ത്രം.

## ആകാശത്തിലെ അത്ഭുതങ്ങൾ

നാം ആകാശത്തെ സുരക്ഷിതമായ ഒരു മേലാപ്പ് ആക്കിയിരിക്കുന്നു. അവരാകട്ടെ അതിന്റെ അടയാളങ്ങളെക്കുറിച്ച് വിമുഖരുമാണ്. അവനത്രെ രാവിനേയും പകലിനേയും സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചത്. ഓരോന്നും ഓരോ പാന്ഥാവിൽ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു.

(21:33, 34)

അതിന്റെ പ്രതിപ്രവർത്തനഫലമായി എതിർ ദിശയിലേക്ക് ആഘാത തരംഗങ്ങൾ സൃഷ്ടിക്കപ്പെടുന്നു. നക്ഷത്രങ്ങളുടെ പുറം പാളികൾ ആഘാത തരംഗങ്ങളുടെ ഫലമായി ശക്തമായി വികസിച്ച് മഹാ (നക്ഷത്ര സ്ഫോടനം) നോവകളായിത്തീരുന്നു. ആഘാത തരംഗങ്ങൾ നക്ഷത്രങ്ങളുടെ പുറംപാളികളെയാണ് നക്ഷത്രാന്തര സ്ഥലത്തേക്ക് അടിച്ചുതെറിപ്പിക്കുന്നത്. ഇങ്ങനെ സ്ഫോടനത്തിനു വിധേയമാകുന്ന നക്ഷത്രങ്ങളുടെ ഉൾക്കാമ്പാണ് ന്യൂട്രോൺ നക്ഷത്രങ്ങളായി പരിണമിക്കുന്നത്. ന്യൂട്രോൺ നക്ഷത്രങ്ങളുടെ വ്യാസം ഇരുപത് കിലോ മീറ്ററാണ്. ന്യൂട്രോണും ന്യൂട്രോണും തമ്മിലുള്ള വികർഷണ ബലമാണ് നക്ഷത്രത്തെ വീണ്ടും സങ്കോചിപ്പിക്കാതെ താങ്ങി നിർത്തുന്നത്. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ നിരീക്ഷണപരമായി ന്യൂട്രോൺ നക്ഷത്രങ്ങളെ കണ്ടെത്തുന്നത് 1967 ലാണ്. വെള്ളക്കുള്ളൻമാരുടെ സാന്ദ്രത ക്യൂബിക് സെന്റിമീറ്ററിന് 40 കിലോഗ്രാം വരെയാകണമെങ്കിൽ ന്യൂട്രോൺ നക്ഷത്രങ്ങളുടെ സാന്ദ്രത 600 ടണ്ണോളം വരും. മനുഷ്യന്റെ ഭാരത്തെ സംബന്ധിക്കുന്ന എല്ലാ സങ്കൽപ്പങ്ങളും തകർത്തെറിയുന്ന വിധത്തിലാണ് ന്യൂട്രോൺ നക്ഷത്രങ്ങളുടെ ദ്രവ്യമാനം.

വർത്തമാന കാലത്തിലെ ഭൗതിക ശാസ്ത്രപരമായ വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ നക്ഷത്രങ്ങൾ പ്രകാശരഹിതമാകും എന്നതൊരു യാഥാർത്ഥ്യമാണ്. വെള്ളക്കുള്ളന്മാരും ന്യൂട്രോൺ നക്ഷത്രങ്ങളും, തമോഗർത്തങ്ങളും എല്ലാം നിഷ്പ്രഭമായ നക്ഷത്രങ്ങളുടെ ശവശരീരങ്ങളാണ്. നക്ഷത്രങ്ങളെസ്സംബന്ധിച്ച് മനുഷ്യന് വ്യക്തമായ ധാരണകളുണ്ടാകുന്നത് 16-ാം നൂറ്റാണ്ടിനുശേഷമാണ്. അതുവരെ ഗ്രീക്ക് തത്വ ശാസ്ത്രം പ്രധാനമായും അരിസ്റ്റോട്ടിലും ക്ലാഡിയസ് ടോളമിയും സൃഷ്ടിച്ച അന്ധകാരത്തിൽ തപ്പി തടയുകയായിരുന്നു മനുഷ്യൻ. ഈ അജ്ഞാനങ്ങളെ വിജ്ഞാനങ്ങളായി ചിത്രീകരിക്കാൻ ഒരു സെമിറ്റിക് മത വിഭാഗം പ്രവർത്തിച്ചു. അതിനെതിരെ

നക്ഷത്രങ്ങൾ സംഭരിച്ചുവെച്ചിരിക്കുന്ന ഹൈഡ്രജൻ മൂലകം ഉപയോഗിച്ചു തീർന്നാൽ നക്ഷത്രങ്ങൾ പ്രകാശരഹിതമായിത്തീരുമെന്നത് ലളിതമായ ഒരു ശാസ്ത്രീയ സത്യമാണിന്ന്. വി. ഖുർആൻ ഈ യാഥാർത്ഥ്യം പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പാണ് പ്രഖ്യാപിച്ചത്. 'നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ' (81:3) 'നക്ഷത്രങ്ങൾ പ്രകാശരഹിതമാക്കപ്പെടുമ്പോൾ' (77:9)

നക്ഷത്രങ്ങൾ പ്രകാശരഹിതമായിക്കൊണ്ട് മൂന്ന് വിധത്തിലുള്ള മരണാനന്തര ഘട്ടങ്ങളിലൂടെ കടന്നു പോകുന്നുണ്ട്. സൂര്യനെപോലുള്ള ശരാശരി നക്ഷത്രങ്ങളുടെ ഹൈഡ്രജൻ ഇന്ധനം എരിഞ്ഞുതീരുമ്പോൾ അതു ഒരു വെള്ള (White dwarf) ക്കുള്ളനായി പരിണമിക്കുന്നു. പതിനാലു ലക്ഷം കിലോ മീറ്ററിൽ വിന്യസിച്ചു നിൽക്കുന്ന ഒരു നക്ഷത്രം ഗുരുത്വ നിപതത്താൽ നിരന്തരം സങ്കോചിച്ച്, (വി. ഖുർആന്റെ ഭാഷയിൽ പറഞ്ഞാൽ ചുരുട്ടിമടക്കപ്പെട്ട്) രണ്ടായിരം കിലോ മീറ്ററിന് താഴെവരെയായി. ഇങ്ങനെയുള്ള നക്ഷത്രശവശരീരങ്ങളാണ് വെള്ളക്കുള്ളന്മാർ എന്നു വിളിക്കപ്പെടുന്നത്. നിരീക്ഷണപരമായി നിരവധി വെള്ളക്കുള്ളന്മാരെ കണ്ടെത്തിയിട്ടുണ്ട്. നമുക്ക് ഏറ്റവും അടുത്തുള്ള വെള്ളക്കുള്ളൻ സിറിയസ് നക്ഷത്ര ഗണത്തിലാണ് ഉള്ളത്. അവിടേക്ക് ഒമ്പത് പ്രകാശവർഷം അകലമുണ്ട്.

നക്ഷത്രങ്ങളുടെ മറ്റൊരു മരണാനന്തര ഘട്ടത്തിന്റെ ഫലമായാണ് ന്യൂട്രോൺ നക്ഷത്രങ്ങളുണ്ടാകുന്നത്. ഒരു നക്ഷത്രത്തിന്റെ ദ്രവ്യമാനം ചന്ദ്രശേഖർ സീമ (സൂര്യന്റെ 1.44 മടങ്ങിൽ ക്കൂടുതൽ വരുന്ന നക്ഷത്രദ്രവ്യമാനമാണ് Chandrasekhar Limit എന്നു പറയുന്നത്) ക്കു മുകളിലാണെങ്കിൽ അത് വിസ്ഫോടനത്തിലൂടെ ഒരു ന്യൂട്രോൺ നക്ഷത്രമായി പരിണമിക്കുന്നതാണ്. ഒരു നക്ഷത്രത്തിന്റെ ദ്രവ്യമാനം സൂര്യന്റെ 3.6 ഇരട്ടിയാണെങ്കിൽ അതൊരു തമോഗർത്തമായി പരിണമിക്കും. ചന്ദ്രശേഖർ സീമക്ക് മുകളിൽ ദ്രവ്യമാനമുള്ള നക്ഷത്രങ്ങളുടെ ഇരുമ്പ് കാതലിനു സമ്മർദ്ദം താങ്ങാനാവാതെ വരുമ്പോൾ

ലേഖനം

# ജ്ഞാനമാർഗ്ഗം അന്വേഷിക്കുന്ന ക്രിസ്തുമതം

ഏ. എം. മുഹമ്മദ് സലിം

**നാഗ്ഹമ്മാദി രേഖകളിലെ ഗ്നോസ്റ്റിക് പാരമ്പര്യത്തെ അടിസ്ഥാനമാക്കി പാശ്ചാത്യ ക്രൈസ്തവ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന പുതിയ തരംഗത്തെപ്പറ്റി.**

എ.ഡി. 300ന് ശേഷം റോമൻ സഭയുടെ ക്രൂരമായ പീഡനങ്ങളും തമസ്കരണങ്ങളും മൂലം ചരിത്രത്തിൽ നിന്നും അപ്രത്യക്ഷമായ വിവിധ ക്രൈസ്തവ ചിന്താധാരകളുടേയും, വിശ്വാസ പ്രമാണങ്ങളേയും വേദ ഗ്രന്ഥങ്ങളേയും അന്വേഷിച്ചുകൊണ്ട് ക്രൈസ്തവ ലോകത്ത് ഒരു പുതിയ ഉണർവ്വ് ദൃശ്യമായിരിക്കുന്നു. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പ്രാക്തന വിശുദ്ധിതേടി കൊണ്ടുള്ള ക്രൈസ്തവ വിശ്വാസികളുടെ ഈ ചരിത്ര തീർത്ഥാടനം ഒരു ആത്മീയ നവജാഗരണത്തിന് വഴിയൊരുക്കുമോ?

മനുഷ്യൻ ജന്മനാ പാപിയായി ജനിക്കുന്നുവെന്നും മനുഷ്യന്റെ പാപം ഏറ്റെടുത്തുകൊണ്ട് ദൈവപുത്രനായ ക്രിസ്തു കുരിശിൽ ബലിയാവുകയും അദ്ദേഹത്തിന്റെ കുരിശു മരണത്തിൽ വിശ്വസിക്കുന്നവർ പാപ വിമുക്തനാവുമെന്നുമാണ് കത്തോലിക്കാ സഭയുടെ മുക്തിശാസ്ത്രം പറയുന്നത്. മനുഷ്യന്റെ ആത്മീയദാഹത്തിന് ശമനം നൽകാത്തതും യുക്തിബോധത്തെ തൃപ്തിപ്പെടുത്താത്തതും നൈതികവും ധാർമ്മികവുമായ ന്യായീകരണമില്ലാത്തതുമായ ഈ ക്രൈസ്തവ മോക്ഷ സിദ്ധാന്തം വിശ്വാസികളിൽ മടുപ്പുളവാക്കിയിരിക്കുന്നു. ക്രിസ്തുവിന്റെ സ്ഥൂല ശരീരത്തോടെയുള്ള പുനരാഗമനം സംബന്ധിച്ച നിരാശ ഗ്രസിച്ച പ്രതീക്ഷകളാണവർക്കുള്ളത്. ക്രൈസ് തവ സഭയുടെ സ്ഥാപനവത്കരിക്കപ്പെട്ട ശുഷ്ക വിശ്വാസത്തിൽ തൃപ്തി വരാത്ത ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിന്റെ ആത്മീയ പൊരുളും യഥാർത്ഥ മുക്തി മാർഗ്ഗവും അന്വേഷിച്ച് അവരുടെ നശിപ്പിക്കപ്പെട്ട ആദിമ ചരിത്ര രേഖകളുടെ അവശിഷ്ടങ്ങളിൽ പരതുകയാണ്.

വിശ്വപ്രശസ്തമായ Time വാരികയിൽ ഡേവിഡ് വാൻ ബിമ എഴുതിയ Lost Gospels എന്ന ലേഖനത്തിലാണ് (2003 ഡിസംബർ 22) ദൈവത്തെ പ്രാപിക്കാൻ ക്രൈസ്തവ ലോകത്ത് കുരിശിന്റേതല്ലാത്ത മറ്റ് വഴികൾ അന്വേഷിച്ചു കൊണ്ടുള്ള പുതിയ സംരംഭങ്ങൾ ആരംഭിച്ചതായി വിവരിച്ചിരിക്കുന്നത്. മതാധിഷ്ഠിത രാഷ്ട്രം കൈയ്യാളിയിരുന്ന റോമൻ സഭ വേദവിപരീതം അഥവാ പാഷാണ്ഡത (Heresy) ആരോപിച്ചുകൊണ്ട് നശിപ്പിച്ചുകളഞ്ഞ ഗ്നോസ്റ്റിക്ക് (Gnostic - ജ്ഞാനവാദപരമായ) പാരമ്പര്യത്തെ പുനരാവിഷ്കരിക്കാനുള്ള വ്യാപകമായ സർഗ്ഗാത്മക സംരംഭങ്ങളെ പറ്റിയാണ് ലേഖനത്തിൽ പ്രതിപാദ്യം.

'ഗ്നോസ്റ്റിസിസം' എന്നാൽ 'ജ്ഞാനവാദം' എന്നാണ് അർത്ഥം. 'Gnos' അഥവാ ജ്ഞാനം എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഇത് നിഷ്പന്നമായത്. കത്തോലിക്കാ സഭയുടെ ഔദ്യോഗിക പാപമോചന സിദ്ധാന്തത്തിൽ നിന്നും വിഭിന്നമായി ജ്ഞാനമാർഗ്ഗത്തിൽ ദൈവത്തെ പ്രാപിക്കാമെന്ന പൊതു ചിന്താധാരയെ കുറിക്കുന്നതാണ് ഗ്നോസ്റ്റിസം. ഈ ചിന്താധാര നിയതമായ നിർവ്വചനത്തിന് വിധേയമല്ല. ആദിമ ക്രിസ്ത്യാനികൾ ആത്മീയ മാർഗ്ഗത്തിൽ ദൈവവുമായി ബന്ധപ്പെടുന്ന ആത്മീയ ജ്ഞാനത്തിന്റെ വഴികളിൽ വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്തിരുന്നു. ബുദ്ധമത ധർമ്മവുമായി ഇതിന് സാധർമ്മ്യമുണ്ട്. ബൈബിൾ സുവിശേഷങ്ങളിൽ തന്നെ ബുദ്ധമതവുമായുള്ള സാമ്യതയുടെ ബഹിർ സ്പുരണങ്ങളുണ്ട്. ഹസ്റത്ത് അഹ്മദ് (അ) തന്റെ 'യേശുമിശിഹാ ഇന്ത്യയിൽ' എന്ന പുസ്തകത്തിൽ ഇക്കാര്യം സുദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. എളിമാവസ്ഥയിൽ നിന്നും അധികാര സിംഹാ

സനത്തിൽ ആരൂഢരായ കത്തോലിക്കാ റോമൻ സഭ മനുഷ്യന്റെ മോചന മാർഗ്ഗമായി യേശുവിന്റെ കുരിശുമരണത്തിലെ വിശ്വാസമൊ ഴികെയുള്ള മതവിശ്വാസങ്ങളെല്ലാം അതിക്രൂരമായും അതിഭീകരമായും അടിച്ചമർത്തി. പ്രചണ്ഡമായ പ്രചരണത്തിലൂടെ ഗ്നോസ്റ്റിസം എന്നാൽ മതവിരുദ്ധതയാണെന്ന് ക്രൈസ്തവ ലോകത്തെ റോമൻ സഭ പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുകയാണ്.

ഹോൾഗർ കെസ്റ്റനർ തന്റെ 'Jesus lived in India' എന്ന പുസ്തകത്തിൽ പറഞ്ഞത് എത്രയും ശ്രദ്ധേയമാണ്. 'ഗ്നോസ്റ്റിക് ആശയങ്ങൾ പിൽക്കാലത്ത് വേദവിപരീതം എന്ന് കത്തോലിക്കാ സഭാകൗൺസിലുകൾ മുദ്രകുത്തുകയുണ്ടായി. റോമൻ സഭ മധ്യകാലഘട്ടത്തിൽ അതിനിഷ്ഠൂരമായി പിഴുത് മാറ്റുന്നതുവരെ ചില വിഭാഗങ്ങൾ (ചത്താർസ് Chathars, അൽബിയൻസിയൻസ് - Albigensions, ബോഗോ മിൽസ് Bogomils) എന്നീ വിഭാഗങ്ങൾ നിലനിന്നിരുന്നു. ഈ ഗ്നോസ്റ്റിക് ഗ്രൂപ്പുകളിൽ പൊതുവായുള്ളത് യേശുവിൽ അവർ വിശ്വസിച്ചിരുന്നു എന്നതാണ്. അതുപോലെ പുനർജന്മത്തിലും അവർ ശക്തമായി വിശ്വസിച്ചിരുന്നു. ആദിമ ക്രിസ്തീയ സമൂഹവും ഗ്നോസ്റ്റിസവും വാസ്തവത്തിൽ ഒരേ പ്രസ്ഥാനത്തിന്റെ രണ്ടു മുഖങ്ങളായിരുന്നു. ഇവർ തമ്മിൽ ശത്രുതയുണ്ടെന്ന് വരുത്തി തീർത്തത് പിൽക്കാലത്തെ സഭാ നേതാക്കന്മാരുടെ ഭാഗത്ത് നിന്നുണ്ടായ ചരിത്രത്തിന്റെ വളച്ചൊടിക്കലാണെന്ന് നിരവധി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്." (പേ. 117). 'ഗോസ്പൽ ഓഫ് തോമസ്, ഗോസ്പൽ ഓഫ് മേരി, ആക്റ്റ് ഓഫ് ജോൺ, ദ ഹോമിലിസ് ഓഫ് ക്ലമെന്റ്, ഗോസ്പൽ ഓഫ് ട്രൂത്ത് മുതലായ സുവിശേഷങ്ങൾ റോമൻ സഭ നശിപ്പിച്ച വേദഗ്രന്ഥങ്ങളിൽ ചിലതാണ്.

### നാഗ്ഹമ്മാദി രേഖകൾ

പുരാതന കോപ്റ്റിക് സഭയുടെ ആസ്ഥാനമായ ഈജിപ്തിലെ നാഗ്ഹമ്മാദി എന്ന ഗ്രാമത്തിൽ നിന്നും 1945-47 കാലഘട്ടങ്ങളിൽ കണ്ടെടുത്ത രേഖകളെയാണ് നാഗ്ഹമ്മാദി രേഖകൾ (Nag Hammadi Documents) എന്നറിയപ്പെടുന്നത്. ഫലസ്തീനിലെ കുംമ്രാൻ താഴ്‌വരയിൽ നിന്നും കണ്ടെടുത്ത ചാവുകടൽ ചുരുളുകളോട് (Dea Sea Scords) സാമ്യമുള്ളതായിരുന്നു ഈ സംഭവം. ഗ്നോസ്റ്റിക്ക് പാരമ്പര്യത്തിൽ എഴുതപ്പെട്ട ഈ രേഖകൾ ആദിമ ക്രിസ്ത്യനികളുടെ വിശ്വാസങ്ങളെ സംബന്ധിച്ച അമൂല്യമായ രേഖകൾ ഉൾക്കൊള്ളുന്നു. റോമൻ സഭ നശിപ്പിച്ച് ഇല്ലാതാക്കാൻ ശ്രമിച്ച ഈ സുവിശേഷങ്ങളുടെ വീണ്ടെടുപ്പ് മതചരിത്ര ലോകത്ത് സൃഷ്ടിച്ച നടുക്കങ്ങൾ ചില്ലറയല്ല. 1966 മുതൽ Coptic Library Project എന്ന പേരിൽ ഒരു സംരംഭം ഈ ഗ്രന്ഥശേഖരത്തെ പറ്റി സൂക്ഷ്മ പഠനങ്ങൾ നടത്താൻ രൂപീകൃതമായിട്ടുണ്ട്. ഈ പഠനങ്ങൾ 1977 ൽ ജെയിംസ് എം. റോബിൻസൺ എഡിറ്റു ചെയ്ത The Nag Hammai Library in English എന്ന പേരിൽ Harper and Row പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പൂർണ്ണമായ സുവിശേഷം Gospel According to Thomas (തോമസിന്റെ സുവിശേഷം) ആണ്. 1959 ൽ 114 വചനങ്ങളുള്ള ഈ കൊച്ചു ഗ്രന്ഥം പ്രസിദ്ധീകൃതമായിട്ടുണ്ട്.

### തോമസ് സുവിശേഷവും കേരളവും

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം തോമസ് സുവിശേഷം വമ്പിച്ച പ്രാധാന്യം അർഹിക്കുന്ന ഒരു ചരിത്രരേഖയും വിശ്വാസ രേഖയുമാണ് എന്ന് ആനുഷംഗികമായി പറഞ്ഞു കൊള്ളട്ടെ. ലോകത്ത് അവശേഷിക്കുന്ന തോമസ് ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഈ ക്രൈസ്തവ രേഖയോട് യാതൊരു താല്പര്യവും ഇന്നുവരെ കാട്ടിയിട്ടില്ല.

യേശുവിന്റെ അപ്പോസ്തലനായ സെന്റ് തോമസാണ് തങ്ങളെ ജ്ഞാനസ്നാനം ചെയ്യിച്ചതെന്ന് കരുതുന്ന കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് പാരമ്പര്യമല്ലാതെ ഒരു കച്ചിതുരുമ്പുപോലും ചരിത്രരേഖയായില്ല എന്നതാണ് വാസ്തവം. ഈ ചരിത്രശൂന്യതയിൽ അവർ ഖിന്നരുമാണ്. ആ നിലക്ക് തങ്ങളുടെ സഭാപിതാവിന്റെ പേരിൽ എഴുതപ്പെട്ട ഒരു സുവിശേഷം സുപ്രസിദ്ധമായ നാഗ്ഹമ്മ്ദി രേഖകളിലുണ്ടെന്നറിഞ്ഞാൽ കേരള ക്രിസ്ത്യാനികൾ അത് ആഘോഷിക്കേണ്ടതായിരുന്നു. അതിനെ സൂക്ഷ്മപഠനങ്ങൾക്ക് വിധേയമാക്കി തങ്ങളുടെ പാരമ്പര്യങ്ങളുമായി ഒത്തു നോക്കേണ്ടതുമാണ്. ഈ ചരിത്ര ദൗത്യം നിർവ്വഹിക്കാൻ അരനൂറ്റാണ്ടുകാലത്തോളമായി കേരളത്തിലെ മാർത്തോമ്മ ക്രൈസ്തവരുടെ ഭാഗത്ത് നിന്നും ആധികാരിമായി ഒരു ശ്രമവും ഇന്നേവരെയുണ്ടായിട്ടില്ല. പോർട്ടുഗീസുകാരുടെ കാലം മുതൽ കേരളത്തിലെ പുരാതന ക്രൈസ്തവ സമൂഹം റോമൻസഭയുടെ പ്രഭാവത്തിന് കീഴ്പ്പെട്ടുപോയി. അവരുടെ അധീശക്തിയോടുള്ള മാർത്തോമ്മാ ക്രിസ്ത്യാനിളുടെ വിധേയത്വവും മാനസികാടിമത്തമാണ് ഇത് കാണിക്കുന്നത്. തോമസ് സുവിശേഷത്തിലെ ഗ്നോസ്നിക്ക് പാരമ്പര്യം പാഷാണ്ഡത തീണ്ടിയിട്ടുണ്ടെന്ന റോമൻ സഭയുടെ വിധി കാരണം സ്വന്തം പാരമ്പര്യം പോലും അന്വേഷിക്കാൻ ഇവിടുത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഭയപ്പെടുന്നു എന്നതാണ് വാസ്തവം. മാർത്തോമ്മാ ക്രിസ്ത്യാനികൾ നിറഞ്ഞ മലയാളത്തിൽ Gospel Acording to Thomas ന്റെ മലയാള വിവർത്തനം നിർവ്വഹിക്കാനുള്ള നിയോഗം കഴിഞ്ഞ വർഷം നാരായണ ഗുരു കുലത്തിലെ അന്തേവാസിയായ സ്വാമി വിനയചൈതന്യക്കാണ് ഉണ്ടായത് എന്നത് കേവലം യാദൃശ്ചികമല്ല.

കത്തോലിക്കാ സഭയിലെ പോപ്പ്, മെത്രാൻ വൈദികൻ, അൽമായൻമാർ, കന്യാസ്ത്രീകൾ എന്നിങ്ങനെയുള്ള സഭാഘടനയും അധികാര ശ്രേണിയും തോമസ് ക്രിസ്ത്യാനികൾക്കിടയിൽ ഇല്ലായിരുന്നുവെന്ന് ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ജനാധിപത്യപരവും സ്നേഹ

ബന്ധുത്വപരവുമായ ഒരു സാമൂഹിക ജീവിതമായിരുന്നു അവരുടേത്. Time ലേഖനം പറയുന്നു. "ഗ്നോസറ്റിക്കുകൾ (തോമസ് സുവിശേഷത്തിന്റെ അനുയായികൾ) പ്രവര ബോധം (Elitist) ഉള്ളവരായിരുന്നു. ഓരോ മനുഷ്യന്റെയും വ്യക്തി സത്തക്ക് തന്നെ ആത്മീയ മോക്ഷത്തിന് പ്രാപ്തിയുണ്ടെന്ന് അവരിൽ മിക്കപേരും കരുതി. എന്നാൽ അവർ കൂടുതൽ ജനാധിപത്യ സ്വഭാവത്തിലുള്ളവരും ബിഷപ്പ്, ഡീക്കൺ എന്നി പദവികൾ ഉപേക്ഷിച്ചവരുമായിരുന്നു. ഒരു തരത്തിലുള്ള വ്യക്ത്യാധിഷ്ഠിതമായ പൊതുജീവിതം (Commonwealth of Individual Inspirations) ആയിരുന്നു അവർക്കുണ്ടായിരുന്നത്. ദൈവം സംസാരിച്ചു എന്ന് പറയുന്നവരുടെ സാക്ഷ്യങ്ങളെല്ലാം അവരിൽ ചിലർ സ്വീകരിച്ചു. പുരുഷന്മാരോടൊപ്പം സ്ത്രീകളും ആരാധനകളിൽ പങ്കെടുത്തു. ശ്രേണികളും ചട്ടങ്ങളുമുണ്ടാക്കി റോമൻ മർദ്ദകരോടൊപ്പം ക്രിസ്തു സഭ കെട്ടിപ്പടുത്തവർക്ക് ഇതൊന്നും സഹിചച്ചില്ലല്ല.

ടൈം മാഗസിനിൽ വിവരിച്ച തോമസ് ക്രിസ്ത്യാനികളുടെ മതസാമൂഹിക ജീവിതത്തോട് സാമ്യമുള്ള സാമൂഹ്യ ജീവിതമാണ് കേരളത്തിലെ നസ്രാണികൾ എന്നറിയപ്പെടുന്ന തോമസ് ക്രിസ്ത്യാനികളും അനുവർത്തിച്ചിരുന്നത് 'ഉദയമ്പേരൂർ സാന്നഹദോസിന്റെ കനോനകൾ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ഡോ. സ്കറിയ സഖറിയ എഴുതിയ പണ്ഡിതോചിതമായ പഠനം ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്നു. ഉദയംമ്പേരൂർ സൂന്നഹദോസിൽ എഴുതിയ തീരുമാനങ്ങളിലെ പദപ്രയോഗങ്ങൾ അപഗ്രഥിച്ച് ഡോ. സ്കറിയ നടത്തിയ വിശകലനങ്ങൾ ശ്രദ്ധേയമാണ്. ക്രിസ്ത്യാനികളുടെ പുരാതനചരിത്രത്തിന് മറ്റൊരു രേഖയുമില്ലാത്തതിനാൽ ഇത്തരം പഠനങ്ങൾ പ്രസക്തമാണ്. 'പട്ടക്കാരും ഏണങ്ങളും' എന്ന പദദ്വന്ദത്തെ വിശകലനം ചെയ്തുകൊണ്ട് 'ഏണങ്ങൾ' എന്നാൽ ഇണക്കത്തിൽ കഴിയുന്ന മാർത്തോമ്മാ ക്രൈസ്തവ സമുദായങ്ങളെ പറ്റിയുള്ള വിശേഷണമാണെന്നും, അതിൽ നിന്നും വളരെ സൗഹൃദപരമായ അവരുടെ സാമുദായിക ജീവിതം അനുക്തസിദ്ധമാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു. അതുപോലെ പട്ടക്കാരെ (വൈദികരെ = അൽമായൻ എന്ന സുറയാനി പദമാണ് പോർട്ടുഗീസുകാർ ഉപയോഗിച്ചത്) മറ്റുള്ളവരിൽ നിന്നും ചമയങ്ങളിലൂടെ വ്യത്യസ്ഥരാക്കി മാറ്റി ഏണങ്ങളുടെ മേൽ അധികാരം സ്ഥാപിക്കുന്നതിന്റെ വിവരണങ്ങളും ഈ ലഘു പഠനത്തിലുണ്ട്.

## തോമസ് സുവിശേഷത്തിലെ ആത്മീയ രഹസ്യങ്ങൾ

'സയലക്ടിക്കൽ' എന്ന് ഗ്രീക്കുകാർ വിളിക്കുന്ന യോഗാത്മക ചിന്താരീതി തോമസ് സുവിശേഷത്തിൽ ഉടനീളം കാണാം. അതായത് ദൈവാനുരാഗത്തിൽ തന്റെ അസ്തിത്വം മുഴുവനും ലയിപ്പിച്ച് തുരീയാവസ്ഥ പ്രാപിക്കുന്ന സൂഫികളുടെ യോഗാത്മക ഭാഷ തോമസ് സുവിശേഷത്തിൽ കാണാം. 114 വചനങ്ങളുള്ളതിൽ പല വചനങ്ങളും നിഗൂഢ അർത്ഥങ്ങളുള്ളതാണ്. ഒരു വചനം ഇങ്ങനെയാണ്."

യേശു അവളോട് പറഞ്ഞു: അഖണ്ഡമായതിൽ നിന്നുള്ളവനാണ് ഞാൻ. എന്റെ പിതാവിന്റേതായ ചിലത് എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ശലോമി പറഞ്ഞു. 'ഞാൻ നിന്റെ ശിഷ്യയാണ്'

യേശു പറഞ്ഞു:'അതുകൊണ്ട് ഞാൻ പറയുന്നു അവൻ അഖണ്ഡമായിരുന്നാൽ അവൻപ്രകാശം കൊണ്ട് നിറയും പക്ഷേ വിഭജിക്കപ്പെട്ടാൽ അവൻ ഇരുട്ടുകൊണ്ടു നിറയും'.

യേശു പറഞ്ഞു: "രഹസ്യങ്ങൾക്കു യോഗ്യരായവരോടാണ് ഞാൻ എന്റെ രഹസ്യങ്ങൾ ഉണർത്തിക്കുന്നത് നിങ്ങളുടെ വലത് കൈയ്യ് എന്താണ് ചെയ്യുന്നതെന്ന് ഇടതു കൈ അറിയാതിരിക്കട്ടെ. (വചനം: 61, 62).

70-ാം വചനത്തിൽ ഇങ്ങിനെ കാണാം. "യേശു പറഞ്ഞു. നിങ്ങൾക്കുള്ളത് നിങ്ങൾ നിങ്ങളുടെ ഉള്ളിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരുന്നെങ്കിൽ അതു നിങ്ങളെ രക്ഷിക്കും. നിങ്ങളുടെ ഉള്ളിലില്ലാത്തത്, അത് നിങ്ങളുടെ ഉള്ളിലില്ലെങ്കിൽ അത് നിങ്ങളെ കൊല്ലും"

വരാനിരിക്കുന്ന ഒരു ആദ്ധ്യാത്മിക പുരുഷന്റെ തനത് രൂപവും അതിന്റെ പ്രതിഛായയേ പറ്റിയും തോമസ് സുവിശേഷത്തിൽ യേശു പറഞ്ഞത് അർത്ഥഗർഭമാണ്. പ്രകാശം സ്ഫുരിക്കുന്ന ഒരു പ്രവാചകനായി മുഹമ്മദ് നബി (സ) നെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രതിഛായയിൽ വരുന്ന പ്രവാചകനെക്കുറിച്ചുമുള്ള പ്രവചനം തന്നിൽ പൂർത്തിയായതായി അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റത്ത് അഹ്മദ് (അ) ന്റെ വചനങ്ങളിൽ ധാരാളമുണ്ട് എന്ന കാര്യവും ഇവിടെ സ്മരണീയമാണ്. തോമസ് സുവിശേഷത്തിന്റെ 83-ാം വചനത്തിൽ പറഞ്ഞ ഒരു വചനം ഈയൊരു സത്യത്തെ അനുസ്മരിപ്പിക്കുന്നതാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

"യേശു പറഞ്ഞു: പ്രതിഛായകൾ മനുഷ്യനു പ്രത്യക്ഷമാണ്, പക്ഷേ അവയിലുള്ള വെളിച്ചം പിതാവിന്റെ പ്രതിഛായായി സ്വരൂപത്തിൽ മറഞ്ഞിരിക്കുന്നു. അവൻ പ്രത്യക്ഷപ്പെടും പക്ഷേ, അവന്റെ സ്വരൂപം അവന്റെ പ്രകാശത്തിൽ മറഞ്ഞിരിക്കും" (തോമസ് സുവിശേഷം 83-ാം വചനം)

മറ്റൊരു വചനം ഇങ്ങിനെയാണ്. "മാലാഖമാരും പ്രവാചകന്മാരും നിങ്ങളുടെയടുത്ത് വന്ന് നിങ്ങൾക്കുള്ളവ തന്നെ നിങ്ങൾക്കുതരും. നിങ്ങളും നിങ്ങൾക്കുള്ളവ അവർക്ക് കൊടുക്കുകയും, അവർ 'എന്നാണു വന്ന് അവരുടേതായിട്ടുള്ളത് എടുക്കുക' എന്നു സ്വയം പറയുകയും ചെയ്യുക" (വചനം88)

ആത്മീയ പുരുഷന്മാർ ലൗകിക നേതാക്കന്മാരെപ്പോലെയല്ല എന്ന് യേശു ഒരു വചനത്തിൽ ഉണർത്തുന്നു.

യേശു പറഞ്ഞു: "നിങ്ങൾ എന്തിനാണ് മരുഭൂമിയിലേക്കു വന്നിരിക്കുന്നത്? ഒരു ഈറ കാറ്റിലാടുന്നത് കാണുവാനോ? നിങ്ങളുടെ രാജാക്കന്മാരെ പോലെയും മഹാന്മാരെപ്പോലെയും നല്ല വസ്ത്രങ്ങൾ ധരിച്ചിരിക്കുന്ന ഒരു

മനുഷ്യനെ ക്കാണുവാനോ? നല്ല വസ്ത്രങ്ങൾ അവരുടെ മേലുണ്ട്. പക്ഷേ സത്യത്തെ വിവേചിക്കുവാൻ അവർക്കു കഴിയുന്നില്ല." (വചനം 78)

തോമസ് സുവിശേഷം സ്ത്രീകൾക്ക് നൽകിയ പ്രാധാന്യം ശ്രദ്ധേയമാണ്. ഈ ഗ്രന്ഥത്തിന്റെ അവസാന വചനം ഇങ്ങിനെയാണ്. 'യേശു പറഞ്ഞു: "പുരുഷനാകാൻ വേണ്ടി ഞാൻ തന്നെ അവളെ നയിക്കും. അപ്പോൾ അവളും നിങ്ങൾ, പുരുഷന്മാരെപോലെ ജീവിക്കുന്ന ഒരു ആത്മാവാകും. എന്തെന്നാൽ തന്നെത്താൻ പുരുഷനാകുന്ന ഓരോ സ്ത്രീയും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും" (വചനം 114)

## ഗ്നോസ്റ്റിക് തരംഗങ്ങൾ

നാഗ്ഹമ്മാദി ചുരുളുകളെ ആധാരമാക്കി നവോത്ഥാനത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ ഒരു സർഗ്ഗാത്മക മുന്നേറ്റം പാശ്ചാത്യൻ ക്രൈസ്തവ ലോകത്ത് ദൃശ്യമാണെന്ന് Time വാരിക പറയുന്നു. ലക്ഷക്കണക്കിന് പ്രതികൾ വിറ്റയിഞ്ഞ 'ഡാവിഞ്ചികോഡ്' (Davinci Code) എന്ന നോവലിന്റെ ഇതിവൃത്തം നാഗ്ഹമ്മാദി രേഖകളെ ആസ്പദമാക്കിയുള്ളതാണ്. ഡാൻ ബ്രൗൺസ് രചിച്ച ഡാവിഞ്ചി കോഡിൽ യേശുവും മഗ്ദലന മറിയയുമായുള്ള ശാരീരിക ബന്ധത്തിന്റെ വിവരണങ്ങളുണ്ട്. യേശുവിന്റെ വൈവാഹിക ജീവിതത്തെ പറ്റി പ്രതിപാദിക്കുന്നതിനാൽ കോളിളക്കം സൃഷ്ടിച്ച ഈ നോവൽ രൂക്ഷമായ എതിർപ്പുകൾക്കു നടുവിലും 2005ൽ സിനിമയായി റിലീസ് ചെയ്യാൻ പരിപാടിയുണ്ട്. റോമൻ സഭ അടിച്ചമർത്തിയ വിഷയമാണ് യേശുവിന്റെ മഗ്ദലനമറിയയുമായുള്ള ബന്ധം എന്ന് ഡാവിഞ്ചി കോഡിന്റെ കർത്താവ് ഡാൻ ബ്രൗൺസ് പറയുന്നു. നാഗ്ഹമ്മാദി രേഖകളെ ആസ്പദിച്ച മറ്റൊരു കലാസംരംഭം ദ മാറ്റ്ട്രിക്സ് ട്രിലോജി (The Matrix Trilogy) എന്ന സിനിമയാണ്. 1800 വർഷത്തെ പഴക്കമുള്ള കാനോകിമല്ലാത്ത ഗോസ്പൽ ഓഫ് ട്രൂത്ത്, ഒറിജിൻ ഓഫ് വേൾഡ് എന്നീ നാഗ്ഹമ്മാദി രേഖകളെ അടിസ്ഥാനമാക്കിയാണ് അവർ ഹൈടെക് സ്പെഷൽ ഇഫക്റ്റോടു കൂടിയ ഈ സിനിമ സംവിധാനം ചെയ്യുന്നത്. ഈ ലോകം തിന്മകൾ നിറഞ്ഞതും മായയുമാണെന്നാണ് ഈ സിനിമയുടെ ഇതിവൃത്തം

## സ്റ്റഡീ ഗ്രൂപ്പുകൾ

അതുപോലെ പാശ്ചാത്യ ക്രൈസ്തവ ലോകത്ത് യേശുവിന്റെ യഥാർത്ഥ ജീവിതവും സന്ദേശവും അറിയാനുള്ള താല്പര്യം വർദ്ധിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ചുള്ള കത്തോലിക്കാ സഭയുടെ ഔദ്യോഗിക ലക്ഷ്മണരേഖകൾ മറികടന്നുകൊണ്ട് യൂറോപ്പിലും അമേരിക്കയിലും നിരവധി പഠനസംഘങ്ങൾ പ്രവർത്തനമാരംഭിച്ചിരിക്കുകയാണെന്ന് Time മാഗസിൻ പറയുന്നു. 1929 ലെ നാഷനൽ ബുക്ക് അവാർഡ് ലഭിച്ച The Gnostic Gospels എന്ന പ്രശസ്ത ഗ്രന്ഥം രചിച്ച ഇല്യൻ പഗേൽസ് (Elaine Pagles) ആണ് ക്രിസ്തുവിന്റെ ഒരു ബദൽ ചരിത്രവുമായി രംഗപ്രവേശനം ചെയ്തിരിക്കുന്നത്. ഇവരുടെ പുസ്തകത്തെ ആസ്പദമാക്കിയാണ് പഠന സംഘങ്ങൾ പ്രവർത്തിക്കുന്നത്. അതുപോലെ ഇഹ്ർമാൻ രചിച്ച Lost Christianity എന്ന പുസ്തകവും ആദിമ ക്രിസ്ത്യാനികളുടെ ജീവിതത്തെയും വിശ്വാസത്തെയും പറ്റി നിരവധി വസ്തുതകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ആദിമ ക്രിസ്ത്യൻ വിഭാഗങ്ങൾ ജൂത പാരമ്പര്യം പുലർത്തിയവരായിരുന്നുവെന്നും അവരിൽ പലരും ഏക ദൈവാരാധ നടത്തിയിരുന്നുവെന്നും ചിലർക്ക് യേശുവിന്റെ കുരിശുമരണവും മോക്ഷവുമായുള്ള ബന്ധത്തെപറ്റി അറിവുണ്ടായിരുന്നില്ല എന്നും ആ ഗ്രന്ഥത്തിൽ അദ്ദേഹം സമർത്ഥിക്കുന്നു. എബിയോണൈറ്റസ് (Ebionites) മാർസിയോണൈറ്റ്സ് (Marcionites) ഗ്നോസ്റ്റിക് (Gnostics) തോമസൈൻ (Thomasines) എന്നിങ്ങനെയുള്ള പ്രധാന ഗ്രൂപ്പുകളുടെ വിശ്വാസ ജീവിതത്തെപറ്റിയും ആ ഗ്രന്ഥത്തിൽ വിവരണമുണ്ട്. അത് കൂടാതെ പുതിയ രീതിയിലുള്ള ആരാധന സമ്പ്രദായങ്ങളുമായി (New Age Rituals) പല ക്രൈസ്തവ വിശ്വാസികളും യൂറോപ്പിലും അമേരിക്കയിലും രംഗപ്രവേശനം ചെയ്യുന്നതായും ലേഖകൻ വിവരിക്കുന്നു.

## ഉപസംഹാരം

അപ്രകാശിതമായ അനേകം നിഗൂഢതകൾ ഉൾക്കൊള്ളുന്നതാണ് ക്രിസ്തുവിന്റെ ചരിത്രം. സർവ്വ വലയമായ റോമൻ സഭ ഒരു നീരാളിയെ പോലെ ക്രിസ്തുവിനെ സംബന്ധിച്ച സത്യങ്ങളെ ഗ്രസിച്ചിരിക്കുകയാണ്. ഏകദൈവ തത്വത്തിന്റെ പ്രകാശം ചൊരിഞ്ഞ ക്രിസ്തു എന്ന സൂര്യന് ബാധിച്ച ഈ ഗ്രഹണം മാറുക തന്നെ ചെയ്യും. യഥാർത്ഥ ക്രൈസ്തവ വിശ്വാസികൾ തീർച്ചയായും ക്രിസ്തുവിന്റെ സത്യം തിരിച്ചറിയും. മുഴുവൻ ധൈഷണിക വൈജ്ഞാനിക ലോകവും അവരെ സഹായിക്കാൻ പിന്നിലുണ്ടാവും. ആ മഹാ വിപ്ലവങ്ങളുടെ കാലം സമാഗതമായിരിക്കുന്ന എന്നതിന്റെ സൂചനകളാണ് ക്രൈസ്തവ നാടുകളിലെ ഈ തിരയിളക്കങ്ങൾ ഖുർആന്റെ ഒരു വചനം ഓർത്തുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുന്നു.

"അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ് (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്) അവർക്കോ അവരുടെ പിതാക്കന്മാർക്കോ അതു സംബന്ധിച്ച് യാതൊരറിവുമില്ല അവരുടെ വായുകളിൽ നിന്നും പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ് കള്ളമല്ലാതെ അവർ പറയുന്നില്ല. (18:5-6)

## അവൻ ഏകൻ

പറയുക, അവൻ അല്ലാഹു ഏകൻ, അല്ലാഹു സർവ്വാധിനാഥനാണ്. അവൻ ജനകനുമല്ല, ജാതനുമല്ല. അവനു സമാനമായി ആരും തന്നെയില്ല.

**- വിശുദ്ധഖുർആൻ** (112:1-5)

ലേഖനം

# ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ പരിണാമം

തൻവീർ

**അനുക്ഷണം അധ:പതിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം സമുദായത്തിന്നു അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ് പ്രതീക്ഷ.**

### ഇസ്‌ലാമിന്റെ ആദ്യകാല മുന്നേറ്റങ്ങൾ

ഇസ്‌ലാമിന്റെ ആദ്യകാലാനുയായികളുടെ ആവേശവും ഐക്യവും അധികാരസ്ഥന്മാരോടുള്ള അനുസരണവും കാരണമായി തുടക്കത്തിൽ ഇസ്‌ലാമിക സാമ്രാജ്യം ദ്രുതഗതിയിൽ വളർന്നു.

ഇസ്‌ലാമിന്റെ ആദ്യ നൂറ്റാണ്ടിൽ മദ്ധ്യ പൗരസ്ത്യ ദേശങ്ങളിലും കിഴക്ക് ഇന്ത്യയിലും ചൈനയിലും പിന്നീട് വടക്കെ ആഫ്രിക്കയിലും തെക്കൻ യൂറോപ്പിലും ഇസ്‌ലാം വളരെ വേഗതയിൽ വ്യാപിച്ചു.

ഇസ്‌ലാമിക സാമ്രാജ്യം സുസ്ഥാപിതവും ഉറച്ചതുമായതിനാൽ അവിടങ്ങളിലെ ജനങ്ങൾ വർണ്ണവർഗ്ഗവ്യത്യാസമെന്യേ സുരക്ഷിതരായിരുന്നു. ഡമാസ്ക്കസിലും കയ്റോയിലും കൊർഡോവയിലും മറ്റിടങ്ങളിലും ഇസ്‌ലാമിക ശാസ്ത്രം തഴച്ചു വളർന്നു വികസിച്ചതിന്റെ ഫലമായി കപ്പൽ ഗതാഗതം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, കലകൾ എന്നിവയിൽ വമ്പിച്ച പുരോഗതിയുണ്ടായി. മുസ്‌ലിം പണ്ഡിതന്മാർ മാത്രമല്ല, ക്രിസ്ത്യാനികളും ജൂതന്മാരും പ്രബുദ്ധമായ ഈ സാഹചര്യത്തിൽ അഭിവൃദ്ധി പ്രാപിച്ചു. ആ കാലഘട്ടത്തിലെ ഇസ്‌ലാമികശില്പകലയുടെ മഹത്വമേറിയ സാക്ഷികളായി മനോഹരമായ പള്ളികൾ നമുക്ക് കാണാം. കൊർഡോവയിലെ കൂറ്റൻ പള്ളി മുസ്‌ലിംകളും, ക്രിസ്ത്യാനികളും ജൂതന്മാരും ആരാധനക്കായി ഉപയോഗിച്ചിരുന്നു. ആദ്യകാല മുസ്‌ലിംകളുടെ പ്രബുദ്ധതയുടെ ഔന്നത്യം അതായിരുന്നു. മുസ്‌ലിംകൾ തങ്ങളുടെ നാടുകളിൽ ഇതര മതസ്ഥരുടെ അമ്പലങ്ങളും ചർച്ചുകളും സംരക്ഷിക്കുന്നതിൽ അതീവ ജാഗ്രത പുലർത്തി. അവർ പരസ്പരം മനസ്സിലാക്കിയിരുന്നത് സംഘർഷത്തിലൂടെയായിരുന്നില്ല, ആശയ വിനിമയത്തിലൂടെയായിരുന്നു.

ഇക്കാലത്തായിരുന്നു കൂറ്റൻ ലൈബ്രറികളും സർവ്വകലാശാലകളും സ്ഥാപിക്കപ്പെട്ടത്. ഗ്രീക്കുകാരുടേയും ഈജിപ്തുകാരുടേയും, ഇന്ത്യക്കാരുടേയും, പേർഷ്യക്കാരുടേയും മഹത്തായ കൃതികൾ വിവർത്തനം ചെയ്യപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്തു. യൂറോപ്പ് അന്ധകാരത്തിലായിരുന്ന കാലഘട്ടത്തിൽ വിവിധ മതങ്ങളിലും സംസ്ക്കാരങ്ങളിലുമുള്ള പണ്ഡിതന്മാർ പ്രബുദ്ധമായ ഈ സാമ്രാജ്യത്തിലേക്ക് ആകർഷിക്കപ്പെടുകയായിരുന്നു.

ക്രമേണ ഭരണാധികാരം ഒരു രാജവംശത്തിൽ നിന്നും മറ്റൊരു രാജവംശത്തിലേക്ക് മാറിക്കൊണ്ടിരുന്നു. സിറിയ ആസ്ഥാനമായ ഉമയ്യാദുകളി (ക്രിസ്തുവർഷം 661-750) ൽ നിന്നു മെസെപെട്ടോമിയ ആസ്ഥാനമായ അബ്ബാസിയ്യാ രാജവംശത്തിലേക്ക് (ക്രിസ്തുവർഷം 750-1258) ഭരണം മാറി. ഇക്കാലത്ത് മുസ്‌ലിംകൾക്കിടയിലുള്ള ഐക്യം നശിക്കുകയും കയ്റോവിലും കൊർഡോവയിലും വിമത ഖിലാഫത്ത് സ്ഥാപിക്കപ്പെടുകയും ചെയ്തു. എന്നിട്ടും ഇസ്‌ലാമും മുസ്‌ലിം സംസ്ക്കാരവും ജനങ്ങളെ ഏകീകരിച്ചു. ഇസ്‌ലാം മതം ശക്തിയാർജ്ജിച്ചു. ഇസ്തംബൂൾ കേന്ദ്രമായി ഉസ്മാനിയ്യാ സാമ്രാജ്യം (1281-1924) തുർക്കിയുടെ അധികാരത്തിൻ കീഴിൽ മുസ്‌ലിം ലോകത്തെ പുനരേകീകരിക്കുകയാണുണ്ടായത്. മുസ്‌ലിംകളിൽ വീണ്ടും സ്വരച്ചേർച്ചയുണ്ടായി. യൂറോപ്പിലും വടക്കെ ആഫ്രിക്കയിലും നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ അത് ഭൂതകരമായ നിർമ്മിതി മുസ്‌ലിം സംസ്ക്കാരത്തിന്റെ അഭിവൃദ്ധിക്ക് കാരണമായിരുന്നു.

ഉസ്മാനിയ സാമ്രാജ്യത്തിൽ, ഇസ്‌ലാമിക സിദ്ധാന്തങ്ങളായ പരിപൂർണ്ണ നീതി, ദയ, സത്യസന്ധമായ പെരുമാറ്റം എന്നിവയുടെ ഉന്നതമായ നിലവാരം ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു. ഉസ്മാനിയ്യാ സാമ്രാജ്യം വളർന്ന് കിഴക്ക് തുർക്കി, സിറിയ, ഇറാഖ്, അറേബ്യ എന്നിവിടങ്ങളിലേക്കും ബാൽക്കൻസ്, ഹങ്കറി, ഗ്രീസ്, റൊമാനിയ, ബൾഗേറിയ എന്നിവിടങ്ങളിലേക്കും കരിങ്കടലിന്ന് ചുറ്റുമുള്ള മറ്റു രാജ്യങ്ങളിലേക്കും തെക്കൻ ആഫ്രിക്കയുടെ മിക്കവാറും ഭാഗങ്ങളിലേക്കും

ഈജിപ്ത് മുതൽ അൽജീരിയവരെയും വ്യാപിച്ചു. എന്നിരിക്കിലും മതപരമായ അധ:പതനത്തിന്റെ ചരിത്രം സ്വയം ആവർത്തിച്ചു. ഭരണകർത്താക്കളായ സുൽത്താൻമാർ മതവും സംസ്ക്കാരവും കൂട്ടിക്കലർത്തി കുഴപ്പത്തിലാക്കി. അധികാര വടംവലികാരണം സഹോദരന്മാർ തമ്മിലും ഗോത്രങ്ങൾ തമ്മിലും സംഘർഷത്തിനിടവരുത്തി. അങ്ങനെ ക്രമേണ ഇസ്ലാം വിസ്മരിക്കപ്പെടുകയും സാമ്രാജ്യത്തിന് അതിന്റെ ഐക്യവും ശക്തിയും നഷ്ടമാവുകയും ചെയ്തു.

## വാഗ്ദത്ത മസീഹിന്റെ കാലത്തെ ഇസ്ലാം

കഴിഞ്ഞ നൂറു വർഷക്കാലത്തിനിടയിൽ മുസ്ലിം ലോകം അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെടാൻ തുടങ്ങി. അവർക്ക് വാഗ്ദത്ത മസീഹി (അ)ന്റെ സന്ദേശത്തെക്കുറിച്ച് സ്വയം വിധി പറയാൻ അവസരമുണ്ടായിട്ടുണ്ട്. കോടിക്കണക്കിനാളുകൾ ഇസ്ലാമിന്റെ പരിഷ്ക്കർത്താവിനെ അംഗീകരിക്കുകയും കോടിക്കണക്കിനാളുകൾ നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. നിരാകരണം പലപ്പോഴും തെറ്റിദ്ധാരണയും അജ്ഞതയും കാരണമായാണ്. പക്ഷേ, മുസ്ലിം ഭരണാധികാരികൾ ഇതൊരു രാഷ്ട്രീയ പ്രശ്നമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അത് നമുക്ക് പിന്നീട് വിവരിക്കാം. വാഗ്ദത്ത മസീഹിന്റെ കാലത്ത് മുസ്ലിം രാജ്യങ്ങൾക്ക് രാഷ്ട്രീയ ഭരണാധികാരം ഉണ്ടായിരുന്നെങ്കിലും ഇസ്ലാം പതിതാവസ്ഥയിലായിരുന്നു. ചില ക്രിസ്ത്യൻ പ്രബോധകർ ലോകം മുഴുവനും യൂറോപ്യൻ കൊളോണിയലിസത്തെ പിന്തുടരുകയും ഇസ്ലാമിനെതിരിൽ വ്യാജ പ്രചാരണം തുടരുകയും ചെയ്തു. രണോത്സുകരും തീവ്രവാദികളുമായ നിരവധി ആളുകൾ മുസ്ലിം ലോകത്തുണ്ടായിട്ടുണ്ട്. എന്നാൽ ഇസ്ലാമിനെതിരിലുള്ള മതപരമായ കടന്നാക്രമണങ്ങളെ പ്രതിരോധിക്കാൻ വളരെ കുറച്ചു പേരേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഈ വെല്ലുവിളിയെ വളരെ വിജയകരമായ നിലയിൽ നേരിട്ട പ്രമുഖ വ്യക്തിയായിരുന്നു വാഗ്ദത്ത മസീഹ് (അ). ഇത് മുസ്ലിംകളുടെ ഒരു തലമുറയെത്തന്നെ പ്രചോദിതരാക്കുകയും മതപരമായ താല്പര്യം ഒരിക്കൽ കൂടി അവരിൽ ഉണരുകയുമുണ്ടായി. പക്ഷേ, വാഗ്ദത്ത മസീഹിന്റെ സ്വാധീനം വളർന്നുവരുന്ന അദ്ദേഹത്തിന്റെ സമുദായത്തിൽ മാത്രം പരിമിതമായിരുന്നു. എന്നാൽ ഇതര മുസ്ലിംകൾ അത്യാഗ്രഹത്തിനും രാഷ്ട്രീയ ഉപജാപത്തിനും അടിപ്പെട്ടവരായിരുന്നു.

വാഗ്ദത്ത മസീഹ് (അ) തന്റെ ദൗത്യം വിവരിച്ചിരുന്നത് ഇങ്ങനെയായിരുന്നു :

''ലോകത്തിന്റെ അവസ്ഥയും ഭൂതലം മുഴുവൻ അനുസരണക്കേടും പാപവും നിറഞ്ഞിരിക്കുന്നുവെന്ന കാര്യവും കാരണം സർവ്വശക്തനായ ദൈവം സത്യത്തിന്റെ പ്രചാരണത്തിനും ജനങ്ങളെ പുനരുദ്ധരിക്കുവാനും എന്നെ നിയോഗിച്ചു. അങ്ങനെ ഞാൻ ദൈവാജ്ഞ പ്രകാരം എഴുത്തുമുഖേനയും പ്രഖ്യാപനങ്ങൾ മുഖേനയും, ദീനിന്റെ പുനരുദ്ധാരണാർത്ഥം നൂറ്റാണ്ടിന്റെ തലക്കൽ ആഗതനായ വ്യക്തി ഞാനാണെന്ന് ലോകത്തെ അറിയിച്ചു. ഭൂമിയിൽ നിന്നും തിരോധാനം ചെയ്ത സത്യവിശ്വാസത്തെ പുനസ്ഥാപിക്കലായിരുന്നു എന്റെ ലക്ഷ്യം. ദൈവഹസ്തത്തിന്റെ കാന്തശക്തി കൊണ്ട് മനുഷ്യകുലത്തെ പരിഷ്ക്കരണങ്ങളിലേക്കും സാത്വികതയിലേക്കും സത്യത്തിലേക്കും ആകർഷിക്കുകയായിരുന്നു എന്റെ ഉദ്ദേശ്യം. സിദ്ധാന്തപരമായ തെറ്റുകളെ തിരുത്തുകയും ജനങ്ങളുടെ സ്വഭാവം സംസ്കരിക്കുകയും ചെയ്യൽ എന്റെ ഉദ്ദേശ്യത്തിൽപ്പെട്ടതായിരുന്നു. ആദ്യമേ, മുസ്ലിംകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട മസീഹും, തിന്മ വ്യാപിക്കുകയും ഇസ്ലാം അധ:പതിക്കുകയും ചെയ്യുന്ന കാലത്ത് ദൈവാജ്ഞ പ്രകാരം ആഗതനാകുമെന്ന് പറയപ്പെട്ടിട്ടുള്ള മഹ്ദിയും ദൈവത്താൽ നേരിട്ട് മാർഗ്ഗദർശനം ചെയ്യപ്പെടുകയും സ്വർഗ്ഗീയ വിരുന്നിന് മനുഷ്യരെ ക്ഷണിക്കുകയും ചെയ്യുന്ന

| രാജ്യം | മുസ്ലിം ജനസംഖ്യ | ശതമാനം |
|---|---|---|
| ഇന്തോനേഷ്യ | 1,69,990,000 | 88% |
| പാക്കിസ്ഥാൻ | 1,25,320,000 | 97% |
| ഇന്ത്യ | 101,050,000 | 11% |
| ബംഗ്ലാദേശ് | 99,280,000 | 85% |
| ഇറാൻ | 62,430,000 | 98% |
| തുർക്കി | 61,230,000 | 99% |
| ഈജിപ്ത് | 53,140,000 | 91% |
| നൈജീരിയ | 48,760,000 | 51% |
| മൊറോക്കൊ | 27,480,000 | 99% |
| അൽജീരിയ | 27,230,000 | 99% |
| ഉസ്ബെക്കിസ്ഥാൻ | 25,430,000 | 69% |
| സുഡാൻ | 20,300,000 | 72% |
| ഇറാഖ് | 19,820,000 | 96% |
| എത്യോപ്യ | 19,080,000 | 35% |
| സൗദി അറേബ്യ | 17,990,000 | 99% |
| ചൈന | 57,940,00 | 1.5% |
| അഫ്ഗാനിസ്ഥാൻ | 17,520,000 | 99% |
| സിറിയ | 12,880,000 | 27% |
| മലേഷ്യ | 11,220,000 | 60% |
| യെമൻ | 10,990,00 | 90% |
| കസാക്കിസ്ഥാൻ | 10,420,000 | 60% |
| താൻസാനിയ | 8,820,000 | 30% |
| സോമാലിയ | 8,710,000 | 99% |
| സെനഗൽ | 7,640,000 | 91% |

ആളും, പതിമൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് നബി തിരുമേനി (സ) ഏതൊരാളെക്കുറിച്ച് പ്രവചനം നടത്തിയോ ആ ആളും ഞാൻ തന്നെയാണെന്ന് ദൈവിക വെളിപാടുകൾ മുഖേന വളരെ വ്യക്തമായ നിലയിൽ എനിക്കറിയിക്കപ്പെട്ടു. സംശയാതീതമായ നിലയിൽ വളരെ വ്യക്തമായും നിരന്തരമായും ഇക്കാര്യത്തിൽ എനിക്ക് ദൈവിക വെളിപാടുണ്ടായി. ആ വെളിപാടിലടങ്ങിയ മഹത്തരമായ പ്രവചനങ്ങൾ പകൽ വെളിച്ചം പോലെ പൂർത്തിയാവുകയും ചെയ്തു. ആ വെളിപാടുകളുടെ ആധിക്യവും അത്ഭുതകരമായ ശക്തിയും കാരണം അവ വിശുദ്ധ ഖുർആൻ ഇറക്കിയ ഏകനായ, പങ്കുകാരനില്ലാത്ത, ആ ദൈവത്തിന്റെ വചനങ്ങളാണെന്ന് ദൃഢമായി വിശ്വസിക്കുവാൻ ഞാൻ നിർബ്ബന്ധിതനായി. (തദ്ക്കിറത്തുശ്ശഹാദത്തൈൻ പേജ് 1-2)

വീണ്ടും അദ്ദേഹം പ്രസ്താവിക്കുന്നു: ദൈവവും അവന്റെ സൃഷ്ടികളും തമ്മിലുള്ള ബന്ധത്തിൽ വന്നുപെട്ടിട്ടുള്ള ആകുലത നീക്കി അവർ തമ്മിൽ സ്നേഹവും ആത്മാർത്ഥയും സ്ഥാപിക്കലാണ് എന്റെ നിയോഗോദ്ദേശ്യം.

സത്യപ്രഖ്യാപനം മുഖേന മതപരമായ യുദ്ധങ്ങൾക്ക് വിരാമമിട്ടു സമാധാനം സ്ഥാപിക്കുകയും അങ്ങനെ ലോക ദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കുന്ന ദൈവികാനുഗ്രഹങ്ങളെ പ്രകടമാക്കുകയും ചെയ്യലാണ് എന്റെ കടമ. സ്വാർത്ഥതയുടെ അന്ധകാരം കൊണ്ട് മറക്കപ്പെട്ട ആത്മീയതയെ ലോക സമക്ഷം പ്രത്യക്ഷപ്പെടുത്താൻ ഞാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

പ്രാർത്ഥനകൊണ്ടും ധ്യാനം കൊണ്ടും പ്രകടമാവുകയും ജനഹൃദയങ്ങളിൽ ആഞ്ഞിറങ്ങുകയും ചെയ്യുന്ന ദൈവിക ഗുണങ്ങൾ വെറും വാക്കുകൾ കൊണ്ട് മാത്രമല്ല പ്രായോഗികമായിത്തന്നെ വെളിപ്പെടുത്തേണ്ടത് എന്റെ ചുമതലയാണ്. ശിർക്കിൽ നിന്നും സംശയങ്ങളിൽ നിന്നും വിമുക്തമായ, ലോകത്ത് നിന്നും തിരോധാനം ചെയ്ത പരിശുദ്ധവും തിളക്കമാർന്നതുമായ തൗഹീദിനെ ഒരിക്കൽ കൂടി ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുകയാണ് എന്റെ ആഗമനോദ്ദേശ്യങ്ങളിൽ ഏറ്റവും പ്രധാനമായത്. ഇക്കാര്യങ്ങളെല്ലാം നിവൃത്തിയാവുന്നത് എന്റെ ശക്തികൊണ്ടല്ല. ആകാശഭൂമികളുടെ ദൈവമായ അവന്റെ ശക്തികൊണ്ടാണ് (ലക്ച്ചർ ലാഹോർ പേജ് 47) Ahmadiyyath: Renaissance of Islam എന്ന സർ മുഹമ്മദ് സഫറുല്ലാഖാന്റെ ഗ്രന്ഥത്തിൽ നിന്നുദ്ധരിച്ചത്)

## കഴിഞ്ഞ നൂറ്റാണ്ടിലെ പതനം

കഴിഞ്ഞ നൂറുവർഷങ്ങളായി ഇസ്ലാമിന് എന്താണ് സംഭവിച്ചത്? മതം പൊതുവിൽത്തന്നെ രാഷ്ട്രീയത്തിൽ ആഗിരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇസ്ലാമും ഇതിൽ നിന്നും ഒഴിവല്ല. അതിന്റെ ഫലമായി ഒരു കാലത്ത് പ്രതാപത്തിൽ കഴിഞ്ഞിരുന്ന ഇസ്ലാമിക സാമ്രാജ്യം ആത്മീയ പ്രബുദ്ധതയില്ലാത്ത രാഷ്ട്രീയക്കാരുടെ കൈകളിൽ വന്നുചേർന്നിരിക്കുകയാണ്. ഇതുകൂടാതെ അഹ്മദിയ്യാ ജമാഅത്തൊഴിച്ചുള്ള മുസ്ലിം സമുദായത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയുടെ പ്രകടമായ അഭാവം കാരണം ഇന്ന് ഐക്യമില്ലാതായിരിക്കുന്നു. മദ്ധ്യധരണ്യാഴിക്ക് ചുറ്റുമുള്ള ഉസ്മാനിയ്യാ സാമ്രാജ്യത്തിന്റെ തകർച്ച കാരണമായി ബോസ്നിയ, കൊസോവ മുതലായവ ദുർബ്ബല രാജ്യങ്ങളായി മാറിയിരിക്കുകയാണ്. അവ അയൽ രാജ്യങ്ങളുടെ ക്രൂരത കാരണമായി ദുരിതമനുഭവിക്കുകയുമാണ്. ലക്ഷക്കണക്കിന് മുസ്ലിംകളുടെ ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ട് വിലക്കുറവിൽ എണ്ണ ലഭിക്കണമെന്ന വ്യാപാര താൽപര്യം മുൻനിർത്തി മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെ മുസ്ലിംകളുടെ ഐക്യമില്ലായ്മയും ശക്തിക്ഷയവും ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത് മറ്റു മുസ്ലിം രാജ്യങ്ങൾ നിശ്ശബ്ദരായി നോക്കി നിൽക്കുകയാണ്. ഫലസ്തീൻ നശിച്ചുകൊണ്ടിരിക്കുന്നു. അത് ഇസ്രായേലിന്റെ ഭൂമി വികസനത്തിന് വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭീകരത ആരോപിക്കപ്പെട്ടു ലിബിയയിലും സിറിയയിലും യുദ്ധ ത്തിന്റെ ശ്രുതിമുഴങ്ങിക്കൊണ്ടിരിക്കുന്നു. പലപ്പോഴും ഇത് മതത്തിന്റെ പേരിലാണ്. അഫ്ഗാനിസ്ഥാനിലെ പരാജിതരായ താലിബാൻ ഭരണം, തങ്ങൾ വിഭാവനം ചെയ്യുന്ന ഇസ്ലാമിനെ കഠിനമായ നടപടികളിലൂടെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു.

ഏതൊരു മതത്തിന് വേണ്ടിയാണോ ഇവർ പോരാടുന്നത്, അത് വിസ്മരിക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥ ഇസ്ലാമിക സിദ്ധാന്തങ്ങൾ വിനഷ്ടമായിരിക്കുന്നു. ഇസ്ലാമിക ശാസ്ത്രം ഇന്ന് ചരിത്രപുസ്തകങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. ആരാധനയും ആത്മീയ ഔന്നത്യവും സംബന്ധിച്ച ധാരണ ദുഷിച്ചു പോകയും പകരം നിഘണ്ടുവിൽ 'ജിഹാദ്' , 'ഫത്വ' എന്നീ പദങ്ങൾക്ക് മൗലിക' വാദികളാൽ പുതിയ അർത്ഥം നൽകപ്പെട്ട് തെറ്റിദ്ധാരണയുളവാക്കിയിരിക്കുന്നു. ഒറിയന്റിലിസ്റ്റ് എഴുത്തുകാരും മാദ്ധ്യമങ്ങളും ഈ പദങ്ങൾ ഇസ്ലാമികദ്ധ്യാപനങ്ങൾക്കെതിരിൽ പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ ഉപയോഗപ്പെടുത്തുകയാണ്. മുൻ സോവിയറ്റ് സാമ്രാജ്യത്തിൽ ഇസ്ലാം, ക്രിസ്തുമതം എന്നിവയുടെ മതപരമായ ആചാരങ്ങൾ അടിച്ചമർത്തപ്പെട്ടിരുന്നു. ഇതിനെ അദ്ധ്യാത്മവാദപരമായ ഒരു ഭീഷണിയായി ആ രാജ്യം കരുതുകയും ഏക കക്ഷി ഭരണം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അനേക വർഷത്തെ കഠിന യത്നത്തിന് ശേഷവും അവർക്ക് മതത്തെ മനുഷ്യ ഹൃദയങ്ങളിൽ നിന്നും നിഷ്ക്കാസനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ ആ സാമ്രാജ്യം അവസാനം പിരിച്ചുവിടപ്പെട്ടു. ദൗർഭാഗ്യവശാൽ ഇതുപോലുള്ള സംഭവങ്ങളാൽ ചിലപ്പോൾ മതങ്ങൾ വ്യക്തമായ ഒരുരാഷ്ട്രീയായുധമായി മാറുന്നു. സമൂഹം ഒരു രാഷ്ട്രീയമായി ഒരു അറ്റത്ത് നിന്ന് മറ്റൊരറ്റത്തേക്ക് പോകുമ്പോൾ മതപരമായ ചിന്തയും അങ്ങനെ നീങ്ങുന്നു. തീവ്രവാദപരമായ പ്രവണത കഴിഞ്ഞ 30 വർഷങ്ങളോളമായി കിഴക്കൻ യൂറോപ്പിൽ വളർന്നു വരാനുള്ള കാരണങ്ങളിലൊന്നിതാണ്.

നബി തിരുമേനി (സ) പ്രവചിച്ച പ്രകാരം ഇസ്ലാമിൽ ഇപ്പോൾ 73 വിഭാ

ഗങ്ങളുണ്ട്. നബി (സ) പറഞ്ഞതായി അബ്ദുല്ലാബിൻ അമർ (റ) നിവേദനം ചെയ്യുന്നു: ഇസ്രായീൽ ജനതയിൽ സംഭവിച്ചതുപോലെ എന്റെ ഉമ്മത്തിലും സംഭവിക്കും. അവർ തമ്മിൽ ഒരു ജോഡി ചെരിപ്പുപോലെ സാമ്യതയുണ്ടായിരിക്കും. എത്രത്തോളമെന്നാൽ ഇസ്രായിൽ ജനതയിൽ ആരെങ്കിലും തന്റെ മാതാവിനെ പരിഗ്രഹിച്ചിട്ടുണ്ടെങ്കിൽ എന്റെ ഉമ്മത്തിലും അങ്ങനെ സംഭവിക്കും. ഇസ്രായേലികൾ 72 വിഭാഗങ്ങളായതുപോലെ എന്റെ സമുദായം 73 കക്ഷികളായിരിക്കും. അവരിൽ ഒന്നൊഴികെ മറ്റെല്ലാവരും നരകാവകാശികളായിരിക്കും.

അനുചരന്മാർ ചോദിച്ചു: "അല്ലയോ അല്ലാഹുവിന്റെ ദൂതരേ, ആരാണവർ?" തിരുമേനി (സ) അരുളി. " അവർ ഞാനും അനുചരന്മാരും ഉള്ള അവസ്ഥയിലായിരിക്കും" (തിർമിദി, കിത്താബുൽ ഈമാൻ).

ഈ 73 കക്ഷികളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ് ചില മുസ്‌ലിം രാഷ്ട്രങ്ങളിൽ അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്, പ്രത്യേകിച്ചും മറ്റു 72 കക്ഷികളാലും. ഇസ്‌ലാം മതം അനുഷ്ഠിക്കാനുള്ള അവകാശം പോലും അഹ്മദികൾക്ക് നിഷേധിക്കപ്പെട്ടിരിക്കയാണ്. ആരാധനയും ഇസ്‌ലാമിക രീതിയിലുള്ള അഭിവാദനം ചെയ്യുന്നത് പോലും പാക്കിസ്ഥാനിൽ ക്രിമിനൽ കുറ്റമാണ്. അഹ്മദികൾക്ക് മക്കയിൽ ഉംറക്കും ഹജ്ജിനും പോകാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. സഊദി അറേബ്യയിൽ അഹ്മദികളെ ജയിലിലടക്കാൻ കാരണമാവുന്ന കുറ്റമാണ് അവ. നൂറ്റാണ്ടുകൾക്ക് മുമ്പ് നബി തിരുമേനി (സ) പ്രബോധിച്ച സുന്ദരമായ മതം നശിച്ചുപോയതായിക്കാണാം.

രാഷ്ട്രീയം, തത്വജ്ഞാനത്തേയും മതത്തേയും മറികടന്നപ്പോൾ ഇസ്‌ലാമിക സാമ്രാജ്യങ്ങൾക്കുണ്ടായ ദുർവ്വിധിയും ഇതു തന്നെയാണ്. സ്പെയിനിലെ (അൽ-അന്തലൂസ്)ഖിലാഫത്തിന്റെ ചരമം നാം ദർശിച്ചു. തുടർച്ചയായ ഖിലാഫത്തിന്റെ പതനവും, ഒടുവിൽ ഉസ്മാനിയ്യാ ഖിലാഫത്തിന്റെ പതനവും നാം കണ്ടു. ഇസ്‌ലാമിക ലോകം പ്രത്യേക രാജ്യങ്ങളായി ഭാഗിക്കപ്പെട്ടിരിക്കുകയാണ്. സമാധാനവും രഞ്ജിപ്പും സ്ഥാപിക്കുന്നതിന് പകരം അവർ തങ്ങളുടെ ഊർജ്ജം ചെലവഴിക്കുന്നത് പരസ്പരം യുദ്ധം ചെയ്യുന്നതിലാണ്. അതേ സമയം മുസ്‌ലിംകളെ ഒരിക്കൽ കൂടി പ്രതാപത്തിലേക്ക് നയിക്കാൻ വേണ്ടി മഹ്ദി ഇമാം ആഗതനാവുമെന്ന പ്രതീക്ഷയിൽ കഴിയുകയാണവർ. ആ മഹ്ദിയെ എങ്ങനെ തിരിച്ചറിയും എന്ന കാര്യത്തിലും അഭിപ്രായഭിന്നതയുണ്ട്. അതിനാൽ ആഗതനായ മഹ്ദിയെ സ്വീകരിക്കുന്നതിൽ അവർ പരാജയമടഞ്ഞു.

## ഇസ്‌ലാമിന്റെ ഭാവി

ഇനി ഇസ്‌ലാമിന്റെ ഭാവി എന്താണ്? നിർഭാഗ്യവശാൽ മാദ്ധ്യമങ്ങളുടെ പ്രചാരണം കാരണമായി ഭീകരവാദത്തേയും മതമൗലികവാദത്തേയും ഇസ്‌ലാമുമായി കോർത്തിണക്കാൻ വളരെയധികം സംസാരങ്ങൾ നടക്കുന്നു.

ലോകാടിസ്ഥാനത്തിലും സാമ്പത്തിക കാര്യങ്ങളുടെ പരസ്പരധാരണയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിലും ലോകത്തെങ്ങുമുള്ള പ്രബുദ്ധരായ ജനങ്ങൾ മുസ്‌ലിംകളുമായി കൂടുതൽ ബന്ധം സ്ഥാപിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ലോകമാദ്ധ്യമങ്ങൾ ഇസ്‌ലാമിനെതിരിൽ തീവ്രപരിശ്രമം നടത്തിയിട്ടും ആത്മ രക്ഷാർത്ഥമോ അല്ലെങ്കിൽ മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിൽ നിന്ന് സജീവമായി തടയപ്പെട്ടാലോ അല്ലാതെ യുദ്ധം ചെയ്യാൻ വിശുദ്ധ ഖുർആനോ ഹദീസുകളോ മുസ്‌ലിംകളെ അനുവദിക്കുന്നില്ല എന്ന കാര്യത്തിൽ ജനങ്ങൾ ബോധവാന്മാരായിരിക്കുകയാണ്. ആധുനിക ലോകത്ത് ആദ്യം പറഞ്ഞ സാഹചര്യമല്ല ഉള്ളത്. യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലും മുസ്‌ലിംകൾക്ക് ആരാധനാ സ്വാതന്ത്ര്യം ഉണ്ട്. വാഷിംഗ്ടൺ, ലണ്ടൻ, റോം, സിഡ്നി, ചൈന തുടങ്ങിയ ലോകത്തിലെ മഹാനഗരങ്ങളിലെല്ലാം പള്ളികൾ നിർമ്മിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. ഈ എല്ലാ രാജ്യങ്ങളിൽ നിന്നും മക്കയിലേക്ക് തീർത്ഥാടനം നടത്താനും തങ്ങളുടെ മതപരമായ കാര്യങ്ങൾ നിർവ്വഹിക്കാനും അവർക്ക് തടസ്സമില്ല. പിന്നെ എങ്ങനെയാണ് ഒരു വിശുദ്ധ യുദ്ധത്തിന്റെ രംഗം ഉരുത്തിരിയുന്നത് ? പ്രത്യക്ഷത്തിൽ കാണാൻ പറ്റിയ ഒരു ചുരുങ്ങിയ എണ്ണം തീവ്രവാദികൾക്ക് ലോക മാദ്ധ്യമങ്ങളിൽ അവരുടെ വീക്ഷണം അവതരിപ്പിക്കാൻ കൂടുതൽ സമയം കിട്ടുന്നു. എന്നാൽ കോടിക്കണക്കിന് വരുന്ന ഭൂരിപക്ഷ മുസ്‌ലിംകൾ സമാധാനപ്രേമികളാണ് താനും. ഒരു ഒറ്റപ്പെട്ട ചാവേറുകാരന് വിശാലമായ മുസ്‌ലിം സമുദായത്തേക്കാൾ വേഗത്തിൽ മറ്റുള്ളവരുടെ അഭിപ്രായം മാറ്റാൻ സാധിക്കുന്നു. വ്യക്തമായ മാർഗ്ഗഭ്രംശിയായ ഒരു മതഭ്രാന്തന്റെ വീക്ഷണം എടുത്ത് ഭൂരിപക്ഷ മുസ്‌ലിംകളുടെ അഭിപ്രായമാക്കി മാറ്റുന്നത് തെറ്റാണ്. ഭൂരിപക്ഷ മുസ്‌ലിംകളുടെ വീക്ഷണം ആ മതഭ്രാന്തൻ പ്രതിനിധികരിക്കുന്നില്ല. മാത്രവുമല്ല, അയാളുടെ ദുഷ്ചെയ്തിക്ക് ഇസ്‌ലാമികദ്ധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല.

വൈരുദ്ധ്യമെന്ന് പറയട്ടെ, പീഡിതരും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമായ ഒരു വിഭാഗമുണ്ട്. അവർക്ക് തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി യുദ്ധം ചെയ്യാനുള്ള നീതീ കരണവുമുണ്ട്. എന്നിട്ടും അവർ തങ്ങളുടെ വിശുദ്ധ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹിന്റെ നിർദ്ദേശം മാനിച്ചുകൊണ്ട് പ്രാർത്ഥനയിലും ദൈവിക ശക്തിയിലും ആശ്രയം കൊണ്ടിരിക്കുകയാണ്. അവർ യുദ്ധത്തിന് മുതിരുന്നില്ല.

അതേസമയം മതപരമായ ആശയവിനിമയങ്ങളും നടത്തുന്നുണ്ട്. കഴിഞ്ഞ നൂറുവർഷങ്ങൾക്കിടയിൽ മഹാന്മാരായ മത താരതമ്യശ്ശാസ്ത്ര നിപുണന്മാരായ മിർസിയ എലിയഡ്, ജോസഫ് കാമ്പൽ എന്നിവർ സുസ്ഥാപിതമായ ലോകമതങ്ങളെക്കുറിച്ചുള്ള അറിവ് മാത്രമല്ല വർദ്ധിച്ചിപ്പിച്ചിട്ടുള്ളത്. പ്രാകൃതരായ അബോറിജിനുകളുടെ

*(ശേഷം 26 -ാം പേജിൽ)*

ലേഖനം

# അനുഗ്രഹം തേടിയെത്തുന്ന രാജാക്കന്മാർ

മുഹമ്മദ് ഉമർ എച്ച്. എ.

## ഹസ്റത്ത് അഹ്മദ് (അ) നുണ്ടായ ഒരു ദിവ്യദർശനത്തിന്റെ സാക്ഷാൽക്കാരമായിക്കൊണ്ട് അശ്വാരൂഢരായി വന്ന രാജാക്കന്മാർ - അവിടുത്തെ തിരുശേഷിപ്പുകളിൽ നിന്നും അനുഗ്രഹങ്ങൾ കൈപ്പറ്റിയ അത്ഭുത സംഭവത്തെപറ്റി

എളിമയുടെ കളിത്തൊട്ടിലിലാണ് ദൈവിക പ്രസ്ഥാനങ്ങളെ അല്ലാഹു വളർത്തിക്കൊണ്ടു വരുന്നത്. ദൈവദൂതന്മാരാൽ ബീജാവാപം ചെയ്യപ്പെടുന്ന ദൈവിക പ്രസ്ഥാനങ്ങളും ചെങ്കോലേന്തിയ അധികാര സ്ഥന്മാരും തമ്മിൽ ഒരു വിപരീത ബന്ധം ചരിത്രത്തിൽ നമുക്ക് ദർശിക്കാനാവും.

അധികാരത്തിന്റെ ഔദ്ധത്യത്തിൽ ചെങ്കോലേന്തിയ രാജാധിരാജന്മാർ, ദൈവിക ഹസ്തങ്ങളിൽ എളിമയിൽ വളരുന്ന ദൈവിക പ്രസ്ഥാനങ്ങളെ പിഴുതെറിയാൻ കൈനീട്ടുകയും ദിവ്യാത്മാക്കളുടെ മേൽ ഭീകരമായ മർദ്ദനങ്ങളും പീഡനങ്ങളും അഴിച്ചു വിടുകയും ചെയ്യുന്നു. കാലം ഒഴുകി ത്തെളിയുമ്പോൾ ചിരസ്ഥായിയായ ദൈവിക പ്രസ്ഥാനങ്ങൾ അനുപദം പ്രതാപങ്ങളുടെ സോപാനങ്ങൾ പൂകുന്നു. അവർക്കു മുമ്പിൽ പ്രതിബന്ധങ്ങളായി നിന്ന രാജകേസരികൾ ദൈവശാപത്തിന്റെ ഇടിവെട്ടേറ്റ് ഉണക്കപ്പുല്ലുപോലെ ധൂളീകരിക്കപ്പെട്ടുപോകുന്നു. ഒരു കവി പാടിയത് പോലെ

"അന്നുഞാനാശൈര്യത്തിന്നുത്തുംഗ ശൃംഗാഗ്രത്തിൽ
നിന്നുമൽ പ്രതാപവും പ്രൗഢിയും കാണും കാലം
പാരിലെ നഗരങ്ങളെൻ പടക്കുതിരതൻ
പാദത്തിൽ ചട ചടാരവത്താൽ ഞെട്ടുംകാലം
..........................................................................
വരുവീൻ പഠിക്കുവീൻ രാജാധിരാജന്മാർ തൻ
ചരിതം മദീയമാ മീമണി പ്രാസാദത്തിൽ
മൃത്യുനിശ്വാസം കൊടുങ്കാറ്റു പോലേറ്റപ്പോളാ
ക്ഷിത്യധീശന്മാരെല്ലാ മുണക്കപ്പുല്ലായിപ്പോയ്

എളിമയിലും ലാളിത്യത്തിലും ആരംഭിക്കുന്ന ദൈവിക പ്രസ്ഥാനങ്ങൾ അഗ്നി പരീക്ഷണങ്ങളെ അതിജീവിച്ചു കാലക്രമത്തിൽ വിജയ സോപാനങ്ങളുടെ രാജരഥ്യയിലേക്ക് നടന്നുനീങ്ങുമ്പോൾ ചെങ്കോലിന്റേയും സിംഹാസനങ്ങളുടേയും ഉപചാരങ്ങളും ദാസ്യശുശ്രൂഷകളും ഏറ്റുവാങ്ങുന്നു. പിന്നെ ദൈവിക പ്രസ്ഥാനങ്ങളുടെ അനുഗ്രഹങ്ങൾക്ക് വേണ്ടി രാജാക്കന്മാർ യാചനാ ഭാവത്തിൽ ആജ്ഞാനുവർത്തികളായി കാത്തുനിൽക്കുന്നു! ഒരു വിചിത്രമായ ചരിത്ര നിയമമാണിത്. രാജാക്കന്മാരുടെ ആശ്രിതത്വവും അനുഗ്രഹവും ദൈവിക പ്രസ്ഥാനങ്ങളുടെ പ്രാരംഭകാലത്തുണ്ടാകുന്നില്ല. അധികാരസ്ഥരും, ജനങ്ങളും ചേർന്ന് അവരെയെ തിർക്കുമ്പോൾ അല്ലാഹുവിൽ ശരണം തേടിക്കൊണ്ട് ആ ദിവ്യപ്രസ്ഥാനം വളരുന്നു. വളർന്നു വലുതാവുമ്പോൾ മഹിതമായ ആ ദിവ്യസ്ഥാപനത്തിന്റെ അനുഗ്രഹങ്ങൾക്കായി പ്രതാപികളായ രാജാക്കന്മാരും അടുത്തുവരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അധികാരസ്ഥന്മാരിൽ നിന്നുള്ള ഈ രണ്ടു ഭിന്ന പ്രതിഭാസങ്ങളും അഹ്മദിയ്യാ ജമാഅത്തിന്റെ കഴിഞ്ഞ നൂറു വർഷത്തെ ചരിത്രത്തിൽ അനുഭവപ്പെട്ടിട്ടുണ്ട്. ഏറെക്കുറെ സമകാലത്ത് തന്നെ അധികാരസ്ഥരിൽ നിന്നുള്ള പീഡനങ്ങൾ ഒരു ഭാഗത്ത് നടക്കുമ്പോഴും രാജാക്കന്മാർ അഹ്മദിയ്യാ ജമാഅത്തിനെ സ്നേഹവികാരവായ്പോടെ കെട്ടിപ്പുണരുകയും അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ തിരുവസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുകയും ചെയ്യുന്ന അത്ഭുതകരമായ കാഴ്ച ഒരു സത്യപ്രസ്ഥാനത്തിന്റെ അനിഷേധ്യമായ ഒരു തെളിവാണ്. ആ മഹാത്മാവിന്റെ ഒരു പ്രവചനത്തിന്റെ സാക്ഷാൽക്കാരം കൂടിയാണ് അഹ്മദിയ്യാ ജമാഅത്തിലേക്കുള്ള രാജാക്കന്മാരുടെ ഈ രംഗ പ്രവേശം.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യമായി പല പ്രവചനങ്ങളും മുന്നറിയിപ്പുകളും അതത് കാലത്ത് പൂർത്തിയായിക്കൊണ്ടിരിക്കുന്ന യാഥാർത്ഥ്യവും ലോകത്തിനു കാണുവാൻ സാധിക്കുന്നു. അല്ലാഹു തന്റെ അദൃശ്യ കാര്യങ്ങൾ താനിഷ്ടപ്പെടുന്ന തന്റെ ദൂതന്മാർക്ക് അറിയിച്ചു കൊടുക്കുന്നതാണെന്ന് അവൻ അരുൾ ചെയ്യുന്നു. അതായത് :

"അവൻ (അല്ലാഹു) അദൃശ്യ കാര്യങ്ങൾ അറിയുന്നവ

നാകുന്നു. അവൻ തന്റെ ഗോപ്യമായ അറിവു അവൻ തൃപ്തി പ്പെടുന്ന തന്റെ ദൂതനല്ലാതെ മറ്റാർക്കും വെളിപ്പെടുത്തിക്കൊ ടുക്കുന്നതല്ല. തീർച്ചയായും ആ ദൂതന്റെ മുന്നിലും പിന്നിലും കാവൽക്കാരെ ഏർപ്പെടുത്തുന്നതാണ്. (72:27,28)

പ്രസ്തുത ദിവ്യവചനമനുസരിച്ച് അദ്ദേഹത്തിനു ലഭിച്ച പല ദിവ്യവെളിപാടുകളും ദർശനങ്ങളും പൂർത്തിയായിക്കൊ ണ്ടിരിക്കുകയാണ്. എന്നാൽ കണ്ണടച്ചിരുട്ടാക്കുന്നവർക്ക് ഈ ദിവ്യാത്ഭുതങ്ങൾ കാണുവാൻ സാധിക്കുന്നില്ല. കാരണം അല്ലാഹു തന്നെ അരുൾ ചെയ്യുന്നു: "അവർക്ക് ഹൃദയമുണ്ട്, അവകൊണ്ടവർ ഗ്രഹിക്കുന്നില്ല. അവർക്ക് കാതുകളുണ്ട്. അവകൊണ്ടവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ്. അല്ല, അവർ അവയേക്കാൾ വഴി പിഴച്ചവരാ ണ്. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ". (7:180)

വീണ്ടും അരുൾ ചെയ്യുന്നു:

"ആകാശങ്ങളിലും ഭൂമിയിലും എത്രയെത്രയോ ദൃഷ്ടാ ന്തങ്ങൾ ഉണ്ട്. അവർ അവയുടെ അരികിൽ കൂടി (അവ കണ്ടു കൊണ്ട്) എന്നാൽ അവയെക്കുറിച്ച് ശ്രദ്ധിക്കാതെ കട ന്നു കളയുന്നു." (12:108)

ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ സത്യസാക്ഷ്യ ത്തിന് നിദാനമായി ഭാഗികമായി പൂർത്തിയായ ഒരു ദിവ്യവെ ളിപാടിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയാണ്. ഈ ദിവ്യ വെളിപാടു അതിന്റെ പരിപൂർണ്ണതയിലേക്ക് എത്തിച്ചേരുന്ന കാലം വിദൂരമല്ല.

ഈ ഉജ്ജ്വലമായ വിജയ ചിഹ്നങ്ങൾ അഹ്മദിയ്യാ ജമാ അത്തിന് ലഭിക്കുമെന്നുള്ള സുവിശേഷങ്ങൾ അറിയിക്കപ്പെട്ട വാഗ്ദാനങ്ങളുടെ പശ്ചാത്തലത്തെ പറ്റി ചുരുക്കത്തിൽ വിവ രിക്കുകയാണ്. ഹസ്റത്ത് അഹ്മദ് (അ) അരുൾ ചെയ്യുന്നു.

"മൗലവി അബൂസഈദ് മുഹമ്മദ് ഹുസൈൻ ബട്ടാലവി ഒരു കാലത്ത് ഈ വിനീതന്റെ സഹപാഠിയായിരുന്നു. അദ്ദേഹം പുതുതായി മൗലവിപട്ടം ലഭിച്ച് ബട്ടാലയിൽ വന്ന പ്പോൾ അവിടെയുള്ള (യാഥാസ്ഥികരായ) ആളുകൾക്ക് അദ്ദേ ഹത്തിന്റെ ചിന്താഗതിയുമായി പൊരുത്തപ്പെടാൻ സാധിച്ചില്ല. ആ അവസരത്തിൽ ഒരു വ്യക്തി, മൗലവി സാഹിബുമായി അഭിപ്രായ വ്യത്യാസമുള്ള ഒരു പ്രശ്നത്തെപ്പറ്റി വിവാദം നട ത്തുവാൻ ഈ വിനീതനെ നിർബ്ബന്ധിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹത്തിന്റെ വാക്കുകേട്ടു ഈയുള്ളവൻ അദ്ദേ ഹത്തോടൊപ്പം ഒരുവൈകുന്നേരം മൗലവി സാഹിബിന്റെ വസതിയിൽ ചെന്നു. മൗലവി സാഹിബിനെ അദ്ദേഹത്തിന്റെ പിതാവിനോടൊപ്പം പള്ളിയിൽ വെച്ചും കണ്ടു.

ചുരുക്കത്തിൽ അദ്ദേഹത്തിന്റെ വാദം കേട്ടപ്പോൾ അതിൽ ആക്ഷേപാർഹമായിട്ടൊന്നുമില്ല എന്നെനിക്ക് തോന്നി. അതു കൊണ്ടു ദൈവേച്ഛക്കനുസൃതമായി ഞാൻ വിവാദം ഉപേ ക്ഷിച്ചു. രാത്രി അല്ലാഹു തന്റെ ദിവ്യവെളിപാടിൽ ഈ വിവാദം ഉപേക്ഷിച്ചതിനെ സൂചിപ്പിച്ചുകൊണ്ട് എന്നോടു പറ ഞ്ഞു.

"അല്ലാഹു നിന്റെ ഈ പ്രവൃത്തിയിൽ സംതൃപ്തനാണ്. രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്നു അനുഗ്രഹം തേടു മാറ് നിനക്ക് വളരെയധികം അനുഗ്രഹങ്ങൾ നൽകുന്നതാണ്. അതിനുശേഷം ദർശനത്തിൽ കുതിരപ്പുറത്ത് കയറിയ രാജാ ക്കന്മാർ കാണിക്കപ്പെടുകയുണ്ടായി. ഞാൻ അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി മാത്രം വിനയവും താഴ്മയും കൈക്കൊണ്ടത് കൊണ്ട് ഔദാര്യവനായ അല്ലാഹു ഇതി നുള്ള പ്രതിഫലം തരാതെ വിട്ടുകളയരുതെന്ന് ഇച്ഛിക്കുക യുണ്ടായി"

(ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസായിൽ വാള്യം 1 ഭാ: 622)

മറ്റൊരവസരത്തിൽ അരുൾ ചെയ്യുന്നു.

"അല്ലാഹു ചില ഭരണകർത്താക്കളെയും രാജാക്കന്മാ രെയും നമ്മുടെ ജമാഅത്തിൽ പ്രവേശിപ്പിക്കുന്നതാണെന്ന് അവൻ സുവിശേഷമറിയിച്ചിരിക്കുന്നു. അവൻ എന്നോടു അരുൾ ചെയ്തു."

"രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്നു അനുഗ്രഹം തേടുമാറു നിനക്ക് അനുഗ്രഹത്തിനു മേൽ അനുഗ്രഹം നൽകുന്നതാണ്."

(ബറക്കാത്തുദ്ദുആ ഭാ: 35)

പിന്നീടു എനിക്കാരാജാക്കന്മാരെ ദർശനത്തിൽ കാണി ച്ചുതരികയുണ്ടായി. ആറോ ഏഴോ പേരിൽ കുറയാത്ത അവർ കുതിരപ്പുറത്ത് സവാരി ചെയ്തിരുന്നു.

(അൽഹക്കം വാള്യം -6. ലക്കം 38, 24-10-1902)

ഈ ദർശനം ഇന്നു പലവിധത്തിലും പൂർത്തിയായിക്കൊ ണ്ടിരിക്കുകയാണ്. ഹസ്റത്ത് മൂന്നാം ഖലീഫത്തുൽ മസീ ഹിന്റെ കാലത്ത് പടിഞ്ഞാറൻ ആഫ്രിക്കയിലെ യുഗണ്ടാ നാട്ടുത്തലവൻ ഗവർണ്ണർ ജനറൽ സിംഘാട്ടെ ബൈഅത്തു ചെയ്യുകയുണ്ടായി. ഇപ്പോൾ പടിഞ്ഞാറെ ആഫ്രിക്കയിലെ പല രാജ്യങ്ങളിലുമായി പല രാജാക്കന്മാരും അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നിരിക്കുകയാണ്. ഇതുവരെയായി ബെനിൻ നാട്ടിലുള്ള 70 രാജാക്കന്മാർ ബൈഅത്ത് ചെയ്തി രിക്കുന്നു. ഇവരിൽപെട്ട കിംഗ് ഓഫ് പാറോക്കോ അവി ടുത്തെ രാജാക്കന്മാരുടെ അസോസ്യേഷന്റെ പ്രസിഡണ്ടാണ്. അതേ പ്രകാരം ഒരു വിശാലമായ രാജ്യത്തിന്റെ അധിപനായ കിംഗ് ഓഫ് വാസാ കഴിഞ്ഞവർഷം ബൈഅത്ത് ചെയ്തു. പ്രസ്തുത രണ്ടു രാജാക്കന്മാരെയും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് - IV കഴിഞ്ഞ വർഷം ലണ്ടനിൽ നടന്ന അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ക്ഷണിക്കുകയും അവർ ആഗത രാവുകയും ചെയ്തു. രാജകീയ വേഷഭൂഷിതരായ ആ രാജാ ക്കന്മാരെ M.T.A. മുഖേന ലോകത്തിനു ദർശിക്കുവാൻ സാധി ച്ചു.

ഈ രണ്ടു രാജാക്കന്മാർക്കും ഹസ്റത്ത് വാഗ്ദത്ത മസീ ഹിനുണ്ടായ ദിവ്യവെളിപാടിന്റെ പൂർത്തീകരണമെന്നോണം അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ ഒരു കഷണം ഒരു തബർറുക് എന്നോണം നൽകുകയുണ്ടായി.

ഈ രാജാക്കന്മാർ തങ്ങളുടെ പതിനായിരക്കണക്കിലുള്ള പ്രജകളുടെ ഭരണാധിപന്മാരായിരുന്നു. ഇവരിൽ ക്രിസ്ത്യാ നികളും വിഗ്രഹാരാധകരും ചിലർ മുസ്ലിംകളുമായിരു ന്നു. എന്നാൽ ഇപ്പോൾ ഇവർക്ക് അഹ്മദിയ്യാ ജമാഅത്ത്

*(ശേഷം 31 -ാം പേജിൽ)*

ലേഖനം

# അത്ഭുതങ്ങൾ നിറഞ്ഞ ഒരു പ്രബന്ധാവതരണം

**ഹസ്റത്ത് ഭായി അബ്ദുറഹ്മാൻ (റ)ഖാദിയാൻ**

**അനശ്വര ജ്ഞാനത്തിന്റെ ആത്മീയ ഗംഗ വചനസുധയായി അണപൊട്ടിയൊഴുകിയപ്പോൾ സദസ്സ്യരാകെ പ്രതിമകളെപ്പോലെ തരിച്ചിരുന്നു. ദൈവത്തിന്റെ വിജയവാഗ്ദാനമുണ്ടായിരുന്ന ആ പ്രബന്ധത്തിന്റെ അവതരണം അലൗകികമായ ഒരു ദിവ്യവിസ്മയമായിരുന്നു. സർവ്വമതസമ്മേളനത്തിൽ വെച്ച് 'ഇസ്ലാമീ ഉസൂൽ കീ ഫിലോസഫി' (ഇസ്ലാംമത തത്വജ്ഞാനം) എന്ന പേരിലുള്ള വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അവതരിപ്പിച്ചതിന് ദൃക്സാക്ഷിയായ ഒരാളുടെ അനുഭവസാക്ഷ്യം.**

**1896** മധ്യത്തിലായിരുന്നു ആ സംഭവം. സുഗൻചന്ദ്ര എന്ന് പേരുള്ള ഒരു ഹിന്ദുസന്യാസി ഖാദിയാനിൽ ആഗതനായി. പെട്ടെന്ന് അദ്ദേഹം ഞങ്ങളുടെ കൂട്ടത്തിൽ എല്ലാവർക്കും പരിചിതനാവുകയും ചെയ്തു. വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തോട് പ്രത്യേക പരിഗണന കാണിച്ചിരുന്നു. അതുകൊണ്ട് മറ്റുള്ളവർക്കും അദ്ദേഹം പ്രിയങ്കരനായി മാറി.

സ്വാമി സുഗൻചന്ദ്ര അഭ്യസ്തവിദ്യനും വിശാലമനസ്കനുമായ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനായിരുന്നു. വ്യക്തിജീവിതത്തിലുണ്ടായിരുന്ന ചില ദുരന്തങ്ങൾ അദ്ദേഹത്തെ ലൗകിക വിരക്തനാക്കി. കൂടുതൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയ അദ്ദേഹം ഒടുവിൽ സത്യാന്വേഷണതൽപരനായി സർക്കാറുദ്യോഗം ഉപേക്ഷിക്കയാണുണ്ടായത്. സന്യാസിയായി മാറിയ അദ്ദേഹം വളരെയേറെ സഞ്ചരിക്കുകയുണ്ടായി. എത്രമാത്രം അദ്ദേഹം സഞ്ചരിച്ചുവെന്നോ എന്തെല്ലാം കാഴ്ചകൾ അദ്ദേഹം കണ്ടുവെന്നോ എന്തെല്ലാം വർത്തമാനങ്ങൾ അദ്ദേഹം കേട്ടുവെന്നോ ആർക്കും തിട്ടപ്പെടുത്താൻ സാധ്യമല്ലായിരുന്നു. അദ്ദേഹത്തിന്റെ അറ്റമില്ലാത്ത അലച്ചിലിനിടയിൽ വാഗ്ദത്ത മസീഹ് ഹസ്റത്ത്

മിർസാ ഗുലാം അഹ്മദി (അ) പ്പറ്റിയുള്ള വിവരം ആരോ അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം വാഗ്ദത്ത മസീഹിനെ കാണാൻ ആത്മാർത്ഥ ഹൃദയത്തോടെ ഖാദിയാനിൽ വരുകയാണുണ്ടായത്. വാഗ്ദത്ത മസീഹിന്റെ സവിധത്തിൽ നിന്നും വേണ്ടുവോളം അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ അദ്ദേഹം വാഗ്ദത്ത മസീഹിൽ അലിഞ്ഞു ചേരുകയായിരുന്നു. സ്വാമിജി ഖാദിയാനിൽ ദീർഘകാലം താമസിക്കുകയും ചെയ്തു.

ലോകമതങ്ങളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി വിശുദ്ധ ഖുർആന്റെ സത്യസൗന്ദര്യങ്ങളും ഇസ്‌ലാമിന്റെ ഗുണവൈശിഷ്ട്യങ്ങളും തെളിയിച്ചു കാട്ടുക എന്നത് വാഗ്ദത്ത മസീഹിന്റെ ഒരു ആഗ്രഹമായിരുന്നു. അത്തരമൊരു സർവ്വമത സമ്മേളനത്തിൽ മറ്റു മതസ്ഥർക്കും അവരുടെ മതങ്ങളുടെ ഗുണഗണങ്ങൾ സമർപ്പിക്കാനുള്ള സന്ദർഭവും ഉണ്ടാവുമല്ലോ.

വാഗ്ദത്ത മസീഹിന്റെ ഈ നിർദ്ദേശം സത്യവും അസത്യവും തിരിച്ചറിയാനുള്ള ഒരു സന്ദർഭമാവുമെന്ന് സ്വാമി സുഗൻചന്ദ്ര മനസ്സിലാക്കി. ഇങ്ങനെ ഒരു സമ്മേളനം നടത്താനുള്ള എല്ലാ പരിശ്രമങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. കാവി വസ്ത്രധാരിയും അഭ്യസ്തവിദ്യനും പരിചയസമ്പന്നനുമായ സ്വാമിക്ക് ഹിന്ദു കേന്ദ്രങ്ങളിൽ ഈ ആശയവുമായി സമീപിക്കാൻ യാതൊരു പ്രയാസവുമില്ലായിരുന്നു. അദ്ദേഹം മുന്നോട്ടു വെച്ച ഈ അഭിപ്രായം വളരെ ഗൗരവപൂർവ്വം പരിഗണിക്കപ്പെട്ടു. ക്രമേണ ഒരു സർവ്വമത സമ്മേളനം നടത്താനുള്ള ആശയം രൂപപ്പെട്ടു വന്നു.

വളരെയേറെ പ്രയാസങ്ങൾ അതിജീവിച്ചുകൊണ്ടു സർവ്വമത സമ്മേളനം എന്ന ആശയം സാക്ഷാൽകൃതമായി സമ്മേളനത്തിന്റെ തിയ്യതിയും സ്ഥലവും പ്രഖ്യാപിക്കപ്പെട്ടു. 1896 ഡിസംബർ 26,27,28 തിയ്യതികളിൽ ലാഹോറിലെ ടൗൺഹാളിലായിരുന്നു സമ്മേളനം നടത്താൻ തീരുമാനിച്ചത്. സമ്മേളനം നടത്താൻ വേണ്ടി പണ്ഡിതൻമാരും പ്രഗൽഭരുമായ അനേകം വ്യക്തികളെ ഉൾപ്പെടുത്തികൊണ്ട് ഒരു കമ്മിറ്റി രൂപവത്കൃതമായി. സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതറിഞ്ഞ് വാഗ്ദത്ത മസീഹ് സന്തുഷ്ടചിത്തനായി.

സർവ്വമത സമ്മേളനത്തിൽ സമർപ്പിക്കേണ്ട പ്രബന്ധം തയ്യാറാക്കാൻ വാഗ്ദത്ത മസീഹ് തീരുമാനിച്ചു. പക്ഷെ അദ്ദേഹം രോഗബാധിച്ചു ശയ്യാവലംബിതനാവുകയാണുണ്ടായത്. അദ്ദേഹത്തിന്റെ രോഗശമനത്തിനു വേണ്ടി കാത്തിരുന്നാൽ പ്രബന്ധം വൈകുമെന്ന് കരുതി ആ രോഗാവസ്ഥയിൽ തന്നെ ദിവ്യപ്രചോദിതനായി വാഗ്ദത്ത മസീഹ് പ്രബന്ധ രചനയാരംഭിച്ചു. മറ്റു യാതൊരു തയ്യാറെടുപ്പും കൂടാതെ കുറഞ്ഞ സമയത്തിനുള്ളിൽ വാഗ്ദത്ത മസീഹ് വളരെ വേഗത്തിൽ പ്രബന്ധം പൂർത്തിയാക്കി.

സമ്മേളനത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് സുവിശേഷങ്ങളടങ്ങിയ വെളിപാട് വാഗ്ദത്ത മസീഹിന് ലഭിച്ചിട്ടുണ്ടായിരുന്നു. അതിൽ 'ഈ പ്രബന്ധം മറ്റെല്ലാ പ്രബന്ധങ്ങളെയും അതിജയിക്കും ഹൃദയങ്ങൾ അതിനോട് ചായ്‌വുള്ളതായിത്തീരും. സത്യത്തിന്റെ വഴിയിൽ ഇതൊരു അടയാളമായിത്തീരും' എന്നീ സുവിശേഷങ്ങളടങ്ങിയിരുന്നു. ഡിസംബർ 21ന് അച്ചടിച്ചു വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് ഒരു വിജ്ഞാപനമുണ്ടാക്കി. 'സത്യാന്വേഷകർക്ക് ഒരു സുവാർത്ത' എന്നായിരുന്നു അതിന്റെ തലവാചകം. ഈ വിനീതനായ എന്നോട് ഈ ലഘുവിജ്ഞാപനം ലാഹോറിൽ കൊണ്ടുപോയി വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് നിർദ്ദേശിച്ചു. ലാഹോറിലെ പൊതുജനങ്ങൾക്കിടയിൽ വ്യാപകമായി ഈ വിജ്ഞാപനം വിതരണം ചെയ്യണമെന്നും തികയാതെ വന്നാൽ വീണ്ടും അച്ചടിക്കണമെന്നും അദ്ദേഹം പ്രത്യേകം നിർദ്ദേശിക്കുകയുണ്ടായി.

ഏകദേശം അർദ്ധരാത്രിയോടെയാണ് വിജ്ഞാപനം അച്ചടിച്ചു തയ്യാറായത്. അച്ചടിശാലയിൽ നിന്നും അത് ശേഖരിച്ച് ഞാൻ കാൽനടയായി ബട്ടാലയിലേക്ക് വണ്ടികയറാൻ പോയി. 1896 ഡിസംബർ 22 ഉച്ചക്ക് ലാഹോറിലെത്തി. വിതരണത്തിനായി തയ്യാറാക്കി നിർത്തിയ ആളുകൾക്ക് ഞാൻ നോട്ടീസ് ഏല്പിച്ചു.

വളരെയേറെ തടസ്സങ്ങളും, ബുദ്ധിമുട്ടുകളും ഈ സമ്മേളനം നടത്തുന്നതിന് പ്രതിബന്ധമായിവന്നു. പക്ഷേ, അല്ലാഹുവിന്റെ കാരുണ്യം ഒന്നുകൊണ്ട് മാത്രമാണ് ഈ സമ്മേളനം നിശ്ചിത തിയ്യതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലത്ത് വളരെ വിജയകരമായ രീതിയിൽ നടന്നത്. യഹൂദികളെപ്പോലെ ചില ഹിന്ദു സഹോദരന്മാരും വളരെ വലിയ തടസ്സങ്ങളും കുത്സിത തന്ത്രങ്ങളും ഈ സർവ്വമത സമ്മേളനത്തെ പരാജയപ്പെടുത്താൻ ആസൂത്രണം ചെയ്തിരുന്നു. അവസാനം പ്രതിബന്ധങ്ങളുടെ നെടുംകോട്ടകളെല്ലാം തകർന്നുപോയി (ഖൈബർകോട്ട) വെളിപാടുകളിൽ ഈ പ്രതിബന്ധങ്ങളെല്ലാം തകർന്നുപോകുമെന്നും അരുളപ്പാടുണ്ടായിരുന്നു. 'അല്ലാഹു അക്ബർ ഖരിബത് ഖൈബർ' (അല്ലാഹു ഏറ്റവും വലിയവൻ ഖൈബർ നശിച്ചു പോയി) എന്നായിരുന്നു ആ വെളിപാട്. സമ്മേളന നടത്തിപ്പിന് ലാഹോർ ടൗൺഹാൾ ഉപയോഗിക്കാൻ ശത്രുക്കൾ സമ്മതിച്ചില്ല. അതിനേക്കാൾ ഏറ്റവും നല്ല വേദിയായ ഇസ്‌ലാമിയാ ഹൈസ്ക്കൂളിലെ വേദി സമ്മേളനത്തിനായി ഒരുക്കിത്തന്നു. അത് അതിവിശാലമായ ഒരു ഇരുനില കെട്ടിടമായിരുന്നു. വലിയ മുറികളും ഗാലറിയോടു കൂടിയ വിശാലമായ ഹാളുകളുള്ള ഇത്തരം വലിയ സമ്മേളനങ്ങൾക്ക് പറ്റിയ തുറസ്സായ ഗാംഭീര്യമാർന്ന കെട്ടിടമായിരുന്നു ഇസ്‌ലാമിയാ ഹൈസ്ക്കൂളിലെ വേദി.

1896 ഡിസംബർ 26 ആയിരുന്നു സർവ്വമത സമ്മേളനത്തിന്റെ ആദ്യദിനം. ആ സമയത്ത് സമ്മേളനത്തിന് എത്തിച്ചേർന്നവരുടെ എണ്ണം അത്ര അധികമായിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം ഡിസംബർ 28ന് ഉച്ചക്ക് 1.30ന് ആയിരുന്നു അവതരിപ്പിക്കേണ്ടിയി

രുന്നത്. സാഹചര്യങ്ങളെല്ലാം തികച്ചും പ്രതികൂലമായിരുന്നു. എതിരാളികളുടെ കടുത്ത എതിർപ്പും, വിഷയാവതരണത്തിന് ഉച്ച സമയം നിശ്ചയിച്ചതിലെ പൊരുത്തക്കേടും എല്ലാം കൂടി വാഗ്ദത്ത മസീഹിന്റെ പ്രതീക്ഷക്കനുസരിച്ച് സമ്മേളനം വിജയിക്കില്ല എന്ന ആശങ്കയുണ്ടായിരുന്നു. പക്ഷെ അല്ലാഹുവിന്റെ കാരുണ്യം മറ്റൊരു വിധത്തിൽ പ്രകടമായി. ജനങ്ങൾ കൂട്ടംകൂട്ടമായി സമ്മേളനസ്ഥലത്തേക്ക് ആഗതരാവാൻ തുടങ്ങി. മലക്കുകൾ ജനക്കൂട്ടത്തിന്റെ ശത്രുത സ്നേഹമാക്കി മാറ്റി സമ്മേളനസ്ഥലത്തേക്ക് ആനയിക്കുന്നത് പോലെ അനുഭവപ്പെട്ടു. പ്രസംഗം കേൾക്കുന്നതിൽ നിന്നും ജനങ്ങളെ തടഞ്ഞവർ വിപരീത രീതിയിൽ അനുകൂലമായി പെരുമാറാൻ തുടങ്ങി. സമ്മേളനം ശ്രവിക്കാൻ ജനങ്ങളുടെ ഭാഗത്ത് നിന്നുണ്ടായ അഭൂതപൂർവ്വമായ ഔത്സുക്യം എതിർത്തവരെ ക്കൂടി സമ്മേളനഹാളിലേക്ക് ആകർഷിച്ചടുപ്പിക്കുകയായിരുന്നു. ജനങ്ങൾ ഇരച്ചുകയറുവാൻ ആരംഭിച്ചു. എല്ലാ കെട്ടിടങ്ങളും ജനസാന്ദ്രമായി മാറി. ആളുകൾ തിങ്ങിഞെരുങ്ങി മറ്റുള്ളവർക്ക് ഇരിപ്പിടമൊരുക്കുന്നുണ്ടായിരുന്നു.

ഡിസംബറിലെ അവധി ദിവസങ്ങളായതിനാൽ അതിനു ചുറ്റുമുള്ള പലസ്ഥലത്തും വിവിധ തരത്തിലുള്ള സമ്മേളനങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഭൗതിക കാര്യങ്ങളിൽ മുഴുകിയ ജനങ്ങൾ സ്വാഭാവികമായും അങ്ങോട്ടേക്കായിരുന്നു ഒഴുകേണ്ടത്. പക്ഷെ ഈ സമയത്ത് സമ്മേളനഹാളിലേക്ക് ജനങ്ങൾ കൂട്ടംകൂട്ടമായെത്തിയത് തീർച്ചയായും അസാധാരണവും അത്ഭുതകരവുമായ കാഴ്ച തന്നെയായിരുന്നു. അവിടെ കൂടിയിരുന്നവരെല്ലാം ഇതിന് പിന്നിൽ ദൈവത്തിന്റെ കരങ്ങൾ തന്നെയാണുള്ളതെന്ന് സമ്മതിക്കുകയുണ്ടായി. സിക്കുകാരനോ, ഹിന്ദുവിനോ ഈ വസ്തുത നിഷേധിക്കാനാവുകയില്ല. ഒരു ആര്യസമാജിക്കോ മുസ്ലിമിനോ ഇതിനെ ഖണ്ഡിക്കാൻ സാധ്യമല്ലായിരുന്നു. കൂടിയിരുന്ന ജനങ്ങളുടെ ഹൃദയങ്ങൾക്ക് ഒരു മൃദുത്വം അനുഭവപ്പെട്ടത് ക്രിസ്ത്യാനിക്കും, ജൂതമതസ്ഥനും, ദേവസമാജിക്കും കാണാതിരിക്കാൻ സാധ്യമല്ലായിരുന്നു. ഈ പരിപാടിയേയും അനുഭവങ്ങളേയും സംബന്ധിച്ച് സൂക്ഷ്മമായ വിവരണം നൽകുക സാധ്യമല്ല. അത് വാക്കുകൾക്കതീതമായിരുന്നു. ചുരുക്കത്തിൽ ആ സമ്മേളനത്തിനു അനുഭവപ്പെട്ട അന്തരീക്ഷത്തിന് തുല്യമായി മറ്റൊന്നുണ്ടായിരുന്നില്ല. അത് അതിമഹനീയവും, പവിത്രവുമായ ഒരു സമ്മേളനമായിരുന്നു.

പ്രബന്ധം അവതരിപ്പിക്കാൻ തുടങ്ങിയ ഉടൻതന്നെ ജനങ്ങളിൽ ആത്മീയചൈതന്യത്തിന്റെ തിരയിളക്കം അനുഭവപ്പെടുകയും അവർ സ്വയം തന്നെ 'സുബ്ഹാനല്ലാഹ്' (അല്ലാഹു പരിശുദ്ധൻ) എന്ന് മന്ത്രിക്കുകയും ചെയ്തു. അത്തരത്തിലുള്ള അനുഭൂതി ഹിപ്നാട്ടിസം, മെസ്മരിസം മുഖേന അനുഭവിപ്പിക്കാൻ സാധിക്കുമെന്ന് ഞാൻ കേട്ടിരുന്നു. പക്ഷെ വിവിധ വിശ്വാസക്കാരും വിവിധ തരക്കാരുമായ ആയിരക്കണക്കിനാളുകളിൽ ഇങ്ങനെയൊരു പ്രഭാവം സംജാതമാക്കാൻ കഴിയുന്നതെങ്ങിനെ!. തീർച്ചയായും അതൊരു അസാധാരണ സംഭവമായിരുന്നു. ഒരു ദിവ്യാനുഭവത്തിന്റെ സാഫല്യമായിരുന്നു.

മൗലവി അബ്ദുൽകരീം സാഹിബ്(റ)നെ യായിരുന്നു വാഗ്ദത്ത മസീഹിന്റെ പ്രബന്ധം വായിക്കാൻ ചുമതലപ്പെടുത്തിയത്. വിശുദ്ധ ഖുർആനോട് അദ്ദേഹത്തിന് അഗാധമായ സ്നേഹമുണ്ടായിരുന്നു. അതിനാൽ അല്ലാഹു അദ്ദേഹത്തിന് ദാവൂദ്(അ)നബിയെ പോലെ ഐതിഹാസികമായ ശബ്ദമാധുര്യം നൽകി. ദൈവ വചനങ്ങളിലെ സത്യസൗന്ദര്യം അദ്ദേഹത്തിൽ നിറഞ്ഞു തുളുമ്പി. പ്രബന്ധത്തിലുള്ള ഖുർആൻ വചനങ്ങൾ തരളഭാവത്തോടും അനുഭൂതിദായകമായും അത്യന്തം വികാരവായ്പോടെ അദ്ദേഹം ഉരുവിട്ടു. സദസ്സ്യർ മുഴുവൻ തന്റെ മാന്ത്രിക വചസ്സുകളിൽ അധീനരായി. ആ സദസ്സ് ഒരു പ്രത്യേകാനുഭൂതിയിൽ ഘനസാന്ദ്രമായി. പ്രബന്ധം മുഴുവനും വാഗ്മികതയും ഉത്സുകതയും നിറഞ്ഞുനിന്നു. അത്യന്തം ആഹ്ലാദജനകമായിരുന്നു അത്. പ്രബന്ധത്തിന്റെ അവതാരകന്റെ വികാരഭാവങ്ങൾക്കോ ശബ്ദലാവണ്യത്തിനോ യാതൊരു മാറ്റങ്ങളുമില്ലായിരുന്നു. സദസ്സ്യർ മുഴുൻ അക്ഷരാർത്ഥത്തിൽ സമ്മോഹ നിദ്രയിലകപ്പെട്ടത് പോലെ സ്തബ്ധരായി നിന്നുപോയി.

കഠിനശത്രുക്കളായ ചില ഹിന്ദുക്കളും സിക്കുകാരും ആര്യസമാജികളുമടക്കം സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധൻ) എന്ന സ്തുതി ഉരുവിടുന്നതായി ഞാൻ എന്റെ ചെവികൊണ്ട് കേൾക്കുകയുണ്ടായി. ആയിരക്കണക്കിന് സദസ്സ്യർ പ്രതിമകളെപ്പോലെ മരവിച്ചിരുന്നുപോയി. ഒരു പക്ഷി വന്ന് അവരുടെ തലയിരുന്നാൽ പോലും അതിൽ അത്ഭുതപ്പെടാനില്ല. ആ വാഗ്ധോരണിയിലൂടെ ഹൃദയത്തിലേക്ക് പ്രവഹിച്ച ആത്മീയ പ്രവാഹം അത്ര മാത്രം പ്രത്യക്ഷ ഗോചരമായിരുന്നു. പ്രഭാഷകന്റെ ശബ്ദമല്ലാതെ മറ്റെല്ലാം ശബ്ദവും അതിനെതിരെ ഒടുങ്ങിപ്പോയി. നിതാന്ത നിശബ്ദത മാത്രം നിലനിന്നു. സദസ്യരുടെ ശ്വാസോച്ഛ്വാസം മാത്രം കേൾക്കാമായിരുന്നു. അത് ദൈവത്തിന്റെ വല്ലാത്തൊരു വിചിത്രമായ പ്രവർത്തനമായിരുന്നു. പരിസരത്തുള്ള മൃഗങ്ങൾകൂടി ശാന്തത പാലിച്ചു. പ്രഭാഷണത്തിന്റെ കാന്തിക ശക്തിയിൽ പുറമെനിന്നും മറ്റൊരു ശബ്ദവും പ്രഭാഷകന്റെ ശബ്ദവുമായി കൂടിക്കലർന്നില്ല. ഈ അവസ്ഥ രണ്ടു മണിക്കൂറോളം നീണ്ടുനിന്നു.

സമയം 3.30 അടിച്ചു. അനുവദിച്ച സമയം കഴിഞ്ഞു. അത്യത്ഭുതകരമായ ആ ആത്മീയാനുഭൂതിക്കും ആഹ്ലാദത്തിനും വിരാമമായി. അടുത്ത അരമണിക്കൂർ മുബാറക്ക് അലി സിയാൽ ക്കോട്ടിക്ക് പ്രബന്ധമവതരിപ്പിക്കാനുള്ള ഊഴമായിരുന്നു. നിർത്തിവച്ച പ്രഭാഷണം തുടരാൻ സദസ്സിൽ നിന്നും ആവശ്യമുയർന്നു. മറ്റു പ്രസംഗങ്ങൾ ഇതിനുവേണ്ടി ഉപേക്ഷിക്കണമെന്നും സദസ്സ്യർ ആവശ്യപ്പെട്ടു. മുബാറക്ക് അലി ഉടൻതന്നെ എഴുന്നേറ്റ് നിന്ന് ഈ ആവശ്യം താൻ സദയം സന്തോഷത്തോടെ അംഗീകരിച്ചതായി സദ

സ്സിനെ അറിയിച്ചു. ഈ വിലപ്പെട്ട പ്രബന്ധം തുടരണമെന്ന് അദ്ദേഹവും ആവശ്യപ്പെട്ടു. അതോടെ വിരാമാവസ്ഥ പൂകിയ ആ വചനസുധയുടെ പ്രവാഹം വീണ്ടും ആരംഭിച്ചു. ആ പഴയ ദിവ്യാനുഭൂതി വീണ്ടും സംജാതമായി. മണി നാലടിച്ചു. പ്രബന്ധം ഇനിയും തീർന്നിട്ടുണ്ടായിരുന്നില്ല. ശ്രോതാക്കളുടെ കേൾക്കാനുള്ള ആസക്തി വർദ്ധിച്ചു വരികയായിരുന്നു. സദസ്സിന്റെ ആവശ്യത്തെത്തുടർന്ന് പ്രഭാഷണം 5.30 വരെ തുടർന്നു. ഉപന്യാസത്തിന്റെ ഗതി പിന്നേയും തുടർന്നു. പരിസരം ഇരുൾ പരന്നു. പക്ഷെ ഈ മാന്ത്രിക പ്രഭാഷണം സദസ്സിന്റ ഇച്ഛയ്ക്ക് വിരുദ്ധമായി അവസാനിപ്പിക്കേണ്ടി വന്നു. ബാക്കി ഭാഗം തൊട്ടടുത്ത ദിവസം 1896 ഡിസംബർ 29നും തുടർന്നു.

പ്രബന്ധത്തിന്റെ അതിവിപുലമായ കീർത്തിയും സദസ്സിന്റെ ആവശ്യവും പരിഗണിച്ച് സർവ്വമത സമ്മേളനത്തിന്റെ സംഘാടകർ അന്ന് തന്നെ യോഗം ചേർന്നു. (27-12-1896) മൂന്ന് ദിവസത്തെ സമ്മേളനം ഒരു ദിവസത്തേക്ക് കൂടി വാഗ്ദത്ത മസീഹി(അ)ന്റെ പ്രബന്ധം അവതരിപ്പിക്കാൻ വേണ്ടി നീട്ടുകയായിരുന്നു.

ഡിസംബർ 29ന് രാവിലെ 9.30ന് തന്നെ പ്രബന്ധാവതരണം ആരംഭിച്ചു. ആ ദിവസം ഡിസംബർ മാസത്തിന്റെ അവസാനമായിരുന്നതിനാൽ കൊടുംതണുപ്പിന്റെ മൂർദ്ധന്യത്തിലായിരുന്നു. ലാഹോർ പട്ടണത്തെ സംബന്ധിച്ചിടത്തോളം തണുപ്പ് കാലത്തെ ഈ സമയം ഒട്ടും യോജിച്ചതായിരുന്നില്ല. ജനങ്ങൾക്ക് ഒഴിവു ദിനമായിരുന്നാൽ പോലും തണുപ്പുകാലമായതിനാൽ ഇത്രനേരത്തെ ജനങ്ങൾ പുറത്തിറങ്ങാറില്ല. വളരെ അപൂർവ്വമായേ അവർ വെളിയിലിറങ്ങിയിരുന്നുള്ളൂ. അതുകൊണ്ട് രാവിലെ സദസ്യരുടെ എണ്ണം വളരെ കുറച്ചായിരിക്കുമെന്നും ആദ്യമുണ്ടായിരുന്നത്ര ആത്മീയമായ അന്തരീക്ഷം ഉണ്ടാവില്ല എന്നും ധരിച്ചിരുന്നു. ദൈവത്തിന്റെ പ്രവൃത്തി മൂലം അസാധാരണമായ ഒരു ആകർഷണവും കാന്തശക്തിയും അനുഭവപ്പെട്ടു. അപ്രതിരോധ്യമായ ആ ആകർഷണം ഒരു ശക്തിക്കും തടയാൻ കഴിയുമായിരുന്നില്ല. മനുഷ്യൻ ഇക്കാര്യത്തിൽ അവഗണനയും ഉദാസീനതയും കാണിക്കുകയാണെങ്കിൽ അല്ലാഹു തന്റെ മലക്കുകളെ ഉപയോഗിച്ച് അവൻ അത് വിജയിപ്പിക്കും! ചുരുക്കത്തിൽ കാലത്ത് തന്നെ തണുത്തുവിറക്കുന്ന കുളിരിൽ ജനങ്ങൾ കൂട്ടം കൂട്ടമായി എത്താൻ തുടങ്ങി. 28 ഡിസംബറിന് ഹാജരായിരുന്ന ജനത്തെക്കാൾ വമ്പിച്ച ഒരു സദസ്സ് ആ കൊടുംതണുപ്പിലും ഒത്തുകൂടി. പരിപാടി ആരംഭിച്ചു. ഉപന്യാസത്തിന്റെ അന്തിമ ഭാഗം അവിടെ വായിച്ചു. ഒരിക്കൽ കൂടി ആ ദിവ്യരചനയുടെ വാങ്മയം അവികല വാഗ്മിതയോടും മനോഹാരിതയോടെയും അവതരിപ്പിക്കപ്പെട്ടു. മുഴുവൻ പരിപാടിയും മഹത്വമാർന്നവയും അതിഗംഭീരവുമായിരുന്നു. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അതിന്റെ അത്യുൽകൃഷ്ടമായ ഗുണസൗഷ്ടവത്താൽ ഉജ്ജ്വല പ്രതാപത്തോടെ മറ്റെല്ലാ പ്രബന്ധത്തേയും അതിജയിച്ചു. അതിന്റെ വിജയമുദ്രകളും മഹത്വവും ജ്ഞാനലോകത്തെ അനശ്വര പ്രതീകങ്ങളായി മാറി. വാനലോകത്തെ സൂര്യചന്ദ്രൻമാരെപ്പോലെ അവ വെട്ടിത്തിളങ്ങി.

മിത്രങ്ങളും അതുപോലെ ശത്രുക്കളും ഒരുപോലെ ആ പ്രബന്ധത്തെ സ്തുതിക്കാതെ അവശേഷിച്ചില്ല. പ്രബന്ധം പൊതുജനങ്ങൾക്കിടയിലും മാധ്യമലോകത്തും വമ്പിച്ച പ്രീതിക്ക് പാത്രമായി. അനേകം പത്രങ്ങൾ ഈ പ്രബന്ധത്തെ വാഴ്ത്തിക്കൊണ്ട് അവലോകനങ്ങളെഴുതി. സർവ്വമത സമ്മേളനം നടത്തിയ കമ്മറ്റിക്കാരും 'ഇസ്ലാം മതതത്ത്വജ്ഞാനം' എന്ന ഈപ്രബന്ധത്തിന്റെ ഔന്നത്യത്തെയും അധീശത്വത്തേയും ജനപ്രീതിയേയും അങ്ങേയറ്റം വാഴ്ത്തികൊണ്ട് വാഗ്ദത്തമസീഹിനെ അറിയിക്കുകയുണ്ടായി. സർവ്വശക്തനായ അല്ലാഹുവിന്റെ വചനങ്ങൾ ഇവിടെ സാർത്ഥകമായി. മറ്റൊന്നും അതിനെതിരിൽ തടസ്സമായി വന്നില്ല.*

* ഈ പ്രബന്ധത്തിന്റെ വിവർത്തനം **'ഇസ്ലാം മതതത്ത്വജ്ഞാനം'** എന്ന പേരിൽ മലയാളത്തിലും ലഭ്യമാണ് (വിവ:)

*(20 -ാം പേജിൽ നിന്ന് തുടർച്ച)*

ആചാരപരമായ ദേശീയ മതങ്ങളുടേയും അമേരിക്കൻ നിവാസികളുടേയും യോറുബരുടേയും മറ്റുള്ളവരുടേയും മതങ്ങളെക്കുറിച്ചുള്ള അറിവും വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഈ സന്ദർഭത്തിൽ ഇസ്ലാം കൂടുതൽ അനുകൂലമായ വെളിച്ചത്തിലാണ് ലോകത്ത് കാണപ്പെടുന്നത്. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സജീവമായ രീതിയിൽ വിദ്യാഭ്യാസ, വിജ്ഞാന സംവാദ രംഗങ്ങളിലും ലോകമതപഠന രംഗത്തും പ്രസിദ്ധീകരണത്തിലൂടെ നേതൃത്വം നൽകിയിരിക്കുന്നു. ഇക്കാര്യത്തിൽ പ്രതിരോധത്തിന് വേണ്ടിയും മതപരമായ സത്യങ്ങൾ അനാവരണം ചെയ്യുന്നതിലും അജ്ഞത അകറ്റുന്നതിലും പേന കൊണ്ടുള്ള ജിഹാദിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത്.

നാമെല്ലാം ഉറ്റുനോക്കുന്ന ശോഭനമായ ഭാവി ഇതാണ്. മറ്റുള്ളവരുടെ വിശ്വാസങ്ങളെക്കുറിച്ച് പഠിച്ചുകൊണ്ട് ഭിന്നിക്കുന്നതിന് പകരം യോജിക്കുന്നതിനാണ് നമ്മെ ഇത് പ്രേരിപ്പിക്കുന്നത് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ദൈവത്തിൽ നിന്നും ഉടലെടുത്ത മതങ്ങൾ ഒരേ ഇതിവൃത്തം തന്നെ വ്യത്യസ്തമായ രീതിയിൽ ചിത്രീകരിക്കുന്നുവെന്നു മാത്രം, വ്യത്യസ്തമായ വിശദീകരണങ്ങളോടെ .നല്ലപോലെ പഠനം നടത്തുകയാണെങ്കിൽ മതങ്ങൾ എങ്ങനെയാണ് സാർവ്വലൗകിക മതമായ ഇസ്ലാമിലേക്ക് പരിണാമം ചെയ്യപ്പെട്ടത് എന്ന് മനസ്സിലാവും. ഇത് എല്ലാ സമുദായങ്ങളേയും അന്തിമമായി സത്യമായ ഏകദൈവത്തിന്റെ കൊടിക്കീഴിൽ കൊണ്ടുവരും. അതാവട്ടെ, അത്യാഗ്രഹത്തിലും രാഷ്ട്രീയത്തിലുമുപരി നന്മയുടേയും ധാർമ്മികതയുടേയും അടിസ്ഥാനത്തിലുള്ള ഒരു സമൂഹത്തെ വളർത്തിക്കൊണ്ടുവരികയും നിലനിർത്തുകയും ചെയ്യും.

**വിവ: കെ. വി. ഹസ്സൻകോയ**

# ആദം (അ) പ്രഥമ മനുഷ്യനോ? –2.

ഏ. പി. കുഞ്ഞാമു

**'ഇബ്‌ലീസ്' എന്നാൽ ഉപരിവർഗ്ഗ ബോധമുള്ളവനും അഹങ്കാരിയുമായ ഒരു പ്രവാചക ശത്രുവാണ്. മനുഷ്യനായ ഇബ്‌ലീസ് ജിന്ന് ആയിരുന്നു. മലക്ക് ആയിരുന്നില്ല.**

കഴിഞ്ഞ ലക്കത്തിൽ ചേർത്ത വിശുദ്ധ ഖുർആന്റെ സൂറ: അൽബക്കറയിലുള്ള 31 മുതൽ 40 വരെ വചനങ്ങളുടെ വെളിച്ചത്തിൽ നാം ആദം (അ) മിന്റെ ചരിത്രവും കഥകളും മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. അതിന്നുപുറമെ റസൂൽ തിരുമേനി (സ) പറഞ്ഞതായി സൂഫി വര്യനായ അല്ലാമാ ഇബ്നു അറബി (റഹ്) പറഞ്ഞതും, വാഗ്ദത്ത മസീഹായ ഹസ്റത്ത് അഹ്മദ് (അ) പറഞ്ഞുതന്നതുമായ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അതായത് ആദംനബി (അ) ആദ്യത്തെ മനുഷ്യനല്ല മറിച്ചു ഈ പരിവൃത്തി (Cycle) യിലെ ആദ്യത്തെ പ്രവാചകനാണ് അദ്ദേഹം. ഇങ്ങനെ ഒരുലക്ഷം ആദമുകൾ കഴിഞ്ഞുകടന്നിട്ടുണ്ട്. ഒരു പരിവൃത്തം (cycle) ഏഴായിരം കൊല്ലമാണെന്നും കണക്കാക്കിയിരിക്കുന്നു.

ആദമിന്റെ ചരിത്രം അല്ലാഹു വിശുദ്ധ ഖുർആനിൽ ഉദ്ധരിക്കുന്നത് റസൂൽ തിരുമേനിയുടെ അവതരണോദ്ദേശ്യത്തേയും മറ്റും മനസ്സിലാക്കിത്തരുന്ന സന്ദർഭത്തിലാണ്. കാരണം അല്ലാഹു മുഹമ്മദ് നബിക്ക് മുമ്പേ വല്ല പ്രവാചകന്മാരെയും ഇങ്ങനെ അയച്ചിട്ടുണ്ടോ എന്ന അനുവാചകരുടെ സംശയ നിവാരണവും കൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ ചരിത്രത്തിന്റെ ആരംഭം വിവരിച്ചുതരുന്നത്.

ഈ ആയത്തുകളെ വിവരിച്ചുകൊണ്ടു അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലേഖനമെഴുതുന്നത്.

ഇവിടെ ആദമിനെ ഖലീഫയായി നിയോഗിക്കുന്നുവെന്നതിന്റെ ഉദ്ദേശ്യം ആദമിനെ നിയോഗിച്ച ആ ജനത ഒരു ശരീഅത്തിനും വഴങ്ങാത്ത പ്രാകൃത ജീവിതം നയിച്ചിരുന്നവരായിരുന്നു. അവരിൽ നിന്നും പ്രവാചകനാകാൻ യോഗ്യനായ ഒരാളെ അല്ലാഹുവിന്റെ പ്രതിനിധിയായി നിയോഗിക്കുകയായിരുന്നു. ഒരു നിയന്ത്രണമോ വിധി വിലക്കുകളോ ഇല്ലാതെ സ്വതന്ത്രമായി ജീവിക്കുന്ന ഒരു സമൂഹത്തെ ഒരു പ്രത്യേക നിയമ വ്യവസ്ഥിതിക്ക് വിധേയമാക്കുമ്പോൾ അവിടെ നടക്കുന്ന വിപരീത സാഹചര്യങ്ങളാണ് മലക്കുകളുടെ സംസാരത്തിൽ നിന്നും വരുന്നത്. അതായത് ഒരു പുതിയ വ്യവസ്ഥ വരുമ്പോൾ അതിന് ചട്ടക്കൂടുകളും അതിർവരമ്പുകളും ഉണ്ടായിവരും. അങ്ങനെ വരുമ്പോൾ താളം തെറ്റിയ ഒരു സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രതിലോമകരമായ വിപ്ലവത്തെയാണ് മലക്കുകൾ ദർശിക്കുന്നതെങ്കിൽ അതു മുഖേന സംജാതമാകുന്ന സൽഫലങ്ങളെയാണ് അല്ലാഹു വിലയിരുത്തുന്നത്. പഴയ സംസ്കൃതിയുടെ തിരസ്കാരവും പുതിയ സംസ്കൃതിയുടെ നിർമാണവുമാണ് ആദംനബിയുടെ (അ) നിയോഗം മുഖേന അല്ലാഹു ഉദ്ദേശിക്കുന്നത്. മനുഷ്യ സൃഷ്ടിപ്പിന്റെ തന്നെ ആകത്തുക ദൈവിക ഗുണങ്ങളെ സ്വന്തം ജീവിതത്തിൽ സ്വാംശീകരിച്ചു കൊണ്ടു പരിപൂർണ്ണമായി ദൈവത്തിന്റെ ദാസത്വം സ്വീകരിച്ചു കൊണ്ടു ജീവിക്കുക എന്നതാണ്.

ആദമിന് മുമ്പുള്ള ജനവിഭാഗം യാതൊരു നിയമത്തിനും വഴങ്ങാത്ത പ്രാകൃതന്മാരാണ്. അവർക്കായി ആദം (അ) മുഖേന ഒരു ശരീഅത്ത് (നിയമം) അല്ലാഹു ആവിഷ്കരിച്ചിരിക്കുകയാണ്. അപ്പോൾ അതു ധിക്കരിക്കുന്നവർ പാപികളായിത്തീരുന്നു. ഈ ഒരു വശമാണ് മലക്കുകൾ ദർശിച്ചത്. ഇങ്ങനെ ഒരാളെ നിയോഗിക്കാതെയും അവർക്കായി ഒരു ശരീഅത്ത് (നിയമ വ്യവസ്ഥ) നടപ്പിൽ വരാൻ ശ്രമിക്കാതെയും പ്രബോധിക്കാതെ ഇരുന്നാൽ പിന്നെ സംഘർഷത്തിന്റേയും രക്തച്ചൊരിച്ചിലിന്റെയും പ്രശ്നമേ ഉണ്ടാകുന്നതല്ലല്ലോ? ഏതൊരു ക്രമവ്യവസ്ഥയും ലോകത്ത് നിലവിൽ വരുമ്പോൾ ഇത്തരം ആളുകളെ നമുക്ക് ദർശിക്കാൻ സാധിക്കും. അതായത് ഒരു ജീവിത വ്യവസ്ഥിതി ഉണ്ടായിരിക്കെ

പിന്നേയും ഒരു പ്രവാചകനെ നിയോഗിക്കേണ്ടതിന്റെ ആവശ്യമെന്ത് എന്നാണ് ഇക്കൂട്ടർ ചോദിക്കുന്നത്. ഇത് എല്ലാ കാലത്തും പ്രവാചകന്മാർ അവതീർണരാകുമ്പോൾ ശത്രുക്കൾ പറഞ്ഞ ഒരു പരാതിയാണ്. മലക്കുകൾക്കുള്ള പരിമിതമായ അറിവിന്റെ വെളിച്ചത്തിലുള്ള സംഭാഷണമാണിത്. ഇതു മുഖേന അല്ലാഹു തന്റെ സൃഷ്ടികളുടെ കഴിവുകളും അവരുടെ പ്രകൃതിയും നമുക്ക് മനസ്സിലാക്കിത്തരുകയാണ്. മലക്കുകൾക്ക് സ്വയം ചിന്തിച്ചു മനസ്സിലാക്കാനോ, സ്വയം പ്രവൃത്തിക്കുവാനോ സാദ്ധ്യമല്ല. അവർ അല്ലാഹുവിന്റെ നിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്ന സൃഷ്ടികളാണ്. എന്നാൽ ആദം (അ) ആകട്ടെ ദൈവത്തിന്റെ വിശുദ്ധമായ വിളിയെ മനുഷ്യസമക്ഷം സമർപ്പിക്കാൻ നിയോഗിതനാണ്. ആ നിയോഗത്തിന്റെ ആഹ്വാനം കേൾക്കുമ്പോൾ മരിച്ചവർ ജീവിക്കുന്നു. നിദ്രയിൽ കഴിയുന്നവർ എഴുന്നേൽക്കുന്നു. അങ്ങിനെ മനുഷ്യർ ദൈവത്തിന്റെ ഗുണങ്ങൾ മനസ്സിലാക്കുകയും അതിനനുസൃതമായി അവരുടെ കഴിവിൽ പെട്ട രൂപത്തിൽ ആ കഴിവുകൾ സ്വായത്തമാക്കി പരിശുദ്ധവും ഭക്തിനിർഭരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നു. മനുഷ്യരെ ആത്മീയ മരണത്തിൽ ഒരു കാലത്തും അല്ലാഹു ഉപേക്ഷിക്കുകയില്ല. അതിനെതിരിൽ ഒരു വിഭാഗം രക്തച്ചൊരിച്ചിൽ നടത്തിയാലും ശരി, അല്ലാഹുവിന്റെ പക്കൽ ലക്ഷക്കണക്കിന് ആൾക്കാർ അനുസരണക്കേട് കാണിക്കുന്ന സന്ദർഭത്തിൽ അതിൽ ഒരാൾ അനുസരണത്തോടെ ജീവിക്കുന്നുവെങ്കിൽ അല്ലാഹു അതിനെയാണ് വിലമതിക്കുന്നത്. ലോകം മുഴുവനും കൂരിരുട്ടിൽ തപ്പുമ്പോൾ അങ്ങിങ്ങായി കാണുന്ന ചില വെളിച്ചങ്ങൾ കൂടുതൽ പ്രസക്തമായി തീരുകയാണ് ചെയ്യുന്നത്. ആദമും അദ്ദേഹം കൊണ്ടുവന്ന അദ്ധ്യാപനങ്ങളും ദൈവത്തിന്റെ കാരുണ്യത്തിന്റെ പ്രതീകങ്ങളായിരുന്നു. എന്നാൽ ആ കാരുണ്യത്തെ വിലമതിക്കാതെ തട്ടിക്കളഞ്ഞുകൊണ്ടു സ്വയം നാശം തിരഞ്ഞെടുത്തവരാണ് നിഷേധികൾ. അതുകൊണ്ടു അവർ ദൈവത്തിന്റെ അതൃപ്തിക്ക് വിധേയരായിത്തീരുന്നു. അതിനുത്തരവാദികൾ അവർ തന്നെയാണ്. റസൂൽ തിരുമേനിയുടെ സത്യസാക്ഷ്യത്തിനായി ഒരു താക്കീതിന്റേയും വിവേകത്തിന്റെയും ഒരു വചനമായിട്ടാണ് ഈ കാര്യം എടുത്തു ഉദ്ധരിച്ചത്. ലക്ഷക്കണക്കിൽ നിഷേധികൾ ഉണ്ടെങ്കിലും അതിനെതിരിൽ അംഗുലീപരിമിതമായ വിശ്വാസികൾ ഉണ്ടെങ്കിൽ അതിനെ അല്ലാഹു വിലമതിക്കുന്നു. ദൈവത്തിൽ നിന്നും അകന്ന പാപപങ്കിലമായ മുഴുവൻ മനുഷ്യരാശിയെക്കാളും അല്ലാഹു ഒരു പ്രവാചകനെ വിലമതിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഒരു സന്ദർഭത്തിൽ അല്ലാഹു തിരുമേനി (സ) യോടു പറഞ്ഞത് : ലവ്‌ലാക്ക ലവ്‌ലാക്ക ലമ്മാ ഖലഖ്ത്ത അഫ്‌ലാക്ക്' നീ ഇല്ലായിരുന്നെങ്കിൽ ഈ ലോകത്തെ തന്നെ നാം സൃഷ്ടിക്കുമായിരുന്നില്ല." ഇത് റസൂൽ തിരുമേനി പറഞ്ഞ ആത്മപ്രശംസയല്ല. സർവ്വ സ്രഷ്ടാവായ അല്ലാഹുവിന്റെ സൃഷ്ടിയുടെ തത്വജ്ഞാനം നിറഞ്ഞ നയപ്രഖ്യാപനമാണ്. അന്ധകാരം നിറഞ്ഞ ലോകത്ത് ഒരു ദീപസ്തംഭമായി തിരുമേനി (സ) വിരാജിച്ചിരുന്നു.

വിശുദ്ധഖുർആനിലെ ഈ പരാമർശങ്ങൾ അതായത് അല്ലാഹു മലക്കുകളോടും ഇബ്‌ലീസിനോടും നടത്തിയ ഈ സംവാദങ്ങളെല്ലാം യഥാർത്ഥത്തിൽ നടന്ന സംഭവമാണെന്ന് നിരൂപിക്കേണ്ടതില്ല. അല്ലാഹു ചില സൃഷ്ടികളെ അവരുടെ ഗുണഗണങ്ങളെ ഒരു സംഭാഷണ രൂപത്തിൽ നമുക്ക് മനസ്സിലാക്കിത്തന്നതാണ് 'ഖാല' എന്നതിന് പറഞ്ഞു എന്നാണ് സാധാരണ അർത്ഥമെങ്കിലും അവസ്ഥകൾക്കും ആ പദം ഉപയോഗിക്കും. ഉദാ: 'അമ്തലാ ഉൽഹൗളു വഖാല കത്തനീ.' അർത്ഥം 'വെള്ളം സംഭരിക്കുന്ന സംഭരണി നിറഞ്ഞ ശേഷം അതു പറഞ്ഞു വെള്ളം മതി. ഇവിടെ സംഭരണി പറഞ്ഞു എന്നതിന് നാം അതിന്റെ അവസ്ഥയായി കാണുന്നു. അതേപോലെയാണ് പ്രസ്തുത ആയത്തിൽ അല്ലാഹുവും മലക്കുകളും തമ്മിലുള്ള സംഭാഷണം 'ഖാല' എന്ന് തുടങ്ങുന്നത്. അതിലൂടെ ചില കാര്യങ്ങൾ ഖുർആന്റെ അനുവാചകരെ മനസ്സിലാക്കികൊടുക്കുകയാണ്. അല്ലെങ്കിൽ മഹാപാപിയായ ഇബ്‌ലീസിനോട് പോലും അല്ലാഹു സംസാരിച്ചുവെന്ന് പറയേണ്ടിവരും. അല്ലാഹുവിന്റെ സംസാരത്തിന് "വഹ്‌യ്" (ദൈവഭാഷണം) എന്നാണ് പറയുക. അപ്പോൾ ഇബ്‌ലീസിന് ദൈവഭാഷണം ഉണ്ടായി എന്ന് നിരൂപിക്കേണ്ടിവരും. മാത്രമല്ല "ഖൈറുൽ ഉമ്മത്തായ" നമ്മോടു പോലും അല്ലാഹു സംസാരിക്കുകയില്ലെന്നാണ് പൊതു മുസ്‌ലിംകളുടെ വിശ്വാസം. അപ്പോൾ നമ്മേക്കാൾ 'ഖൈറായ' ആൾ ഇബ്‌ലീസാണെന്ന് വരുമോ!

"ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ പോവുകയാണെന്ന" വിശുദ്ധ ഖുർആന്റെ വചനം മനസ്സിലാക്കിത്തരുന്നത് ആദം ഭൂമിയിൽ എവിടെയോ ഉണ്ടെന്നാണ്. ഭൂമിയിലുള്ള ഒരാളെയാണ് അല്ലാഹു പ്രവാചകനായി തിരഞ്ഞെടുക്കുന്നത്. ലക്ഷക്കണക്കിന് പ്രവാചകന്മാരെ അല്ലാഹു അങ്ങിനെയാണ് നിയോഗിച്ചിരുന്നത്. ചരിത്ര പാശ്ചാത്തലം നോക്കിയാൽ അദ്ദേഹം ഇറാഖിലായിരുന്നു താമസിച്ചതും ദൗത്യപ്രഖ്യാപനം നടത്തിയതും എന്നു മനസ്സിലാകുന്നു. പിന്നീട് അദ്ദേഹത്തിന് പ്രസ്തുത സ്ഥലത്തുനിന്ന് പാലായനം ചെയ്യേണ്ടിവരികയുണ്ടായി.

മലക്കുകളെ സംബന്ധിച്ച വിശ്വാസം ഇസ്‌ലാമിലെ അടിസ്ഥാന വിശ്വാസങ്ങളിൽ പെട്ടതാണ്. ഈ ഭൗതിക ലോകത്തും ആത്മീയ ലോകത്തും അവർക്കായി പല ഉത്തരവാദിത്വങ്ങളും അല്ലാഹു വിഭജിച്ചുകൊടുത്തിട്ടുണ്ട്. എല്ലാ ഓരോ കർമ്മങ്ങളുടേയും പരിപൂർണ്ണതക്ക് അത്തരം ഒരു സംവിധാനത്തിന്റെ ആവശ്യമുണ്ട്. മലക്കുകൾ എന്നത് ഒരു ശക്തിയല്ല മറിച്ച് സജീവമായ സൃഷ്ടിയാണ്. അവർ ഏതെങ്കിലും രൂപം സ്വീകരിച്ചെങ്കിൽ മാത്രമേ ബാഹ്യ ദൃഷ്ടികൊണ്ടു കാണാൻ സാധിക്കുകയുള്ളു. അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു ഖുർആൻ പറഞ്ഞുതരുന്നത് "അവർ ദിവ്യസന്ദേശവാഹകരാണ്' (22:76),

എന്നും 'അവർ സൽക്കർമ്മങ്ങൾ ചെയ്യാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു എന്നുമാണ് അവരുടെ ഹൃദയങ്ങളെ നല്ല ദിശയിലേക്ക് നയിക്കുന്നു' (91:9). 'അവർ പ്രവാചകന്മാരെ സേവിക്കുകയും അവരുടെ നിയോഗ നിവൃത്തിക്കായി സഹായിക്കുകയും ചെയ്യുന്നു' (15:30, 4:167) 'വിശ്വാസികളെ സഹായിക്കുന്നു' (41:31, 32) പ്രവാചകനിഷേധികൾക്ക് ശിക്ഷ കൊണ്ടുവരുന്നു' (6:159) 'ശത്രുക്കളിൽ ഭീതിയും ഭീരുത്വവും ജനിപ്പിക്കുന്നു, അവർ പ്രകൃതി നിയമങ്ങൾ നടത്തി ക്കൊണ്ടിരിക്കുന്നു, അല്ലാഹുവിന്റെ 'അർശ്' അവരുടെ തോളിൽ ഏറ്റുന്നു. പ്രസ്തുത ഖുർആൻ വചനങ്ങൾക്ക് വളരെ വിപുലവും അഗാധവുമായ അർത്ഥതലങ്ങളുണ്ട്. ആദമിന്റെ വിഷയം വന്നപ്പോൾ മലക്കുകളുടെ പരാമർശവും നാം ഇവിടെ ദർശിക്കുന്നു. അല്ലാഹു ഏതെങ്കിലും പ്രവാചകനെ നിയോഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ദൗത്യം വിജയിപ്പിക്കാനായി മലക്കുകൾക്ക് നിർദ്ദേശം നൽകുന്നു. അതാണ് ആദമിന്റെ നിയോഗത്തെക്കുറിച്ചു മലക്കുകളോടു പറയുന്നത്. മലക്കുകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും പൂർണ്ണ രൂപത്തിൽ ആദം (അ) നബിയിലുണ്ടാകണമെന്ന് അല്ലാഹു ഇച്ഛിക്കുന്നു.

മലക്കുകളും മനുഷ്യരും തമ്മിൽ സൃഷ്ടിപ്പിലുള്ള വ്യത്യാസം കൂടി ഇവിടെ അല്ലാഹു അനാവരണം ചെയ്യുന്നു. അല്ലാഹു ആദമിന് എല്ലാ നാമങ്ങളും പഠിപ്പിക്കുന്നു. ഇതു സംബന്ധമായി മലക്കുകളോടു അല്ലാഹു ചോദിക്കുമ്പോൾ അവരുടെ കഴിവുകളുടെ പരിമിതിയാണ് അവർ ദൈവസന്നിധിയിൽ ബോധിപ്പിക്കുന്നത്. 'നീ എന്താണോ പഠിപ്പിച്ചത് അതു മാത്രമേ നമുക്കറിയുകയുള്ളൂ'വെന്ന് അവർ പറയുന്നു. എന്നാൽ ഇതേ ചോദ്യം ആദമിനോട് ചോദിച്ചപ്പോൾ എല്ലാം വിശദമായി പറഞ്ഞുകൊടുക്കുന്നു. അപ്പോൾ മനുഷ്യന്റെ അവസ്ഥ എന്താണെന്നും മലക്കുകളുടെ അവസ്ഥ എന്താണെന്നും കൂടുതൽ അറിയുന്നത് എനിക്കാണെന്നു അല്ലാഹു പറയുന്നു. നാമങ്ങൾ എന്നതുകൊണ്ടുള്ള വിവക്ഷ ദൈവത്തിന്റെ ഗുണനാമങ്ങൾ (Attributes) ആണ്. ദൈവത്തിന്റെ ഭൂമിയിലുള്ള പ്രതിനിധിയാണ് പ്രവാചകൻ. ദൈവീക ഗുണങ്ങളെപ്പറ്റി അറിയുന്ന ഒരടിമക്കെ അവന്റെ 'അബ്ദ' (അടിമ) ആകാൻ സാധിക്കുകയുള്ളൂ. അതിനുള്ള കഴിവ് മനുഷ്യരിൽ ഉണ്ട്. മനുഷ്യൻ ഒരു സ്വതന്ത്രസൃഷ്ടിയാണ്. അതുകൊണ്ടു അവൻ ഉയരാൻ ദൈവ നിശ്ചയമുണ്ടെങ്കിൽ മലക്കുകളെക്കാൾ ഉന്നതി പ്രാപിക്കാനും സാധിക്കും. അധ:പതിക്കുകയാണെങ്കിൽ മൃഗത്തേക്കാൾ അധ:പതിക്കാനും സാധിക്കും. മലക്കുകൾ ദൈവകല്പന എന്താണോ അതു നടപ്പിലാക്കുന്ന ആജ്ഞാനുവർത്തികളായ സൃഷ്ടികൾ മാത്രമാണ്. അവയുടെ സൃഷ്ടിഘടനയിൽ അനുസരണം മാത്രമേ ഉള്ളൂ. അനുസരണക്കേട് അവരെ തീണ്ടിയിട്ട് പോലുമില്ല.

അങ്ങിനെ ആദമിനെ ഒരു പ്രവാചകനായി നിയോഗിക്കാൻ പോകുന്നു. അപ്പോൾ മലക്കുകളോട് അല്ലാഹു കല്പിക്കുന്നു. ആദമിനെ നിങ്ങൾ സേവിക്കുക. ഇവിടെ ആദമിന് സുജുദ് ചെയ്യുക എന്ന ദൈവ കല്പനയെ മുസ്‌ലിം മുഫസ്സിരീങ്ങൾ (വ്യാഖ്യാതക്കൾ) തെറ്റിദ്ധരിച്ചിരിക്കുകയാണ് ഖുർആൻ പറയുന്നു. "നിങ്ങൾ സൂര്യനെയോ ചന്ദ്രനെയോ സുജൂദ് ചെയ്യരുത് എന്നാൽ നിങ്ങളുടെ സൃഷ്ടികർത്താവായ അല്ലാഹുവിന് സുജൂദ് ചെയ്യുക (41:38) അപ്പോൾ ആദമിന് ആരാധനാ രൂപത്തിൽ സുജൂദ് ചെയ്യുക എന്നത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് എതിരാണ്. ശിർക്കാണ്. ഇവിടെ "സുജൂദ്" എന്ന അറബി പദത്തിന് സാഷ്ടാംഗ പ്രണാമം എന്നു മാത്രമല്ല അർത്ഥം. കീഴ് വണങ്ങുക, താഴ്മ കാണിക്കുക, അനുസരിക്കുക എന്നുകൂടി അർത്ഥമുണ്ട്. ഇവിടെ പൂർണ്ണമായി അനുസരിക്കാനാണ് മലക്കുകളോടുള്ളകൽപന. അത് എല്ലാ പ്രവാചകന്മാരേയും ഭൂമിയിൽ അല്ലാഹു നിയോഗിക്കുമ്പോൾ നൽകുന്ന എല്ലാ കാലത്തേക്കുമുള്ള കല്പനയാണ്. മലക്കുകൾ മുഖേന പ്രസ്തുത കല്പന സൃഷ്ടികളോടും ഉണ്ടാകുന്നു. സൃഷ്ടികളിൽ രണ്ടുതരം ജനങ്ങൾ ഉണ്ട്. ഒന്നു താഴ്മയും വിനയവും ഉള്ള ഒരു വിഭാഗം. മറ്റൊന്നു കേട്ട മാത്രയിൽ പൊട്ടിത്തെറിക്കുന്ന (Fire Brand) ഒരു വിഭാഗം. അതേ പോലെ സാധാരണ ജീവിതം നയിക്കുന്ന ആളുകൾ, വലിയ കുബേരന്മാർ സാധാരണ ബുദ്ധിനിലവാരമുള്ളവർ ധിഷണാശാലികൾ എന്നിങ്ങനെ മനുഷ്യവർഗ്ഗത്തിൽ എപ്പോഴും എവിടെയും ഈ ദ്വന്ദാത്മാകത നമുക്ക് ദർശിക്കാൻ സാധിക്കും. ഇൻസ് എന്നാൽ സാധാരണക്കാരെ പറ്റിയുള്ള സൂചനയാണ് 'ജിന്ന്' എന്ന പദം ഉപരിവർഗ്ഗത്തിൽപ്പെട്ട മനുഷ്യരെയും സൂചിപ്പിക്കുന്നു. പ്രവാചകന്മാരുടെ നിയോഗമുണ്ടാവുമ്പോൾ മലക്കുകൾക്കും മാനവ ലോകത്തിനും അവരെ അനുസരിക്കാനുള്ള കല്പന യുണ്ടാകുന്നു. സാധാരണ നിലയിൽ പ്രവാചകന്മാരുടെ നിഷേധികളായി രംഗപ്രവേശം ചെയ്യുന്നവർ വലിയ പണ്ഡിതന്മാരും ധനാഢ്യന്മാരുമാണ്. ഇബ്‌ലീസ് ജിന്നുകളിൽ പെട്ട ആളാണ്. അദ്ദേഹം തന്റെ പാണ്ഡിത്യത്തിലും ഉപരിവർഗ്ഗ ബോധത്തിലും ഊറ്റം നടിച്ചുകൊണ്ടും ഈ അവസ്ഥയിലുള്ള ഞാൻ സാധാരണക്കാരിൽ സാധാരണക്കാരനായ ഈ മനുഷ്യനെ പ്രവാചകനായി അംഗീകരിക്കുകയോ? എന്ന് അഹംഭാവത്തോടെ ചോദിക്കുന്ന രംഗമാണ് ഒരു ചോദ്യത്തോര രൂപത്തിൽ അല്ലാഹു നമുക്ക് മനസ്സിലാക്കിത്തരുന്നത്. ഈ ഇബ്‌ലീസിന്റെ പ്രതീകങ്ങൾ എല്ലാ പ്രവാചകന്മാരുടെ കാലത്തും എല്ലാ പരിഷ്കർത്താക്കളുടെ കാലത്തും ഉണ്ടാകുമെന്ന് ഇബ്‌ലീസും ദൈവവുമായുള്ള സംഭാഷണം മുഖേന നമ്മെ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. ഇബ്‌ലീസിന്റെ പരാമർശം വിശുദ്ധഖുർആനിൽ കാണുമ്പോൾ അദ്ദേഹം മലക്കുകളിൽ പെട്ട ആളാണെന്ന് തോന്നി പോകും. കാരണം അല്ലാഹു മലക്കുകളോടു സുജൂദ് ചെയ്യാൻ പറഞ്ഞപ്പോൾ ഇബ്‌ലീസ് ഒഴിച്ചു ബാക്കിയുള്ള മലക്കുകൾ സുജ്ജൂദ് ചെയ്തു എന്ന് പറയുമ്പോൾ അങ്ങിനെ ധരിക്കാനും വാദിക്കാനും ധാരാളം പഴുതുകളുണ്ട്.

(തുടരും)

ലേഖനം

# അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം

## ഖലീഫത്തുൽ മസീഹ് - IV

**സുസ്ഥാപിതമായ ശാസ്ത്രീയ സത്യങ്ങളെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയ വെളിപാടുകളുടെ സത്യാവസ്ഥയെ വീണ്ടും സംശയ ദൃഷ്ടിയോടെ നോക്കുന്നത് യുക്തിസഹമല്ല.**

ഉദാഹരണമായി ജലത്തിന്റെ രാസ സംയോഗത്തെക്കുറിച്ച് രണ്ട് അഭിപ്രായങ്ങളില്ല. കാലക്രമത്തിൽ ജലത്തിന്റെ രാസവാക്യം മാറുമെന്നും $H_3O_5$ പോലുള്ള ഒരു പുതിയ സംയുക്ത ഘടന കണ്ടെത്തി $H_2O$ വിന് പകരം പ്രതിഷ്ഠിക്കപ്പെടുമെന്നും ആർക്കും അഭിപ്രായപ്പെടാനാവുകയില്ല.

വിവിധ കാര്യങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ അവകാശവാദത്തിന് രൂപാന്തരം സംഭവിക്കുവാനുള്ള സാദ്ധ്യതക്ക് പരിമിതികളുണ്ട്. ഒരിക്കൽ സ്ഥിരീകരിക്കപ്പെട്ട സുസ്ഥാപിത ശാസ്ത്രജ്ഞാനത്തിന്റെ കാതലായ ഭാഗം, ബാഹ്യമായ ചില ഭേദഗതികൾ ഒഴികെ അടിസ്ഥാനപരമായി നിലനില്ക്കുക തന്നെ ചെയ്യും. ആറ്റമുകൾ തമ്മിലും, തന്മാത്രകൾ തമ്മിലും എങ്ങനെയാണ് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്? ദുർബല സംയുക്തങ്ങൾ ഏത്? സ്ഥിര സംയുക്തങ്ങൾ ഏത്? പുതിയ രാസപദാർത്ഥങ്ങളുടെ സംശ്ലേഷണത്തിന് ഈ ജ്ഞാനം എങ്ങനെ ഉപയോഗപ്പെടുത്താം? എന്നിങ്ങനെയുള്ള കാര്യങ്ങൾ വളരെ നന്നായി തിരിച്ചറിയപ്പെട്ടവയാണ്. നൂതന വിജ്ഞാനങ്ങളുടെ പ്രവാഹം അവയുടെ അടിസ്ഥാന സ്വഭാവ ഘടനയിൽ മാറ്റമുണ്ടാക്കുകയില്ല. ഈ ഗവേഷണ മേഖലയിലുള്ള മനുഷ്യന്റെ വിജ്ഞാന വളർച്ച സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട അടിസ്ഥാന തത്വങ്ങളെ വെല്ലുവിളിച്ചു കൊണ്ടുള്ളതല്ല തന്നെ. തലമുറകളായുള്ള കാലത്തിന്റെ പരിശോധനയിൽ സുസ്ഥിരമെന്നു ബോദ്ധ്യപ്പെട്ട ലൗകിക ജ്ഞാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറെക്കുറെ സുനിശ്ചിതത്വത്തോടു കൂടിത്തന്നെ വേദഗ്രന്ഥ നിരീക്ഷണങ്ങളുടെ വാസ്തവികത നമുക്ക് ബോധ്യമാവുന്നതാണ്.

ഒരു നീണ്ട കാലത്തെ പരിശോധന കൂടാതെ തന്നെ, ചില വസ്തുതകളുടെ സത്യാവസ്ഥ സാർവ്വത്രികമായി നിസ്സംശയം തെളിയിക്കത്തക്കതാണ്. അതുകൊണ്ടു തന്നെ ഈ വസ്തുക്കൾ നിശ്ചിതങ്ങളായിത്തീരുന്നു. ലോകത്തിലെ വിവിധ പരീക്ഷണ ശാലകളിൽ പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടു കഴിഞ്ഞ പ്രകൃതി നിയമങ്ങളുമായി ബന്ധപ്പെട്ട സകല പുതിയ ആശയങ്ങളും കണ്ടുപിടിത്തങ്ങളും ദ്രവ്യ പ്രവർത്തന രീതികളും, ഈ ഗണത്തിൽപ്പെട്ടവയാണ്. ആദ്ധ്യാത്മിക വാദങ്ങളിലെ സത്യാവസ്ഥ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ ഉരക്കല്ലിൽ പ്രയോഗിച്ച് സാക്ഷ്യപ്പെടുത്തുവാൻ അത്തരം സുസ്ഥാപിത ശാസ്ത്രീയ സത്യങ്ങളെയാണ് നാം അവലംബിക്കുന്നത്.

ഇതിന്റെയടിസ്ഥാനത്തിൽ ഖുർആനിക വെളിപാടുകൾ പൂർണ്ണമായും ശരിയാണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഒരിക്കൽ ശരിയെന്ന് തെളിയിക്കപ്പെട്ടത് പിന്നീട് തെറ്റായി സ്ഥാപിക്കപ്പെട്ടിട്ടില്ല. അദൃശ്യ മേഖലകളിൽ നിന്നും ദൃശ്യമേഖലകളിലേക്കുള്ള വൈജ്ഞാനിക കൈമാറ്റത്തിൽ ഖുർആനിക വെളിപാടുകൾ വഹിച്ച പങ്കിതുമുന്ന് അനന്യസാധാരണമാണ്. ഇതിനെ സംബന്ധിച്ച് തുടർന്നുള്ള അദ്ധ്യായങ്ങളിൽ കൂടുതൽ വ്യക്തമാക്കുന്നതായിരിക്കും.

തൽക്കാലം നാം മനുഷ്യ വിജ്ഞാനം വിപുലമായിക്കൊണ്ടിരിക്കുന്ന പ്രതിഭാസത്തെക്കുറിച്ചും ഒരു പുതിയ ആശയം കേവല സത്യമെന്ന ഘട്ടം പ്രാപിക്കുന്നതിന് മുമ്പ് കടന്നുപോകുന്ന വിവിധ ഘട്ടങ്ങളെക്കുറിച്ചുമുള്ള പൊതു ചർച്ചയിലേക്ക് മടങ്ങുകയാണ്. അദൃശ്യമേഖലയിൽ നിന്ന് നിർഗളിക്കുന്ന ഒരു പുതു ആശയം എപ്പോഴും യുക്തിപരമായ പരിശോധനകൾക്കും പരീക്ഷണപരമായ തെളിവെടുപ്പുകൾക്കും വിധേയമാക്കപ്പെടുന്നു. കാലാകാലങ്ങളിലുള്ള ഇത്തരം പരിശോധനകളെ അതിജീവിക്കുമ്പോൾ മാത്രമേ അതിനെ പരമസത്യമെന്ന ഗണത്തിൽ ഉൾപ്പെടുത്തപ്പെടുകയുള്ളൂ.

മനുഷ്യാനുഭവങ്ങളുടെ സകലതലങ്ങളിലും നിർവിഘ്നം പ്രവർത്തിക്കുന്ന ഒരു സാർവ്വലൗകിക പ്രതിഭാസമാണിത്. നാമിവിടെ പ്രമേയങ്ങളെ (Thesis)

ക്യാൻവാസിൽ ഒരറ്റം മുതൽ മറ്റെ അറ്റം വരെ പരന്നു കിടക്കുന്ന കൊത്തു ചിത്രങ്ങൾ ദർശിച്ച് രേഖപ്പെടുത്തിയ ഒരു നിരീക്ഷകന്റെ കയ്യിലായിരുന്നു (സ്രഷ്ടാവ്) ഖുർആൻ ആലേഖനം ചെയ്യപ്പെട്ട തൂലിക, എന്ന് തോന്നുമാറ് അത്രയും നൈപുണ്യത്തോടും വ്യക്തതയോടും കൂടിയാണ് ഖുർആൻ ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. നമ്മുടെ ഗ്രന്ഥത്തിന്റെ മഹത്വവും അത് തന്നെയാണ്.

ഖുർആന്റെ അവതരണത്തിന് ശേഷമുള്ള മനുഷ്യന്റെ ശാസ്ത്രീയവും സാമൂഹികവും രാഷ്ട്രീയവുമായ പുരോഗതിയുടെ കാലഘട്ടം ഖുർആനിക സത്യങ്ങളെ സാക്ഷ്യപ്പെടുത്തിയതെങ്ങനെയെന്ന് കൂടുതലായി തെളിയിക്കുവാൻ മുതിരുന്നതിനു മുമ്പ് ദിവ്യ വെളിപാടുകളുടെ സാധുത, മുഖ്യമായും വിഷയസംബന്ധമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം നിലകൊള്ളണമെന്നില്ല, എന്ന സുപ്രധാന വസ്തുതയിലേക്ക് വായനക്കാരന്റെ ശ്രദ്ധയാകർഷിക്കുവാൻ നാം ആഗ്രഹിക്കുന്നു.

ദൈവിക വെളിപാടുകളിൽ മറ്റെല്ലാത്തിനുപരിയായി നിൽക്കുന്ന "അൽബയ്യിന" എന്ന് വിളിക്കപ്പെടുന്ന ഒരു വിഭാഗമുണ്ട്. ഇതിനെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുവാനാണ് നാം ആഗ്രഹിക്കുന്നത്.

**വിവ. കെ. വി. ഈസക്കോയ**

സംശയ വിധേയമാക്കുന്നതിൽ യാതൊരു നീതീകരണവുമില്ല തന്നെ.

അദൃശ്യത എല്ലാ കാലങ്ങളുടെയും ഭാഗമാണ്. അത് ഭൂതം, വർത്തമാനം, ഭാവി എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു. നിഗൂഢതകൾ വെളിപ്പെടുത്തുന്നതിൽ ഖുർആൻ ഇതിലേതെങ്കിലുമൊരു പ്രത്യേക കാലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഭൂതകാലത്തെ വർത്തമാനത്തിൽ നിന്നും, വർത്തമാനത്തെ ഭാവിയിൽ നിന്നും വ്യതിരിക്തമാക്കുന്ന ഒരു വിഭജനരേഖ ഖുർആനിൽ കാണുകയില്ല. പ്രപഞ്ചോൽപത്തി പോലുള്ള പൗരാണിക സംഭവങ്ങൾ സമകാലിക സംഭവങ്ങളെന്നോണമാണ് മനുഷ്യമനസ്സിൽ പുനർജനിപ്പിക്കപ്പെടുന്നത്. പ്രപഞ്ചം വീണ്ടും ഒരു തമോഗർത്തത്തിൽ ഒതുങ്ങിയമരുന്നത്പോലുള്ള അതിവിദൂരസ്ഥലമായ കാര്യങ്ങളെ ഖുർആനിക വെളിപാട് കാലയളവിൽ തന്നെ സംഭവിക്കുന്ന കാര്യങ്ങൾ പോലെയാണ് വിശദീകരിക്കപ്പെട്ടിരിക്കുന്നത്. അതേ ഖണ്ഡിതാവസ്ഥയോടും കൃത്യതയോടും കൂടി തന്നെ ജീവോൽപ്പത്തിയുടെ നിഗൂഢതകളെക്കുറിച്ചും, അതിന്റെ അന്തിമ വിധിയെക്കുറിച്ചും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. മനുഷ്യചരിത്ര കഥനം നടത്തിക്കൊണ്ട് ഘട്ടംഘട്ടങ്ങളായുള്ള, പുരോഗതിയിലേക്കുള്ള മനുഷ്യ പ്രയാണങ്ങളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ആദ്യാവസാനം വിലയിരുത്തുന്നുണ്ട്. അനന്തതയുടെ അതിവിശാലമായ

ക്കുറിച്ചും പ്രതിപ്രമേയ (Antithesis) ങ്ങളെക്കുറിച്ചുമല്ല ചർച്ച ചെയ്യുന്നത്. ആഗോള പ്രാധാന്യമുള്ള ആശയങ്ങൾക്ക് 'ഇമ്മാനുവൽ കാന്റ്' (Immanuel Kant) ഉപയോഗിച്ച രണ്ട് തത്വശാസ്ത്രപരമായ പ്രയോഗങ്ങളാണവ. നിത്യജീവിതത്തിലെ മനുഷ്യാനുഭവങ്ങളുമായും ധാരണകളും അനുഭൂതികളുമായും ബന്ധപ്പെട്ട സദാ പ്രവർത്തനോന്മുഖമായ സർവ്വതോന്മുഖ പ്രതിഭാസത്തെക്കുറിച്ചാണ് നാം പ്രതിപാദിക്കുന്നത്. പരിണാമം പോലെ സമഗ്രവും നിരന്തരവുമായ പ്രക്രിയയാണിത്. പരീക്ഷണം നടത്തി തെളിയിക്കപ്പെട്ട അത്തരം സുസ്ഥാപിതമായ വസ്തുക്കൾ അടുക്കുകൾക്ക് മിതെ അടുക്കകളായി പണിതുയർത്തിക്കൊണ്ടാണ് ആധികാരികമായ മനുഷ്യവിജ്ഞാനം വളർന്നത്. ഇങ്ങനെയാണ് മനുഷ്യൻ തനിക്കു ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ഗ്രാഹ്യശേഷി വിപുലീകരിക്കുകയും ചെയ്യുന്നതും. സർവ്വവ്യാപകമായി വർത്തിക്കുന്ന ഈ പ്രതിഭാസമാണ് സംശയങ്ങളെ നിഗമനങ്ങളും നിഗമനങ്ങളെ സംഭവനീയമെന്നും, സംഭവനീയങ്ങളെ യാഥാർത്ഥ്യങ്ങളെന്നും യാഥാർത്ഥ്യങ്ങളെ, സുസ്ഥാപിത സത്യങ്ങളായും രൂപാന്തരപ്പെടുത്തുന്നത്. അത്തരം വിശ്വസനീയങ്ങളായ ശാസ്ത്ര വിജ്ഞാനങ്ങളാൽ ദൈവീക വെളിപാടുകളുടെ സത്യാവസ്ഥ വസ്തുനിഷ്ടമായി സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞാൽ, വീണ്ടും അവയെ

---

*(22 -ാം പേജിൽ നിന്ന് തുടർച്ച)*

മുഖേന യഥാർത്ഥ ഇസ്‌ലാം മതം ആശ്ലേഷിക്കുവാനുള്ള സൗഭാഗ്യമുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വർഷം ബെനിന്റെ തലസ്ഥാന നഗരിയിൽ നടന്ന 18-ാം വാർഷിക സമ്മേളനത്തിൽ അമ്പതിനായിരം പേർ പങ്കെടുത്തു. അയൽ നാടായ നൈജീരിയയിൽ നിന്നും അവിടുത്തെ ഏറ്റവും വലിയ സുൽത്താൻ ഓഫ് ആഗേദസ് തന്റെ 12 സഹചരന്മാരോടൊപ്പം മൂവായിരം കി. മീ. യാത്ര ചെയ്തു ഈ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അയൽ നാടുകളിൽ നിന്നും 70 നാട്ടുരാജാക്കന്മാർ തങ്ങളുടെ പരിവാരങ്ങളോടുകൂടി വിവിധ ഘട്ടങ്ങളിലായി പങ്കെടുത്തിരുന്നു. കൂടാതെ ഗാനാ, നൈജീരിയാ, ബോക്കാനോഫാസോ - ടോഗോ - സാഉട്ടോമെ, നൈജർ എന്നീ ആഫ്രിക്കൻ നാടുകളിൽ നിന്നും ധാരാളം പേർ ഈ സമ്മേളനത്തിൽ പങ്കെടുത്തു.

ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി കിംഗ് ഓഫ് പാറാക്കോ തന്റെ പതിനാല് സഹരാജാക്കന്മാരോടു കൂടി കുതിരപ്പുറത്തു കയറി ആരാവാരങ്ങളോടുകൂടി വന്നിരുന്നു. അവർക്ക് തദവസരത്തിൽ കണ്ണിനും ഹൃദയത്തിനും ആനന്ദവും കുളിർമ്മയും നൽകുന്ന വരവേൽപ്പ് നൽകിയത് എം.ടി.എ. റിക്കാർഡ് ചെയ്തത് നമുക്കൊക്കെ കാണുവാൻ സാധിച്ചിരിക്കുന്നു.

ഇത് ഒരു തുടക്കം മാത്രമാണ്. ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമേന്തി അല്ലാഹു അക്ബർ എന്നും Love for All , Hatred for None എന്നും ഉള്ള മുദ്രാവാക്യങ്ങൾ മുഴക്കി അഹ്മദിയ്യത്തിന്റെ വിജയ വൈജയന്തി ലോകനെറുകയിൽ നാട്ടപ്പെടുന്ന ആ കാലം വിദൂരമല്ല.

ലേഖനം

*'ക്രിസ്തുമതം: യാഥാർത്ഥ്യങ്ങളിൽ നിന്നും കെട്ടുകഥയിലേക്ക്'*
*(Christianity: A Journey from facts to Fiction) എന്ന പുസ്തകത്തിൽ നിന്ന്*

# യേശുവിനെതിരെ യഹൂദികളുടെ ഹീന വിമർശം

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

## യഹൂദികൾ യേശുക്രിസ്തുവിനെ നിന്ദിക്കാൻ വേണ്ടി രചിച്ച അധമ സാഹിത്യം ആരേയും ഞെട്ടിക്കുന്നതാണ്.

ദൈവം പറയാത്തത് ദൈവം പറഞ്ഞുവെന്ന് ഒരു വ്യാജവാദി കറ്റു കെട്ടി പറയുകയാണെങ്കിൽ അയാൾ മരത്തിൽ തൂക്കപ്പെടും എന്ന് വേദ ഗ്രന്ഥങ്ങൾ (ബൈബിൾ പഴയനിയമം) പ്രവചിച്ചതാണ്. അതുകൊണ്ട് യേശുവിന്റെ, കുരിശിൽ വെച്ചുള്ള മരണം ക്രിസ്തുമതത്തിന്റെ മരണത്തിനു തുല്യമാണ്. ആധികാരിക യഹൂദ സാഹിത്യങ്ങളിലെല്ലാം തന്നെ യേശു കുരിശിൽ മരിച്ചതിൽ ഗൂഢമായ ആനന്ദം അനുഭവിക്കുന്നത് കാണാം. ബൈബിളിലെ ആ പ്രത്യേകവിധി പ്രകാരം യേശു കള്ളവാദിയാണെന്ന് സംശയാതീതമായി തെളിഞ്ഞതായി അദ്ദേഹത്തിന്റെ സമകാലികരും ശത്രുക്കളുമായ യഹൂദികൾ കരുതുന്നു. അദ്ദേഹത്തോടു ബാഹ്യമാത്രമായ ബഹുമാനം പോലും അവർക്ക് നഷ്ടപ്പെടുകയും അദ്ദേഹത്തിനെതിരെ അങ്ങേയറ്റം നിന്ദാകരവും ഹീനവുമായ ഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പ്രിയപ്പെട്ടവരും പരിശുദ്ധനും സത്യാത്മാവുമായ ഒരു പ്രവാചകനായിരുന്നു യേശുവെന്ന് ഞങ്ങളെപ്പോലെ വിശ്വസിക്കുന്ന യാതൊരാൾക്കും വായിക്കാൻ പറ്റാത്തയത്ര അസഹനീയമാണ് അവരുപയോഗിച്ച ഭാഷ. യേശുവിനെ ഒരു ദിവ്യാത്മാവും ദൈവത്തിന്റെ പ്രവാചകനായും മസീഹ് എന്ന വിശേഷണ സ്ഥാനത്തിന്നഹർഹനായ ആൾ എന്നും അറിഞ്ഞിരുന്നവരായിരുന്നു ആദിമ ക്രിസ്ത്യാനികൾ. ഇത്തരം നിന്ദ്യമായ പ്രയോഗങ്ങൾക്കെതിരെ അവർക്കുണ്ടായിരുന്ന നിതാന്തമായ നൊമ്പരങ്ങളും തീവ്രമായ വേദനകളും ഊഹിക്കാവുന്നതേയുള്ളൂ. ഇക്കാലത്ത് സൽമാൻ റുഷ്ദി എഴുതിയ 'സാത്താനിക് വേഴ്സസ്' എന്ന കുപ്രസിദ്ധമായ പുസ്തകം വായിക്കുമ്പോൾ അനുഭവപ്പെടുന്ന വൈകൃതം നമ്മുടെ സ്മൃതിപഥത്തിലെത്തുന്നു. ഇത്തരം ഭാഷക്കെതിരെ ആദിമ ക്രിസ്ത്യാനികൾ എങ്ങനെയായിക്കാം പ്രതികരിച്ചിരിക്കുക?

ഇത്തരത്തിലുള്ള അനാദരവും സഭ്യതയില്ലായ്മയും മനുഷ്യന്റെ അഗാധമായ അധഃപതനാവസ്ഥയിൽ നിന്നും സംജാതമാവുന്നതാണ്. ദിവ്യാത്മക്കളെ തിരഞ്ഞുപിടിച്ച് ആഭാസകരവും അശ്ലീകരവുമായ പുലഭ്യങ്ങൾക്ക് കുറിമാനമാക്കുന്നവരുടെ മാനവീയ മൂല്യങ്ങൾക്ക് എന്ത് സംഭവിച്ചു എന്നറിയാൻ താഴെ കൊടുത്ത ഏതാനും ഉദ്ധരണികൾ വായിച്ചാൽ വായനക്കാരന് മനസ്സിലാവും.

യഹൂദജനതയുടെ മതപരമായ സകലജ്ഞാനങ്ങളും വിശ്വാസങ്ങളും വ്യാഖാനിക്കുന്ന ഒരു സൈദ്ധാന്തിക പുസ്തകമാണ് 'തൽമൂദ്'. അതിന്റെ അദ്ധ്യാപന പ്രകാരം യേശുവിന്റെ ജനനം ജാര മാർഗ്ഗത്തിലൂള്ളതാണ് എന്ന് മാത്രമല്ല. യേശുവിന്റെ മാതാവ് ഋതുമതിയായിരുന്നപ്പോൾ പിശാചുമായുണ്ടായ വേഴ്ചയിലാണ് അദ്ദേഹം ജന്മം കൊണ്ടത് എന്നു എഴുതുന്നു. വീണ്ടും തൽമൂദ് അക്കാര്യം വിശദീകരിക്കുന്നുണ്ട്. യേശുവിന്ന് ഈസാവു (Esau) വിന്റെ ആത്മാവാണുണ്ടായിരുന്നത്. അയാൾ ഒരു വിഡ്ഢിയായിരുന്നു. ഒരു ആഭിജാരകൻ, ലൈംഗികമായി വഴി പിഴപ്പിക്കുന്നവനുമായിരുന്നു അയാൾ. അതുകൊണ്ട് അയാളെ ക്രൂശിച്ചു നരകത്തിൽ തള്ളി. അനുയായികളാൽ അയാൾ എക്കാലത്തേക്കും ഒരു ബിംബമായി. താഴെ കാണുന്ന ഉദ്ധരണി റവ: ഐ.ബി.പ്രാനൈറ്റിഡ് എഴുതിയ The Thalmud Unmasked (തൽമൂദ് മുഖം മൂടിയില്ലാതെ) എന്ന പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

താഴെ കൊടുത്തത് 'കല്ലാഹ്' (Kallah) (18b) എന്ന ലഘുലേഖയിൽ വിവരിച്ചതാണ്.

"ഒരിക്കൽ മുതിർന്നവർ പടിവാതിൽക്കൽ ഇരിക്കുകയായിരുന്നു. രണ്ട് യുവാക്കൾ കടന്നുപോയി. ഒരാളുടെ തലമറച്ചിരുന്നു. മറ്റയാൾ തലമറച്ചിരുന്നില്ല റബ്ബി ഏലീസർ രേഖപ്പെടുത്തുന്നു, തല മറക്കാത്തവൻ ജാരനായിരുന്നു. അതായത് ഒരു മംമ്സർ (Mumzer). റബ്ബി ജോഷ്വാ പറയുന്നു: അവനെ ഗർഭം ധരിച്ചത് ആർത്തവ സമയത്തായിരുന്നു അതായത് 'ബൻനിദ്ദാഹ്' (Beniddah) ആയിരുന്നു. റബ്ബി അകിബാഹ് പറയുന്നു: അയാൾ ഇത്

രണ്ടുമായിരുന്നു'. ഇത് പറഞ്ഞ ഉടനെ റബ്ബി അകിബാഹ്നോട് മറ്റുള്ളവർ ചോദിച്ചു. 'താങ്കൾ എന്തു കൊണ്ട് മറ്റുള്ളവരിൽ നിന്നും വിഭിന്നമായി ഇത് പറയുന്നു? അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ പറയുന്നത് എന്താണെന്ന് എനിക്ക് തെളിയിക്കാൻ സാധിക്കും'. ചന്തയിൽ പച്ചക്കറി വിറ്റുകൊണ്ടിരുന്ന ആ ചെക്കന്റെ അമ്മയുടെ അടുത്ത് ഞാൻപോയിരുന്നു. ഞാനവളോട് പറഞ്ഞു : 'എന്റെ മകളെ, ഞാൻ ചോദിക്കുന്നതിന് നീ സത്യസന്ധമായി ഉത്തരം പറഞ്ഞാൽ പരലോകത്ത് നീ രക്ഷിക്കപ്പെടും.' വാഗ്ദാനം പാലിക്കണമെന്ന് അദ്ദേഹത്തോടു അവൾ ആവശ്യപ്പെട്ടു, റബ്ബി അകിബാഹ് അപ്രകാരം സമ്മതിച്ചു. പക്ഷേ, അയാളുടെ ചുണ്ടുകൾ മാത്രമായിരുന്നു അത് പറഞ്ഞത്. അയാളുടെ ഹൃദയം ആ വാഗ്ദാനം നിഷേധിച്ചിരുന്നു അതിന്ശേഷം അവളോട് ചോദിച്ചു. 'ഇനി പറയൂ, ഏത് തരത്തിലുള്ള പുത്രനാണ് ഇവൻ'. അതിന് അവൾ ഉത്തരം പറഞ്ഞു: 'ഞാൻ വിവാഹം കഴിച്ച ദിവസം ആർത്തവകാരിയായിരുന്നു. ഇത് കാരണം എന്റെ ഭർത്താവ് എന്നെ വിട്ടകന്നിരുന്നു. പക്ഷെ ഒരു പിശാച് എന്റെ അരികിൽ വരികയും എന്നോടൊപ്പം ശയിക്കുകയും ചെയ്തു. ഈ വേഴ്ചയിലാണ് എനിക്ക് ഇവൻ ജനിച്ചത്' അങ്ങനെയാണ് ഈ യുവാവ് ജാരനാണെന്ന് മാത്രമല്ല ആർത്തവകാരിയായിരിക്കുമ്പോൾ മാതാവിന് ജനിച്ചവനാണ് എന്ന് തെളിഞ്ഞത്. റബ്ബിയോട് ചോദ്യം ചോദിച്ച ആളുകൾ ഇത് കേട്ടപ്പോൾ ഒന്നടങ്കം പ്രഖ്യാപിച്ചു. "റബ്ബി അകിബാഹ് മഹാനാണ്, അദ്ദേഹം തന്റെ പൂർവ്വികരെ സത്യപ്പെടുത്തിയിരിക്കുന്നു'. അവർ ആശ്ചര്യപ്പെട്ടു. 'ജോസഫിന്റെ, മകനെ പറ്റി സത്യം വെളിപ്പെടുത്തിയ ഇസ്രായേലിന്റെ ദൈവത്തിന് സ്തുതിയായിരിക്കട്ടെ!"

'യഹൂദർ യേശുവിനെപ്പറ്റിയും അദ്ദേഹത്തിന്റെ മാതാവ് മറിയയെപ്പറ്റിയും മനസ്സിലാക്കിയ കഥ അവരുടെ തൊൽദാത്ത് ജേഷ്വാ (Toldath Jescha = യേശുവിന്റെ തലമുറ)' എന്ന പുസ്തകത്തിലും ഇതേ വാക്കുകളിൽ തന്നെ നമ്മുടെ രക്ഷകന്റെ ജനനകഥ വിവരിച്ചിരിക്കുന്നു).'The Thalmud Unmasked' by Rev. I. B. J Pranaitis, Chap. I, P.30.

മഹാനായ യേശുവിന്റെ വിശുദ്ധ നാമത്തിനും പ്രതിഛായക്കും മേൽ അദ്ദേഹത്തിന്റെ കൊടുംപകയുള്ള ശത്രുക്കൾ വാരിയെറിഞ്ഞ കെട്ടുനാറുന്ന മാലിന്യങ്ങൾക്കെതിരെ മനുഷ്യനിലുള്ള മാന്യത പ്രതിഷേധിക്കാതിരിക്കില്ല. തീർച്ചയായും യേശുവിനെ ഗർഭം ധരിച്ചത് ചാരിത്രവതിയും വിശുദ്ധ കന്യകയുമായ മറിയമാണ്. നമ്മുടെ ദൈവത്തിന്റെ, പിരിധിയില്ലാത്ത സൃഷ്ടി ലീലകളല്ലാതെ മറ്റൊന്നും തന്നെ യേശുവിന്റെ ഗർഭധാരണത്തിൽ സംഭവിച്ചിട്ടില്ല. ഋതുമതിയായിരിക്കുമ്പോൾ പിശാചുമായി വേഴ്ചനടത്തി ഗർഭിണയായി എന്ന പരാമർശം കൂടുതൽ നന്നായിച്ചേരുക പകയുടെ ഗർഭം ധരിക്കുന്ന മനസ്സുകൾക്കാണ്. കഷ്ടം! വിശുദ്ധാത്മാക്കളുടെ ധർമ്മ പത്നിമാരെക്കുറിച്ച് മാത്രമല്ല അവരുടെ വിശുദ്ധമാതാക്കൾക്കെതിരെയും മനോവൈകൃതം ബാധിച്ചവരുടെ നാവ്യം തൂലികയും വിഷവും മാലിന്യവും ഒഴുക്കുകയാണ്. ഇത്തരം ചിത്തരോഗികൾ രണ്ടായിരം വർഷംമുമ്പ് ജീവിച്ചിരുന്നവരാകട്ടെ, സമകാലീന ലോകത്ത് ജീവിച്ചിരിക്കുന്നവരാകട്ടെ അവർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. നാവിന്റേയും പേനയുടെയും സ്വാതന്ത്ര്യത്തിന്റെ പേരിൽ മൃഗീയമായ ഇത്തരം കിരാതകൃത്യങ്ങൾക്കെതിരെ ആധുനിക നാഗരിക സമൂഹങ്ങൾക്ക് എങ്ങിനെയാണ് കണ്ണടക്കാൻ കഴിയുന്നത് എന്ന കാര്യം അത്ഭുതതരം തന്നെ.

ഉദാഹരണത്തിന് ഇസ്ലാമിന്റെ, തിരുദൂതരുടെ ധർമ്മപത്നിമാർക്കെതിരെ സൽമാൻ റുഷ്ദി ഉപയോഗിച്ച ഭാഷക്ക് സമാനമാണ് ക്രിസ്തുവിന്റെ പരിശുദ്ധ മാതാവിനെതിരെയും പ്രയോഗിച്ചിട്ടുള്ള ഭാഷ.

സനേന്ദ്രിനിലും (Sanhedrin) ഇത്തരം വിവരണമുണ്ട് 67 a.

'ലുദ്ദിൽ വെച്ച് സ്റ്റാഡയുടെ മകനോട് അവർ ഇത് തന്നെയാണ് ചെയ്തത്. പെസഹായുടെ തലേന്ന് അവർ അവനെ തൂക്കിക്കൊന്നു. സ്റ്റാഡയുടെ ഈ പുത്രൻ പാന്തിറയുടെ പുത്രനായിരുന്നു. റബ്ബി ചസ്ദ ഞങ്ങളോട് പറയുന്നത് പാന്തിറ സ്റ്റാഡയുടെ ഭർത്താവാണെന്നായിരുന്നു. അവനും അവന്റെ മാതാവും പാപൂസി (Paphus)ന്റെ കാലത്താണ് ജീവിച്ചിരുന്നത്!'

Thalmud Unmasked (തൽമൂദ് മുഖം മൂടിയില്ലാതെ) എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഐ. ബി. പ്രണൈറ്റിസ് മേൽ വചനത്തിന് ഇപ്രകാരം വ്യാഖ്യാനമെഴുതി.

ഇതിന്റെ അർത്ഥം ഈ മറിയം സ്റ്റാഡയെന്ന് വിളിക്കപ്പെട്ടിരുന്നു എന്നാണ്. അവളൊരു വേശ്യയായിരുന്നു. കാരണം പുമ്പടിതയിൽ വെച്ച് അവൾക്ക് പഠിപ്പിക്കപ്പെട്ടത് പ്രകാരം അവളുടെ ഭർത്താവിനെ ഉപേക്ഷിച്ചുകൊണ്ട് വ്യഭിചാരം നടത്തിയിരുന്നു. ഇത് ജെറുസെലേം തൽമൂദിലും മെയ്മോനിദിലും (Maimonides) രേഖപ്പെടുത്തിയിട്ടുണ്ട്.'

'ഇത്തരം പൈശാചികമായ കളവുകളിൽ വിശ്വസിക്കുന്നവർ വമ്പിച്ച വെറുപ്പോ അതോ സഹതാപമോ ഏതാണ് അർഹിക്കുന്നത് എനിക്കൊന്നും പറയാൻ സാധിക്കുന്നില്ല (Thalmud Unmasked - Rev. I.B. Pranaitis)

തന്റെ കർത്താവ് ഭ്രാന്തമായ പരിഹാസത്തിന് വിധേയമായപ്പോൾ വ്രണിത ചിത്തനും നിസ്സഹായനുമായ ഒരാളുടെ ഹൃദയത്തിൽ നിന്നും ഉയർന്ന വേദന നിറഞ്ഞ വിലാപമാണ് ഇത്. ആദിമ ക്രിസ്ത്യാനികൾ അക്കാലത്തെ യഹൂദികളുടെ പരിഹാസങ്ങളാൽ തീവ്രമായ ദുഃഖങ്ങളും നാരകീയ അനുഭവങ്ങളും സഹിക്കുകയുണ്ടായി. കടുത്ത ശകാര വാക്കുകൾ അവർ സഹിച്ചു. ഏതോ വിദൂരഭൂതകാലത്ത് വിസ്മൃതനായ ഒരാളെക്കുറിച്ചായിരുന്നില്ല ആ ശകാര വാക്കുകൾ; അവരോടൊപ്പം ജീവിക്കുകയും, അവരുമായി പങ്കിട്ട ചേദോഹര സ്മരണകൾ നിറഞ്ഞു നിൽകുകയും ചെയ്ത ഒരു മഹാവ്യക്തിയെക്കുറിച്ചായിരുന്നു. അവരാൽ അഗാധമായി സ്നേഹിക്കപ്പെട്ട അവരുടെ പ്രിയപ്പെട്ട

ഗുരുവിനെക്കുറിച്ചായിരുന്നു. അവർ രണ്ട് വിധത്തിൽ പീഡിതരായിരുന്നു. വിചാരണ വേളയിലും ക്രൂശിച്ചു കൊല്ലാൻ ശ്രമിച്ചപ്പോഴും അദ്ദേഹം സഹിച്ച ശാരീരിക യാതനകൾക്ക് പുറമെ ക്രൂരമായ പരിഹാസങ്ങളും അവരെ വേദനിപ്പിച്ചു. ഇത്തരത്തിൽ മനുഷ്യോചിതമല്ലാത്ത, ജുഗുപ്സാവഹമായ ഭാഷ ഉപയോഗിച്ചു മുസ്‌ലിംകളുടെ പ്രിയപ്പെട്ട വിശുദ്ധ പ്രവാചകനേയും അദ്ദേഹത്തിന്റെ അനുയായികളേയും എതിർക്കുമ്പോൾ, അവരുടെ പരിശുദ്ധകർത്താവിനേ വിമർശിക്കുമ്പോഴുണ്ടാകുന്നതിനേക്കാൾ ഒട്ടും കുറയാത്ത രീതിയിൽ കോടിക്കണക്കിന് മുസ്‌ലിംകളും തീർച്ചയായും വേദനിക്കുന്നു എന്ന് പാശ്ചാത്യ ലോകത്തെ ക്രൈസ്തവ സമൂഹം മനസ്സിലാക്കാൻ ശ്രമിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.

യഹൂദികൾ അഹങ്കാരപൂർവ്വം അവകാശപ്പെടുന്നത് പോലെ യേശുകുരിശിൽ വെച്ച് മരിച്ചിരുന്നില്ല. അന്നും അതിനുശേഷവും അദ്ദേഹം ജീവിച്ചിരുന്നുവെന്നുമുള്ള അനിഷേധ്യമായ തെളിവുകൾ ആദിമ ക്രിസ്ത്യാനികളുടെ പക്കലുണ്ടായിരുന്നിട്ടും ഈ നിന്ദ അവർ ഏറ്റുവാങ്ങി. അവർ സ്വയം തന്നെ യേശുവിന്റെ മുറിവുകൾ ചികിത്സിച്ചു. അദ്ദേഹത്തിന്റെ ശരീരം അവർക്ക് കൈമാറിയതിൽ പിന്നെ അത്ഭുതകരമായ രീതിയിൽ അഗാധമായ അബോധാവസ്ഥയിൽ നിന്നും യേശു സുഖം പ്രാപിക്കുന്നത് അവർ സ്വന്തം കണ്ണുകൊണ്ട് നോക്കിക്കണ്ടു. അത് ഭൂത രൂപത്തിലോ പ്രേതരൂപത്തിലോ ആയിരുന്നില്ല. സാധാരണ മനുഷ്യശരീരത്തോടുകൂടിത്തന്നെ. സത്യത്തിനുവേണ്ടി സമുജ്ജ്വലമായ ത്യാഗങ്ങൾ വരിച്ച അതേ ദുർബലമായ മനുഷ്യശരീരത്തോടുകൂടിത്തന്നെ. അദ്ദേഹം മരണത്തെ അതിജീവിച്ചു. അവർ അദ്ദേഹത്തോട് സംസാരിച്ചു. അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിച്ചു. കുരിശ് സംഭവം നടന്ന സ്ഥലത്ത് നിന്നും രാവുതോറും രഹസ്യമാർഗ്ഗത്തിൽ അദ്ദേഹം അടിവെച്ചടിവെച്ച് നീങ്ങുന്നതും അവർ കണ്ടു.

(തുടരും)

കവിത

# ദിവ്യ സ്മരണ

**എസ്. വി. സുബൈദാബീബി**
**പഴയങ്ങാടി**

മാനവരാശിതൻ പാപമോക്ഷത്തിനായ്
നാഥൻ സ്വരൂപിച്ചാ പുണ്യഗേഹം
എത്ര ചിരന്തന മാനവ സ്മൃത്യുക്ത
ചത്വര പ്രാകാര സന്നിധാനം
ഹാജറ തന്നിലെ വിധുരമാം ചിന്തയാൽ
നിർഗ്ഗളിച്ചുള്ളൊരു പുണ്യതീർത്ഥം
ചേതോഹരമാം ആത്മീയ മന്ദിരം
ചൈതന്യ ഹർഷം ചൊരിഞ്ഞിടുന്നു.
ചാരുനിർമ്മല സ്രോതസ്സുകളാലെ
ചാലെ പുളകിതമാക്കിയന്ന്
ആത്മ ഗുരുക്കൾ തൻ പാദം പതിഞ്ഞിടം
ആത്മ നിർവൃതിയാൽ നോക്കിക്കാണാൻ
പ്രവഹിച്ചീടുന്നു തീർത്ഥാടകരെന്നെന്നും
മർത്ത്യസമാവൃത സഞ്ചയമായ്
ആദിവ്യസ്മരണയിലാമഗ്നനായി ഞാൻ
ചേതനയറ്റു പോയപോലെ
നിർനിമേഷയായി ആ പടിവാതിൽല്ക്കൽ
നിന്നെൻ മാനസം തിങ്ങിവിങ്ങി
സ്വപ്നത്തിലെന്നപോൽ ഞാനുണർന്നു മമ
സർവ്വാധിനാഥനിൽ സ്തുതി പറഞ്ഞു

# 'ത്വാഹിർ മസ്ജിദ്' ചരിത്രഭൂമിയിൽ ഒരു മകുടചാർത്ത്

എസ്.വി. സദറുദ്ദീൻ

### ത്വാഹിർ മസ്ജിദ് ഉദ്ഘാടന വേളയിൽ പഴയങ്ങാടി അമീർ അവതരിപ്പിച്ച റിപ്പോർട്ട്

ഉത്തരകേരളത്തിന്റെ ചരിത്രത്തിൽ സുപ്രധാന സ്ഥാനമർഹിക്കുന്ന ഒരു പ്രദേശമാണ് പഴയങ്ങാടി. ഏഴിമലയുടെ താഴ്വരയിൽ തലചായ്ച്ച്, ഓർമ്മകൾ അയവിറക്കുന്ന മാടായിയുടെ ഹൃദയസ്ഥാനമാണ് പഴയങ്ങാടി. നിരവധി സഞ്ചാരികളുടെ കുറിപ്പുകളും ചരിത്ര വിവരണങ്ങളും നാടൻ പാട്ടുകളും പഴയങ്ങാടിയുടെ പ്രൗഢമായ സാംസ്കാരിക പാരമ്പര്യത്തെ പ്രഖ്യാപനം ചെയ്യുന്നു. ഹരിത വസന്തം നിറഞ്ഞു നിൽക്കുന്ന പ്രകൃതി, ഈ പ്രദേശത്തെ മനോരമ്യമാക്കുന്നു.

പ്രസിദ്ധമായ മാടായികാവും വടുകുന്ദ ക്ഷേത്രവും ഇവിടെയാണ്. ബൗദ്ധരും ജൂതരും അവരുടെ അസ്തിത്വമുറപ്പിക്കാൻ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഇവിടെ എത്തിച്ചേർന്നിരുന്നു. മാടായിപ്പാറയുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന ജൂതക്കുളം, മദ്ധ്യപൂർവ്വ ദേശത്തോളമെത്തുന്ന സൗഹൃദത്തിന്റെ വിപഞ്ചിക മീട്ടുന്നു. മാടായികുന്നിന്റെ താഴ്വാരത്തിലാണ് പ്രസിദ്ധമായ മാടായിപള്ളി. മാലിക് ദീനാറിന്റെ സഹചരർ, ഇവിടത്തോളമെത്തി പള്ളി പണിതപ്പോൾ, കേരളത്തിലെ ആദ്യത്തെ മുസ്ലിം പള്ളികളിലൊന്നായി അതുമാറി. പോയ കാലത്തിന്റെ രാജവീഥിയിൽ സ്നേഹസൗഹൃദങ്ങളുടെ ഹൃദയചിത്രവുമായി, ഹിന്ദു മുസ്ലിം ഐക്യത്തിന്റെ ദീപ്തനാളവുമായി, തോറ്റം പാട്ടിൽ മാടായിപ്പള്ളിയെ പ്പറ്റി പാരാമർശമുണ്ട്.

"മക്കത്തെപ്പള്ളിക്കൊപ്പിച്ചൊരു പള്ളി
മലനാട്ടിലൊരു പള്ളി മാടായിപ്പള്ളി"

മതപ്രവർത്തനമെന്നത് മനുഷ്യസേവനം കൂടിയാണെന്ന് തെളിയിച്ച ഫാദർ കൈറോണിയുടെ ദീനദയാലുത്വത്തിന് സാക്ഷിയായതും ഈ ചരിത്രഭൂമി തന്നെ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യം മതസംഗമത്തിന്റെ ഈ മലർവാടി മറ്റൊരു മഹത്തായ സന്ദേശത്തിന് സാക്ഷ്യം വഹിച്ചു. ഇസ്ലാമിന്റെ സമത്വസുന്ദരങ്ങളായ ആദർശങ്ങളെ ഉയർത്തിപ്പിടിച്ച, ആധുനിക യുഗത്തിന്റെ ലോകോദ്ധാരകനായി പ്രത്യക്ഷപ്പെട്ട, അഹ്മദിയ്യാ സ്ഥാപകരായ ഹസ്രത്ത് അഹ്മദി (അ)ന്റെ ദിവ്യശബ്ദത്തിന് കാതോർക്കാൻ പഴയങ്ങാടിക്ക് ഭാഗ്യമുണ്ടായി. ഹസ്രത്ത് അഹ്മദി(അ)ന്റെ ജീവിതകാലത്തന്നെ അഹ്മദിയ്യാ ജമാഅത്തിന് പഴയങ്ങാടിയിൽ വേരുകളുറപ്പിക്കാൻ കഴിഞ്ഞുവെന്നത് ചരിത്രത്തിന്റെ മറ്റൊരു മധുരാനുഭൂതിയായി.

1920-ൽ പഴയങ്ങാടിയിൽ അഹ്മദിയ്യാ പള്ളി നിർമ്മിതമായി. തെക്കേ ഇന്ത്യയിലെ തന്നെ ഒന്നാമത്തെ അഹ്മദിയ്യാ പള്ളിയാണിത്. 1919 ജൂലായ് മാസത്തിൽ വാഗ്ദത്തമഹീഹിന്റെ ഏറ്റവും അടുത്ത ഒരു സഹാബിയായ ഹസ്റത്ത് മൗലാനാഗുലാം റസൂൽ സാഹിബ് രാജകി(റ) ആണ് പള്ളിക്ക് തറക്കല്ലിട്ടത്. പള്ളിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് വാഗ്ദത്ത മസീഹിന്റെ മറ്റൊരു സഹാബിയായ ഹസ്രത്ത് മൗലാനാ സയ്യദ് അബ്ദുർ റഹീം സാഹിബ് ബീഹാരി (റ) ആയിരുന്നു. ഇവിടെ ചരിത്രത്തിന്റെ ആവർത്തനം കൗതുകം നൽകുന്നു. ഹസ്റത്ത് മാലിക്ക്ബ്നു ദീനാറിന്റെ മകൻ ഹസ്റത്ത് അബ്ദുർരഹ്മാനിബ്നുമാലിക് ഖാസിസ്ഥാനം അലങ്കരിച്ചുകൊണ്ടാണ് മാടായി പള്ളി അതിന്റെ ആദ്യകാല സൗഭാഗ്യം ലോകത്തെ അറിയിച്ചത്. പതിമൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം മറ്റൊരു അബ്ദുറഹീം വാഗ്ദത്ത മസീഹിന്റെ ദൗത്യവുമായി വന്ന് പുതിയ ആത്മീയ വസന്തത്തിന് ചാരുത ചാർത്തി.

ഈ ആദ്യ മസ്ജിദിനെപ്പറ്റി പറയുമ്പോൾ പ്രസ്തുത മസ്ജിദിനു വേണ്ടി സ്ഥലം അനുവദിക്കുകയും സ്വന്തമായ ചെലവിൽ മസ്ജിദ് നിർമ്മിക്കുകയും ചെയ്ത ഇവിടുത്തെ ആദ്യകാല അഹ്മദികളിൽ ഒരാളായ മർഹൂം ജനാബ് സീരെ വീട്ടിൽ കുഞ്ഞഹ്മദ് സാഹിബിനെ വിസ്മരിക്കാനാവുകയില്ല. 1919-ൽ സ്ഥാപിതമായ പഴയങ്ങാടി ജമാഅത്തിന്റെ ആദ്യസാരഥിയും അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടിയാണ് ഈ സമ്മേളന നഗരിക്ക് അദ്ദേഹത്തിന്റെ നാമകരണം നൽകിയത്.

പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനാവാൻ ഭാഗ്യം സിദ്ധിച്ചത് ഹസ്റത്ത് മൗലാനാ ഹാജിശൈഖ് മുഹ്യിദ്ദീൻ കുട്ടി സാഹിബ്(റഹ്)ക്കാണ്. അപൂർവ്വ സിദ്ധികളുടെ തിളക്കമുള്ള, രാജകീയ പ്രൗഢിയുടെ പരിവേഷമുള്ള

ഈ മഹാത്മാവ് ത്യാഗത്തിന്റെ മുൾമുന ഏറ്റുവാങ്ങിയാണ് കണ്ണൂരിന്റെ ഹൃദയ ഭൂമിയിലും പഴയങ്ങാടി, കൂടാളി എന്നി വിടങ്ങളിലും ആത്മീയതയുടെ പച്ച പ്പായ അഹ്മദിയ്യാ ജമാഅത്തിനെ സ്ഥാപിക്കാൻ ശ്രമിച്ചത്. കേരളത്തിലെ മുഴുവൻ അഹ്മദികൾക്കും അദ്ദേഹം അഭിമാനമാണ്. കാരണം അദ്ദേഹമാണ് കേരളത്തെ ഖാദിയാൻ ശരീഫുമായി ബന്ധിപ്പിച്ച ആദ്യ കണ്ണി. അദ്ദേഹ ത്തിന്റെ സീമന്തപുത്രനാണ് തെക്കേ ഇന്ത്യയിലും ശ്രീലങ്കയിലും അഹ്മദി യ്യത്തിന്റെ ദിവ്യവെളിച്ചം ജ്വലിപ്പിച്ച ഹസ്രത്ത് മൗലാനാ ബി.അബ്ദുല്ലാഹ് സാഹിബ് എച്ച്.എ(റ) ഈ ത്യാഗിവ ര്യന്മാരൊക്കെയും പഴയങ്ങാടിയിലാണ് ജനിച്ചു വളർന്നത്. അഹ്മദിയ്യാ ജമാ അത്ത് സ്വീകരിച്ചതിന്റെ പേരിൽ സ്വന്ത ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെ ട്ട, കൊടിയ മർദ്ദനങ്ങൾ അനുഭവിക്കേ ണ്ടിവന്ന, സ്വന്തം ഹൃദയരക്തത്തിൽ അഹ്മദിയ്യത്തിന്റെ സത്യമെഴുതി ച്ചേർത്ത, പഴയങ്ങാടിയിലെ ആദ്യകാല അഹ്മദികളെ ഞാൻ ഈ അവസര ത്തിൽ മനസ്സിന്റെ അടിത്തട്ടിൽ നിന്ന് വരുന്ന വികാരവായ്പോടെ ഓർക്കുന്നു. അവർ വേട്ടയാടപ്പെടുമ്പോഴും സ്നേഹ സൗന്ദര്യങ്ങളുടെ, തൗഹീദിന്റെ കൊടി അവർ ഉയർത്തിപ്പിടിച്ചു. അല്ലാഹു അവർക്ക് ജന്നത്തിൽ ഫിർദൗസിൽ വാസസ്ഥലം ഒരുക്കുമാറാകട്ടെ. ആ ആദ്യകാല അഹ്മദികളുടെ അവസാ നമില്ലാത്ത ത്യാഗങ്ങളുടെ, കണ്ണീർ മഴ കളുടെ, വിശ്വാസദാർഢ്യത്തിന്റെ, സഹന പരീക്ഷണങ്ങളുടെ ഭൂമികയി ലാണ് അല്ലാഹുവിന്റെ അനന്തമായ കാരുണ്യത്താൽ ഞങ്ങൾക്കൊരിക്കൽ സ്വപ്നം മാത്രമായിരുന്ന അല്ലാഹു വിന്റെ ഈ മനോഹരഭവനം സ്ഥാപി ക്കാനായത്. സർവ്വസ്തുതിയും സർവ്വ ലോക രക്ഷിതാവായ അല്ലാഹുവിനാകു ന്നു.

കാലത്തിന്റെ ഗതിമാറ്റത്തിൽ പഴയ ങ്ങാടി അഹ്മദിയ്യാ ജമാഅത്ത് പുരോ ഗതിയിലേക്ക് നീങ്ങി. നൂറുശതമാനം സാക്ഷരത ഞങ്ങളുടെ അഭിമാനമായി. മുസ്ലിം കേരളത്തിന്റെ സാമൂഹ്യസാം സ്കാരിക രംഗത്ത് മാത്രമല്ല ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ ശ്രദ്ധേയ രായ വ്യക്തികൾ ജമാഅത്തിലുണ്ടായി. ആദ്യകാല അഹ്മദികളുടെ ജീവിത തപസ്യയുടെ സ്രോതസ്സിൽ നിന്നാണ് ഞങ്ങൾക്ക് ഇതിനുവേണ്ട ജീവജലം ലഭിച്ചത്.

പഴയങ്ങാടി ജമാഅത്തിന് ലഭിച്ച മറ്റൊരു അനുഗ്രഹം വാഗ്ദത്ത മസീഹിന്റെ ചില പ്രമുഖ സഹാബിമാർ ഇവിടം സന്ദർശിച്ചുവെന്നതാണ്. അക്കൂ ട്ടത്തിൽ ഹസ്റത്ത് അല്ലാമാ ഹാഫിള് റൗശൻ അലീ സാഹിബ് (റ) 1925 ഒക്ടോബർ 26-ാം തീയതിയും ഹസ്റത്ത് ഡോക്ടർ മുഫ്തീ മുഹമ്മദ് സാദിഖ് സാഹിബ് ഭേരവി (റ) 1927 നവംബർ 11-ാം തീയതിയും ഹസ്റത്ത് മൗലാനാ അബ്ദുറഹീം സാഹിബ് നയ്യർ (റ) 1934 മാർച്ച് 17-ാം തീയതിയും പഴയങ്ങാടിയിൽ വരികയുണ്ടായി. കൂടാതെ വാഗ്ദത്ത മഹ്ദീ മസീഹിന്റെ പൗത്രൻ ഹസ്രത്ത് സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് പല തവണ പഴയങ്ങാടി സന്ദർശിച്ചിട്ടുണ്ട്.

1976-ൽ ഈ പള്ളി പുതുക്കി പണി യുകയുണ്ടായി. കൂടുതൽ സൗകര്യങ്ങ ളോടുകൂടി വീണ്ടും ഇത് പുനർ നിർമ്മാണം നടത്താൻ 2003-ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ) അനുവാദം നൽകി. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് തിരുമനസ്സ് ഈ പള്ളിക്ക് 'ത്വാഹിർ മസ്ജിദ്' എന്ന് നാമകരണം ചെയ്തു.

ജമാഅത്ത് അമീർ എസ്.വി.സദറു ദ്ദീൻ ചെയർമാനും പി.പി.നാസിറുദ്ദീൻ സാഹിബ് കൺവീനറുമായ ഒരു കമ്മ റ്റിയാണ് ഈ പള്ളിയുടെ നിർമ്മാണ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചത്, വിശുദ്ധിയും ഭക്തിയും നിറഞ്ഞ, ദൈവികാന്തരീക്ഷത്തെ ദ്യോതിപ്പിക്കു ന്ന, അതോടൊപ്പം ശിൽപകലയുടെ മുദ്രചാർത്തിയ ഒരു പള്ളി എന്ന സങ്കൽപ്പം ഇവിടെ പൂവണിയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഇതിന്നാവശ്യമായ കൂടുതൽ സ്ഥലം സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുകയും മനോഹരമായ പ്ലാൻ ഒരുക്കിത്തരികയും രാപ്പകൽ വിശ്രമമില്ലാതെ നിർമ്മാണ പ്രവർത്തന ത്തിൽ ഭാഗഭാക്കാവുകയും ചെയ്ത പി. പി.നാസിറുദ്ദീൻ സാഹിബിനെ നന്ദി പൂർവ്വം ഈ അവസരത്തിൽ ഓർമ്മിക്കു ന്നു. നിർമ്മാണ കമ്മറ്റിയിൽ അംഗങ്ങ ളായി സേവനരംഗത്ത് വിശിഷ്ട മാതൃക കാണിച്ച ബി.അബ്ദുസ്സലാം സാഹിബ്, എസ്.വി.മഹ്മൂദ് അഹ്മദ് സാഹിബ്, എം.എൻ.അബ്ദുല്ലാ സാഹിബ്, എം. സുലൈമാൻ സാഹിബ് എന്നിവരെയും ഇവിടെ പ്രത്യേകം സ്മരിക്കുന്നു. പഴയങ്ങാടി മസ്ജിദിന്റെ നിർമ്മാണ സംരംഭങ്ങൾക്ക് കേന്ദ്രത്തിന്റെ അംഗീകാരം നേടാൻ ഞങ്ങളിലൊരാളായി പ്രവർത്തിച്ച ഖാദി യാനിലെ ജനാബ് മൗലവി സൈനു ദ്ദീൻ ഹാമിദ് സാഹിബിനോടുള്ള കട പ്പാട് ഈ അവസരത്തിൽ വ്യക്ത മാക്കട്ടെ. അതിലുപരി സംസ്ഥാന അമീർ ജനാബ് ഏ.പി.കുഞ്ഞാമുസാഹി ബ്, ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ എന്നിവർ വഴി കാട്ടികളായി ഞങ്ങളുടെ കൂടെ ഉണ്ടാ യിരുന്നു എന്നത് കൃതജ്ഞതാപൂർവ്വം ഇവിടെ വ്യക്തമാക്കട്ടെ. പള്ളിക്കാവശ്യ മായ സാമ്പത്തിക സഹായം ചെയ്തത് ഉപദേശ നിർദ്ദേശങ്ങൾ നൽകി, എല്ലാ പരാധീനതകളെയും മറന്ന് തങ്ങൾക്കാ വുന്നതിന്റെ പരമാവധിക്കപ്പുറം സേവ നത്തിന്റെ വിശാലമായ മനസ്സൊരുക്കിയ വിദേശത്തെയും നാട്ടിലെയും നമ്മുടെ ജമാഅത്തിലെ എല്ലാ സഹോദരീ സഹോദരന്മാരെയും ഒരിക്കലും മറക്കാ നാവാത്ത സ്നേഹസ്പർശത്തോടെ ഞാൻ അഭിനന്ദിക്കുന്നു. അല്ലാഹു വിന്റെ ഈ ഭവനമൊരുക്കിയ എല്ലാവ ർക്കും തക്കതായ പ്രതിഫലം ലഭിക്കു മാറാകട്ടെ.

## മസ്ജിദ്

തീർച്ചയായും പള്ളികളെല്ലാം അല്ലാഹുവിനുള്ളതാണ്. അതുകൊണ്ട് അല്ലാഹുവിനോ ടൊപ്പം മറ്റാരേയും നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കരുത്.

***വി. ഖുർആൻ (72:18)***

ലേഖനം

# പരസ്പര സ്നേഹവും വിശ്വാസവും കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ്

ഏ.ക്യൂ.മഹ്ദി

സ്നേഹം, അക്ഷരത്തിലും അർത്ഥത്തിലും മനോഹരമായ പദം. ഭൂമിയിലെ ഏറ്റവും നല്ല വികാരത്തിന്റെ പേരാണത്. മനുഷ്യൻ സാമൂഹ്യജീവിയായി മാറിയ നാൾ മുതൽ സ്നേഹമെന്ന വികാരത്തെക്കുറിച്ച് അവൻ ബോധവാനായിക്കഴിഞ്ഞിരുന്നു. ബുദ്ധിയുടെയും, ഭാവനയുടെയും വ്യത്യസ്ഥ പരിണാമഘട്ടങ്ങളിൽ ഓരോ കാലത്തും കലാകാരന്മാർ സ്നേഹത്തെ നിർവ്വചിക്കാൻ ശ്രമം നടത്തുകയുണ്ടായി. കവികളും, എഴുത്തുകാരും, ചിത്രകാരന്മാരും വിവിധ നിറങ്ങളിലും, ഭാവങ്ങളിലും, ഭാവനകളിലും സ്നേഹത്തെ കണ്ടു. അങ്ങനെ, അത് മനുഷ്യജീവിതത്തിൽ സാത്വികമായ ഒരു ചാലകശക്തിയായിത്തീർന്നു. ഒരു ജൈവചാലകശക്തി. ഒരിക്കലും ഉപരിപ്ലവമായ ഒരു വികാരമായി അത് നിലനിന്നില്ല. മനുഷ്യബന്ധങ്ങളുടെ ആഴത്തിലേയ്ക്ക്, ആഴങ്ങളുടെ അനന്തതയിലേയ്ക്ക് ഒരനുഭൂതിയായി അതു പടർന്നിറങ്ങി. കാലദേശങ്ങൾക്ക് അതീതമായി, വർണ്ണവർഗ്ഗ വ്യത്യാസങ്ങളുടെ ചക്രവാളങ്ങൾക്കും അപ്പുറത്ത്, മുൻവിധികളിൽ നിന്നൊക്കെ മുക്തമായി, ഒരു വൈകാരിക പ്രവാഹമായി സ്നേഹം നിലനിൽക്കുന്ന കുടുംബബന്ധങ്ങളിൽ സ്നേഹം ദിവ്യമായ ഒരനുഭൂതിയാവുകയും, വ്യക്തിബന്ധങ്ങളിലെ ഇഴയടുപ്പം അത് വർദ്ധിപ്പിക്കുകയും ചെയ്തു.

വ്യക്തികൾ ചേരുമ്പോൾ സമൂഹമുണ്ടാകുന്നുവെങ്കിൽ വ്യക്തിയും വ്യക്തിയും തമ്മിലുള്ള സ്നേഹബന്ധത്തിനും വ്യാപകമായ അർത്ഥതലങ്ങളുണ്ടാവണമല്ലോ.

സമൂഹത്തിലാണ് കുടുംബങ്ങളുണ്ടാവുന്നത്. കുടുംബത്തിലെ അംഗങ്ങൾ സമൂഹത്തിലെ വ്യക്തികൾ മാത്രവും. സ്ത്രീപുരുഷ ഭേദമന്യേ കുടുംബജീവിതത്തിൽ നാമറിഞ്ഞിരിക്കേണ്ട, കഴിയുമെങ്കിൽ പാലിക്കേണ്ട, ചില കൊച്ചുകൊച്ചു കാര്യങ്ങൾ പറയാൻ ഞാനൊരു ചെറിയ ശ്രമം നടത്തുകയാണിവിടെ.

ഒരു സ്ത്രീയുടെ ജീവിതം പൂർണ്ണമാകുന്നത് എപ്പോഴാണ്.......? തീർച്ചയായും വിവാഹാനന്തരമാണത്. സന്തുഷ്ടകരമായ ഒരു ദാമ്പത്യജീവിതം ആസ്വദിക്കാൻ കഴിയുമ്പോൾ മാത്രം. ഇതിനാകട്ടെ പുരുഷന്റെ ആത്മാർത്ഥമായ സഹകരണം കൂടിയേ തീരു. അടിസ്ഥാനപരമായി ഇതിനു വേണ്ടത്, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള മനസ്സു തുറന്ന സ്നേഹമാണ്, വിട്ടുവീഴ്ചയാണ്, ഉപാധിയില്ലാത്ത ധാരണയാണ്, പരസ്പരവിശ്വാസമാണ്. എങ്കിൽപ്പോലും ഏതോ ചില വിധേയത്വങ്ങൾ പൊതുവിൽ സ്ത്രീകളെ ഭാഗികമായെങ്കിലും ബന്ധനസ്ഥരാക്കുന്നുവോ എന്നെനിക്കു തോന്നിപ്പോകുന്നു. ഈ ആധുനിക കാലത്തും സ്ത്രീയ്ക്കുമേലുള്ള ചങ്ങലക്കെട്ടുകൾ കൂടുതൽ കൂടുതൽ മുറുകിവരുന്നതും ഞാൻ കാണുന്നു. അധികപക്ഷവും ഈ തടങ്കൽ സൃഷ്ടിക്കപ്പെടുന്നത്, ബന്ധപ്പെട്ട പുരുഷന്മാരിൽ അപൂർവ്വം ചിലരുടെയെങ്കിലും സ്വാർത്ഥഭാവം തലയുയർത്തുമ്പോഴോ, പുരുഷന്റെ ആധിപത്യം അന്ധമായി അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോഴോ ആണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.

അതവിടെ നിൽക്കട്ടെ, നമുക്കു വിഷയത്തിലേക്ക് വരാം.

ചെറിയചെറിയ കലഹങ്ങൾ ഉണ്ടാവാത്ത ഏത് വീടാണുള്ളത്, കുടുംബമാണുള്ളത്? അതും ജീവിതത്തിന്റെ തന്നെ ഭാഗമാണെന്നിരിക്കേ, ഭാര്യാഭർത്താക്കന്മാരൊക്കെ ജീവിത കാലം മുഴുവൻ ഒരലോസരവുമില്ലാതെ ദാമ്പത്യജീവിതം നയിക്കുന്നുവെന്നു പറയാനാവുമോ? ഒരു മണിക്കൂറോ, ഒരു രാത്രിനേരമോ കൊണ്ടു തീരാത്ത പ്രശ്നമോ, അകൽച്ചയോ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഉണ്ടാവാൻ പാടില്ല എന്ന്, രണ്ടുകൂട്ടരും സ്വയം നിഷ്കർഷിക്കണം, തീരുമാനമെടുക്കണം.

ഭർത്താവിനെ പ്രകോപിപ്പിച്ച് പ്രഹരം ഏറ്റുവാങ്ങുന്ന മഹിളാരത്നങ്ങൾ എത്രയോ ഉണ്ട്. അത്തരക്കാർ അപൂർവ്വമായെങ്കിലും നിമുക്കിടയിലുമുണ്ടാവാം. എന്നാൽ, നിസ്സാരമായ കലഹങ്ങൾക്കിടയിൽപോലും ആവശ്യമെങ്കിൽ ഭാര്യയെ തല്ലാം എന്നൊരു നിയമവും നിർദ്ദേശവും ഉള്ളതായി ചില പുരുഷന്മാരെങ്കിലും സ്വയം ധരിച്ചുവച്ചിരിക്കുന്നതായി തോന്നുന്നു. പ്രഥമദൃഷ്ട്യാ തീരെ ചെറിയ കുറ്റങ്ങൾക്കുപോലും, ഭാര്യയെ ശിക്ഷിക്കുന്നതിന് ശാരീരിക മർദ്ദനമുറകൾ ആവാം എന്നത് ചില ഭർത്താക്കന്മാരുടെയെങ്കിലും വികലമായ ധാരണ മാത്രമാണ്. നീതിരഹിതമായ പീഡനമാണെങ്കിൽ അതിനെതിരെ ന്യായാസനം സ്ത്രീയ്ക്ക് നിയമപരിരക്ഷ ഇപ്പോൾ ഉറപ്പാക്കിയിട്ടുണ്ടെന്നത് അവളെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹം തന്നെയാണ്. പക്ഷേ, സ്ത്രീകൾ ഇതിന്, നിയമത്തിന്റെ വഴിതേടാൻ തുനിയുമോ?

അവൾ ഒക്കെയും ഉളളിലമർത്തിയും, പൊറുത്തും, സഹിച്ചും കഴിഞ്ഞുകൂടുന്നതായാണ് കാണുന്നത്.

ഞാനീ എഴുതുന്നത്, വളരെ വിചിത്രമായ ഒരു വിഷയമായി വായനക്കാർക്ക് തോന്നുന്നുണ്ടാവും........? വാഗ്ദത്ത മസീഹിന്റെ കാലത്തുണ്ടായ ഒരു ചെറിയ സംഭവം വിവരിക്കട്ടെ,

ഒരിക്കൽ, ഹക്കീം ഫസലുദ്ദീൻ സാഹിബ് ഭേരവി(റ) തന്റെ ഇളയ ഭാര്യയെ എന്തോ ധിക്കാരം പറഞ്ഞതിന് അടിക്കുകയുണ്ടായി. അവർ ഉടൻ തന്നെ മസീഹ്(അ)ന്റെ അടുക്കൽ വന്ന് പരാതി പറഞ്ഞു. ഹുസൂർ, ഹക്കീം സാഹിബിനെ, 'ഇത് ഒരിക്കലും ശരിയായ നടപടിയല്ല' എന്നൊരു കുറിപ്പ് എഴുതി അറിയിച്ചു. വലിയൊരു പണ്ഡിതൻ കൂടിയായിരുന്നു ഹക്കീം സാഹിബ്. അദ്ദേഹം ചില ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് മറുപടി അയച്ചു

'അവരിൽ നിന്ന് ധിക്കാരവും എതിർഭാവവും നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ നിങ്ങൾ ശാസിക്കയോ, അകന്നു നിൽക്കയോ, അടിക്കുകയോ ചെയ്യുവിൻ' എന്ന ആയത്താണ് ഫസലുദ്ദീൻ സാഹിബ് ഉദ്ധരിച്ചത്. ഇത്, സൂറ നിസാഅ് -യിലെ 34-ാം വചനമാണെന്നും അദ്ദേഹം സൂചിപ്പിച്ചിരുന്നു. ഹസ്രത്ത് സാഹിബാകട്ടെ, ഉടൻതന്നെ ഒരു മറുകുറിപ്പ് ഫസലുദ്ദീൻ സാഹിബിന് അയച്ചുകൊടുക്കുകയാണുണ്ടായത്. ആ കുറിപ്പിൽ മസീഹ്(അ) ഇങ്ങനെ എഴുതി,

'സ്ത്രീകളുടെ അനുസരണക്കേടിനും വായാടിത്തത്തിനും ദുർനടപ്പിനും മൂന്നു സംസ്കരണ രീതികളാണുളളത്. ആദ്യത്തേത് ഉപദേശം, പിന്നീടുളളത് വിട്ടുനിൽക്കൽ, മൂന്നാമത്തേതു മാത്രമാണ് പ്രഹരമാർഗ്ഗം. മൂന്നുതരത്തിലുളള വ്യത്യസ്ഥ ശിക്ഷാരീതികളാണ് ഇത്തരം സന്ദർഭങ്ങളിൽ കൽപ്പിക്കപ്പെട്ടിട്ടുളളത്. രണ്ടു രീതികളും പരീക്ഷിച്ചു പരാജയപ്പെട്ടാൽ മാത്രമേ അടിക്കാൻ അനുവാദമുള്ളൂ'.

ഒപ്പം, സൂറ സുമറിൽ നിന്നുളള ഒരു വാചകം ഹുസൂർ സൂചനയായി എഴുതി.

'നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങൾക്ക് ഇറക്കിയിട്ടുള്ളതിൽ ഏറ്റവും ഉത്തമമായിട്ടുള്ളതിനെ അവലംബിക്കുക'

ഈ വചനമനുസരിച്ച് , അടിക്കാനുളള വിധിയല്ല, ഏറെ ഉത്തമമായ ആദ്യകൽപ്പനയാണു സ്വീകരിക്കേണ്ടതെന്നും, വികാരാധീനനാവുകയല്ല വേണ്ടതെന്നും വാഗ്ദത്ത മസീഹ് അറിയിച്ചു.

മേൽ സൂചിപ്പിച്ച സംഭവത്തെപ്പറ്റി ഹക്കീം ഫസലുദ്ദീൻ സാഹിബ് തന്നെ ഡോ. ബിശാറത്ത് അഹ്മദ് സാ- നോട് പറഞ്ഞതായി, മുജദ്ദിദെ അഅ് സം-ൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

ഞാനിതിവിടെ സൂചിപ്പിക്കുമ്പോൾതന്നെ മറ്റൊന്നുകൂടി പറയാനാഗ്രഹിക്കുന്നു. കുടുംബപ്രശ്നങ്ങളുണ്ടാവുമ്പോൾ, കലഹത്തിനു കാരണമായ കുറ്റങ്ങളൊന്നാകെ ഭർത്താവിനുമേൽ മാത്രം ചുമത്താൻ പാടുള്ളതല്ല; അവിവേകികളായ പുരുഷന്മാർ സമൂഹത്തിൽ ഉണ്ടാവാമെങ്കിൽപ്പോലും.

എനിക്കറിയാവുന്ന രണ്ടു സംഭവങ്ങൾ ഓർമ്മവരുന്നു. അവയിലൊന്ന്, എനിക്കേറ്റവും അടുത്ത ബന്ധമുളള യുവാവായ ഒരു ഭർത്താവിന്റേതാണ്. അയാൾ, ഞാൻ കാൺകെ, ഒരിക്കൽ തന്റെ ഭാര്യയെ തല്ലിയ സംഭവമാണ്. ഉടൻതന്നെ ഞാനിടപെട്ട് ആ കലഹത്തിനു തിരശ്ശീല ഇട്ടുവെങ്കിലും, ഈ വഴക്കിൽ, പ്രശ്നത്തിനു കാരണക്കാരിയായത് ആ ഭാര്യയായിരുന്നുവെന്നത് എനിക്ക് ബോധ്യമാവുകയുണ്ടായി. ആ വധുവിന്റെ നാക്ക് അത്രകണ്ട് മോശമായിരുന്നു. ആ പയ്യന്റെ ക്ഷമാശക്തി അപാരം തന്നെയെന്നു ഇവിടെ പറയാതെവയ്യ. സ്വന്തം ഭാര്യയുടെ കുത്തിനോവിക്കുന്ന പരുഷവാക്കുകൾ സദാ കേട്ടുകൊണ്ടു ജീവിക്കുക ഒരു പുരുഷനെ സംബന്ധിച്ചിടത്തോളം എത്രയോ ദുസ്സഹം തന്നെയാണ്.

രണ്ടാമത്തെ അനുഭവവും മറ്റൊരു ഭർത്താവു പയ്യന്റേതായിരുന്നു. അയാൾ എപ്പഴും സ്വന്തം ഭാര്യയെ തല്ലുന്നതായി കേൾക്കാറുണ്ട്. നിർഭാഗ്യവതിയായ ഒരു പെൺകുട്ടി. രണ്ടു കുട്ടികളുമുണ്ട് അവർക്ക്. ഒക്കെയും വിനയപൂർവ്വം ക്ഷമിച്ചും സഹിച്ചും കഴിയുന്ന സ്വഭാവമുളളവളായിരുന്നു അവൾ. എന്തിനും ഏതിനും ഒരു കാരണവുമില്ലാതെ ക്ഷോഭിക്കുന്ന ഒരുവനായിരുന്നു അയാൾ. പുറമെ അയാളൊരു മാന്യനായിരുന്നു, സമൂഹത്തിൽ നല്ല വ്യക്തിയായി ഭാവിച്ചിരുന്നു, പക്ഷെ, ഒരിക്കലും അയാൾ ഒരു നല്ല ഭർത്താവായിരുന്നില്ല. ഒരുത്തമ ഭർത്താവിനേ ഒരു യഥാർത്ഥ മുസ്ലിം ആകാൻ ആവൂ. ഒരു നല്ല മുസ്ലിമിനേ നല്ല ഒരഹ്മദിയാകാനും കഴിയൂ.

സ്ത്രീകളെപ്പറ്റി പറയുമ്പോൾ, സ്വന്തം മകളോടു കാണിക്കുന്ന സ്നേഹവാൽസല്യങ്ങൾ മകന്റെ ഭാര്യയോടു കാട്ടാൻ വിമുഖത കാട്ടുന്ന ചില ഉമ്മമാരെപ്പറ്റിയും ഇവിടെ പരാമർശിക്കേണ്ടിയിരിക്കുന്നു. ആ മരുമകളും ഒരു ഉമ്മയുടെ മകളായി, സ്നേഹലാളനകളേറ്റ് വളർന്ന സാഹചര്യത്തിൽ നിന്നാണു വന്നതെന്ന് ഈ ഭർതൃമാതാവ് വിസ്മരിക്കുന്നു. അപ്പോൾ കുടുംബത്തിൽ പ്രശ്നങ്ങൾ തലപൊക്കുകയായി. ചിലപ്പോൾ മരുമകൾ എന്ന ചെറുപ്പക്കാരിയാകട്ടെ, അമ്മായിയമ്മയോട് തെല്ലും സഹകരിക്കാനോ, അഡ്ജസ്റ്റു ചെയ്യാനോ കൂട്ടാക്കാതെ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഇതിനിടയിൽ കിടന്ന് നട്ടം തിരിയുന്ന പാവം ഭർത്താക്കന്മാർ നമുക്കിടയിലില്ലേ ?

ചില മക്കളുണ്ട്, ആൺ മക്കൾ. ഉമ്മയേയും, ഉപ്പയേയും സ്നേഹിക്കരുതെന്നല്ല, സ്നേഹം വേണം, അവരെ പൊന്നുപോലെ നോക്കുകയും ചെയ്യണം. പക്ഷെ, സ്വന്തം ഉമ്മയോട്, സഹോദരിയോട്, അവരിൽ ചിലർ കാട്ടുന്ന അമിതവും, അസാധാരണവുമായ അടുപ്പത്തിലൂടെ, വിധേയത്വത്തിലൂടെ, നിക്കാഹ് കഴിച്ചുകൊണ്ടുവന്ന പെണ്ണിനെ, ബോധപൂർവ്വമോ അല്ലാതെയോ അവഗണിക്കുന്നു, അല്ലെങ്കിൽ അങ്ങനെയൊരു തോന്നൽ പെൺകുട്ടിയിലുളവാക്കുന്നു. ഇവിടെയും കുടുംബത്തിൽ പ്രശ്നങ്ങൾ വേരോടിത്തുടങ്ങുന്നു. ഇവയൊക്കെ ബുദ്ധിപൂർവ്വം

പ്രായോഗിക ബോധത്തോടെ കൈകാര്യം ചെയ്യാൻ ശ്രമിക്കാതെ വരുമ്പോഴാണ്, ഓരോ ഉമ്മയും, ഉപ്പയും, മകനും, മകളും, മരുമകളുമൊക്കെ കുടുംബത്തിലെ സ്വൈരജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. സ്ത്രീയും പുരുഷനും വിട്ടുവീഴ്ചയോടെ, സ്നേഹത്തോടെ, പരസ്പരം ആദരവോടെ മാത്രം പെരുമാറുക എന്നതാണ് ഇതിനുള്ള ഫലപ്രദമായ പരിഹാരമാർഗ്ഗം.

ഇനി, കുടുംബത്തിലെ ചില ഉമ്മമാരെപ്പറ്റിയും ഇവിടെ പറയേണ്ടിയിരിക്കുന്നു. മക്കളെ ആവോളം സ്നേഹിക്കുന്ന മാതൃരത്നമായിരിക്കും അവർ. പക്ഷേ ഒരു നല്ല ഭാര്യയോ, സ്വസഹോദരർക്ക് ഒരു നല്ല സഹോദരിയോ ആവാൻ അവർക്കാകില്ല. ഒരു നല്ല അമ്മായിയമ്മ പോലും ആവാൻ അവർക്കായില്ലെന്നു വരാം. നാം, പുരുഷന്മാരിലുമുണ്ട് ചിലർ. സഹകരിക്കാൻ കൊള്ളാവുന്ന സ്നേഹസമ്പന്നരായ ചങ്ങാതിമാരായിരിക്കും സമൂഹത്തിൽ ഇവർ. സ്വന്തം വീട്ടിൽ ഒരു നല്ല പിതാവോ, നല്ല ഭർത്താവോ, ഒരു നല്ല സഹോദരനോ പോലും ആവാൻ ഇവർക്കാവില്ല.

ഇതിനൊക്കെപ്പുറമേ കുടുംബത്തിലെ സ്വൈരതയും, ദാമ്പത്യത്തിലെ സ്വസ്ഥതയും അപ്പാടെ തകർത്തുകളയുന്ന ഒരണിയറശിൽപ്പി കൂടിയുണ്ട്. 'സംശയരോഗം' എന്ന വില്ലനാണവൻ. ഈ വിചിത്ര കഥാപാത്രം ഭാര്യയേയും, ഭർത്താവിനേയും ഒപ്പം ആക്രമിക്കുന്നു. ഉറപ്പായി ഒരു മനശ്ശാസ്ത്രജ്ഞനെ കാണേണ്ട ഈ വിഷയത്തിൽ, ദമ്പതികൾ സ്വയം അതിന് തയ്യാറായെന്നു വരില്ല. തങ്ങൾക്കു ചികിത്സവേണ്ട പ്രശ്നങ്ങളൊന്നുമില്ല എന്ന ഭാവമായിരിക്കും രണ്ടുപേർക്കും. രണ്ടാളെയും ഡോക്ടറെ കാണിക്കാൻ വീട്ടുകാർ ശ്രദ്ധിച്ചെന്നും വരില്ല. വിവാഹ മോചനത്തിൽവരെ അതു ചെന്നെത്താം.

ഇതിനൊക്കെയുള്ള പരിഹാര മാർഗ്ഗം ............? പുരുഷനായാലും സ്ത്രീയായാലും പരിധിലംഘിച്ചുള്ള അനഭിമത ഭാഷണങ്ങളും, പെരുമാറ്റങ്ങളും ഒഴിവാക്കി, സ്നേഹപൂർവ്വം ഒരു ദാമ്പത്യ ജീവിതത്തിനു അടിത്തറ പാകുകയും പരസ്പരം വിട്ടുവീഴ്ചയും, വിശ്വസ്ഥതയും പുലർത്തുകയും ചെയ്യുക. എങ്കിൽ, കുടുംബം ഐശ്വര്യസമ്പൂർണ്ണമായ ഒരന്തരീക്ഷത്തിലെത്തിച്ചേരുമെന്നതിൽ സംശയമില്ല.

വാഗ്ദത്ത മസീഹിന്റെ കാലത്തു നടന്ന ഒരു സംഭവമാണ് ഞാനിപ്പോൾ ഓർത്തുപോകുന്നത്.

ഒരിക്കൽ, ഒരു യാത്രയ്ക്കിടെ ലുധിയാന റെയിൽവേസ്റ്റേഷനിൽ വണ്ടിവരുന്നതിന് അൽപം മുമ്പ് എത്താനിടവന്ന മസീഹ്(അ), ഭാര്യയോടൊപ്പം പ്ലാറ്റ്ഫോമിൽ നടക്കുന്നതിനിടയിലുണ്ടായ ഒരു വിവാദമാണ് ഇവിടെ വിഷയം. ഭാര്യ ബുർഖ ധരിച്ചിരുന്നു. മസീഹ്(അ) പത്നിയോടൊപ്പം ഉലാത്തുന്നത് കാണാനിടവന്ന മൗലാനാ അബ്ദുൽകരീം സാഹിബ്, ഒപ്പമുണ്ടായിരുന്ന നൂറുദ്ദീൻ സാ-നോട് പറഞ്ഞു.

'നോക്കൂ നൂറുദ്ദീൻ സാഹിബ്, അദ്ദേഹം ഭാര്യയുമായി നടക്കുകയാണവിടെ. ഇതു കണ്ടാൽ ആളുകൾ എന്തു പറയും. ഭാര്യയെ ഒരിടത്ത് എവിടെയെങ്കിലും ഇരുത്തുവാൻ അദ്ദേഹത്തോടു താങ്കൾ ചെന്നു പറയണം. ശത്രുക്കളും, മിത്രങ്ങളുമൊക്കെ ഈ കാഴ്ച കണ്ടുകൊണ്ടിരിക്കുന്നു. ആളുകൾക്കു പഴിപറയുവാൻ ഇനി മറ്റൊന്നും വേണ്ട'

ഇതുകേട്ട ഹക്കീം നൂറുദ്ദീൻ സാ- തിരികെ ചോദിച്ചു.

'ഹസ്രത്ത് സാഹിബ് സ്വന്തം ഭാര്യയോടൊപ്പം നടക്കുന്നതിൽ എന്താണ് തെറ്റ്? എനിക്കാവില്ല, ഞാൻ പറയുകയുമില്ല, വേണമെങ്കിൽ താങ്കൾതന്നെ ചെന്നു പറഞ്ഞോളൂ.....'

ഒടുവിൽ, മടിച്ചുമടിച്ചാണെങ്കിലും അബ്ദുൽകരീം സാ- തന്നെ ഹസ്രത്ത് സാഹിബിനോട് നേരിട്ട് കാര്യമുണർത്തി.

വാഗ്ദത്ത മസീഹ് പറഞ്ഞ മറുപടി ഇതായിരുന്നു. 'ആളുകൾ എന്തു പറയാൻ? മിർസാ സാഹിബ് സ്വന്തം ഭാര്യയുമായി ഉലാത്തുന്നുവെന്നു പറയുമായിരിക്കും. ഞാൻ, റസൂൽ കരീമിനേക്കാൾ ബഹുമാന്യനായി ആരെയും കാണുന്നില്ല. തിരുമേനിയുടേയും സഹാബാക്കളുടേയും പത്നിമാർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു, പരിക്കേറ്റവരെ ശുശ്രൂഷിച്ചിരുന്നു, പടയാളികൾക്കു വെള്ളം കൊണ്ടു കൊടുത്തിരുന്നു. ഇതിനേക്കാൾ അധികം മാനവും, മര്യാദയും ഉള്ള ഒരുവനായി ഞാനെന്നെ കരുതുന്നില്ല. പ്രത്യുത, ഈ പ്രവർത്തിയിൽ ഞാൻ അഭിമാനം കൊള്ളുകയുമാണ്.'

ഇതുകേട്ട മൗലാനാ അബ്ദുൽകരീം സാഹിബ് ലജ്ജിച്ചു തല താഴ്ത്തി ഇരുന്നുപോയി എന്ന് ഹസ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) നിവേദനം ചെയ്യുന്നു.

വാഗ്ദത്ത മസീഹിന്റെ ഈ രണ്ട് അനുഭവങ്ങൾ ജീവിതത്തിൽ നമുക്കും പാഠമായിത്തീരട്ടെ.



*കോഴിക്കോട്ടെത്തിയ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിനെ സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ് സ്വീകരിക്കുന്നു. സത്യദൂതൻ എഡിറ്റർ ഏ.എം. മുഹമ്മദ് സലിം, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എം. കെ. മൊയ്തുണ്ണി സാഹിബ്, മൗലാനാ മുഹമ്മദ് ഉമ്മർ സാഹിബ് (ചീഫ് മിഷ്യനറി), എം. എ. മുഹമ്മദ് സാഹിബ് (നാഇബ് അമീർ, കോഴിക്കോട് എന്നിവർ സമീപം.*

കുറിപ്പുകൾ

മുസാഫിർ

# സോണിയാഗാന്ധിക്ക് ഇന്ത്യൻ പ്രധാനമന്ത്രിയാകാമോ?

ഇന്ത്യൻ പാർലമെന്റിലെ പ്രതിപക്ഷ നേതാവും ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ പ്രസിഡണ്ടുമായ ശ്രീമതി സോണിയാ ഗാന്ധിയും അവരുടെ മക്കളായ രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്ക വധേരയും വിദേശ വംശീയ ബന്ധം മൂലം ഇന്ത്യൻ പ്രധാനമന്ത്രി സ്ഥാനത്തേക്ക് അയോഗ്യരാണ് എന്ന ബി. ജെ. പി. ജനറൽ സെക്രട്ടറി ശ്രീ പ്രമോദ് മഹാജാന്റെ പ്രസ്താവന അപലപനീയമാണ്. ബി. ജെ. പി.യിലെ തന്നെ കേന്ദ്രമന്ത്രി ശ്രീ. രാജ്നാഥ് സിങ്ങ് പ്രിയങ്കയുടെ കാര്യത്തിലും രാഹുലിന്റെ കാര്യത്തിലും പിന്നീട് ഇളവു വരുത്തിയിട്ടുണ്ടെങ്കിലും (The Hindu - Jan - 27) മഹാജൻ തന്റെ പ്രസ്താവനയിൽ ഉറച്ചുനിൽക്കുകയാണ്. സൗമ്യനും ഉദാരവീക്ഷണവുമുള്ള പ്രധാനമന്ത്രി വാജ്പേയ് ഏതായാലും മഹാജന്റെ പക്ഷത്തുണ്ടാവില്ല എന്ന് നമുക്ക് പ്രത്യാശിക്കാം.

ഇന്ത്യൻ പൗരയായിരുന്നിട്ടും സോണിയാഗാന്ധി വിദേശ വംശജയാണെന്നതാണ് അവരെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയാകാനുള്ള അയോഗ്യതയായി മഹാജൻ ചൂണ്ടിക്കാട്ടുന്നത്. അവരുടെ മക്കളായിപ്പോയി എന്ന കാരണം കൊണ്ട് ഇന്ത്യൻ പിതാവിന്റെ മക്കളായി പിറന്നിട്ടും രാഹുലും, പ്രിയങ്കയ്ക്കും ജന്മപാപം പോലെയുള്ള ഈ തീണ്ടൽ ബാധിച്ചത്. ഇന്ത്യൻ പ്രധാനമന്ത്രിയെപോലെ പാർലമെന്റിൽ പ്രതിപക്ഷ നേതാവായി ഉന്നതമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ഒരു ജനനേതാവിനെ സംബന്ധിച്ചുള്ള ഇത്തരം പരാമർശങ്ങൾ നമ്മുടെ രാഷ്ട്രീയവും, നൈതികവും സാംസ്കാരികവുമായ ജീർണതകൾ വിളിച്ചോതുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്ത ആദരണീയമായ ഒരു കുടുംബത്തിലെ അംഗമാണ് ശ്രീമതി ഗാന്ധി. രാഷ്ട്രത്തിന് വേണ്ടി തന്റെ ഭർത്തൃമാതാവിനു പുറകെ യുവാവായ തന്റെ ഭർത്താവ് ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി വധിക്കപ്പെട്ടതിന്റെ തീരാത്ത വേദനകൾ കടിച്ചമർത്തി കഴിയുന്നവരാണവർ. ഈ രാജ്യത്തിനു വേണ്ടി ഒരു പാട് വ്യക്തി ദുഖങ്ങൾ ഏറ്റുവാങ്ങിയ ആ വിധവയെ ഇത്തരത്തിൽ ആക്ഷേപിക്കുന്നത് ഉചിതമല്ല. താൻ ഇന്ത്യൻ പൗരത്വം സ്വീകരിച്ചയാളാണെന്നും അഗാധമായി ഈ നാടിനെ സ്നേഹിക്കുന്നുവെന്നും ആണയിട്ടും പറഞ്ഞിട്ടും, പണ്ട് രാവണന്റെ കൊട്ടാരത്തിൽ ബന്ധനസ്ഥയായ പതിഭക്തയും പരിശുദ്ധയുമായ സീതാദേവിക്കെതിരെ നാനാഭാഗത്തുനിന്നും ഉന്നയിക്കപ്പെട്ട ജാരശങ്കപോലെ സോണിയാഗാന്ധിയുടെ ദേശക്കൂറ് ചോദ്യം ചെയ്യപ്പെടുകയാണ്. ഇത് ഭാരതീയ പാരമ്പര്യത്തിന് ചേരുന്നതാണോ എന്ന് ബി. ജെ. പി നേതാക്കൾ ചിന്തിക്കട്ടെ. പ്രജാക്ഷേമതല്പരനും ആദർശമൂർത്തിയുമായിരുന്ന ശ്രീരാമചന്ദ്രൻ തന്റെ ധർമ്മ പത്നിക്കെതിരെ ഉപജാപക്കാർ ഉന്നയിച്ച ജാരശങ്കയിൽ വംശവദനായി കൊട്ടാത്തിൽ വെച്ച് സീതാദേവിയെ ചിത്രവധം ചെയ്യാനൊരുങ്ങിയപ്പോൾ ഭൂമി പിളർന്ന് സീതാദേവി അന്തർധാനം ചെയ്ത കഥ നമുക്ക് പരിചിതയാണ്. നിരപരാധിയും നിഷ്കളങ്കയുമായ തന്റെ പത്നിയുടെ വിരഹത്തിനുശേഷം അയോദ്ധ്യാരാജ്യത്ത് ദുർന്നിമിത്തങ്ങൾ പ്രത്യക്ഷപ്പെട്ടു. വിരഹാർത്തനും പശ്ചാത്താപ വിവശനുമായ ശ്രീരാമൻ സരയൂനദിയുടെ കയങ്ങളിൽ അന്തർധാനം ചെയ്ത് വൈകുണ്ഠം പ്രാപിച്ചുവെന്നുമാണ് രാമായണ കഥ. ഈ കഥയിൽ ഒരു പാട് ഗുണപാഠങ്ങളുണ്ട്. രാജ്യം മുടിഞ്ഞുപോകുന്ന വിശ്വസ്തതയെക്കുറിച്ചുള്ള ഇത്തരം വിദ്വേഷപ്രചരണങ്ങൾ ആരുടെ ഭാഗത്തു നിന്നായാലും ഇന്ത്യൻ ജനാധിപത്യത്തിന് അത് ദോഷകരമായിരിക്കും.

രാഷ്ട്രീയമായ കക്ഷി പക്ഷപാതിത്വമൊന്നും ഇതെഴുന്നയാൾക്കില്ല. നമ്മുടെ ദേശീയ സങ്കല്പത്തിന്റേയും സാംസ്കാരിക മൂല്യങ്ങളുടേയും, രാഷ്ട്രീയ സദാചാരത്തേയും സംബന്ധിക്കുന്ന നിരവധി പ്രശ്നങ്ങൾ മഹാജന്റെ പ്രസ്താവനയിൽ അന്തർഭവിച്ചിട്ടുണ്ട്. മൂർത്തമായ രാഷ്ട്രത്തോട് വ്യക്തിയെ ധാർമ്മികമായി ബന്ധിച്ചു നിർത്തുന്ന അമൂർത്തമായ ആശയമാണ് ദേശീയത. രാജ്യത്ത് ജീവിക്കുന്നവർക്ക് വായുവും വെള്ളവും ഭക്ഷണവും നൽകുന്ന ഈ രാജ്യത്തോട് അഗാതമായകൂറുണ്ട്. അതിനെ പറ്റി സംശയിക്കുന്നത് തന്നെ പാപമാണ്. ഹിന്ദുത്വമാണ് ഇന്ത്യയുടെ ദേശീയതയെന്നാണ് ബി. ജെ. പി ക്കാർ പറയുന്നത്. മതങ്ങളെല്ലാം അത്യന്തം വികാരപരവും പലപ്പോഴും യുക്തിക്ക് വിശദീകരിക്കാൻ സാധിക്കാത്തതുമാണ്. അദൃശ്യമായ ആത്മാവ്, മരണം, മരണാനന്തര ജീവിതം മുതലായ അമൂർത്തവും അലൗകികങ്ങളുമായ വിഷയങ്ങളാണ് മതത്തിന്റെ മുഖ്യപ്രമേയങ്ങൾ. അങ്ങനെയുള്ള മതങ്ങളിലൊന്നാണ് ഹിന്ദുമതവും ക്രിസ്തുമതവും, ഇസ്ലാം മതവും. അത്തരം ഒരു മതമായ ഹിന്ദുമതത്തിന്റെ പേരിൽ ശക്തിയും അധികാരവുമുള്ള രാഷ്ട്രത്തിന്റെ ദേശീയത വിശേഷിപ്പിക്കപ്പെടുന്നത് യുക്തിസഹമല്ല. ജനാധിപത്യത്തിന്റെ ശ്രേയസ്സിന് നിരക്കുന്നതുമല്ല. ഇനി ഹിന്ദുത്വമാണ് ഇന്ത്യയുടെ ദേശീ

യത എന്നു തന്നെ നമുക്ക് അംഗീകരിക്കാം. പക്ഷേ അത് പ്രായോഗികമാകണമെങ്കിൽ വളരെ ഉദാരമായ നിർവ്വചനങ്ങൾ നൽകി അതിനെ വിശാലമാക്കണം. മതപരവും വംശീയവുമായ വിവേചനം അതിൽ ഉണ്ടാവാൻ പാടില്ല. ഇന്ത്യയിലേക്ക് വന്ന സംസ്കൃതം സംസാരിക്കുന്ന ആര്യന്മാർ മധ്യേഷ്യയിൽ നിന്നും വന്ന വിദേശികളാണെന്ന കാര്യവും ചരിത്ര പ്രസിദ്ധമാണല്ലോ. വിദേശ ബന്ധത്തിന്റെ പൂർവ്വ ചരിത്രം പരതി നോക്കിയാൽ പലർക്കും ദേശീയത നഷ്ടപ്പെടും എന്നതാണ് വാസ്തവം.

ലോകത്തെങ്ങുമുള്ള മനുഷ്യത്വത്തിൽ വിശ്വസിക്കുന്നവരുടെ സാർവ്വജനീന സങ്കൽപങ്ങൾക്ക് ആവേശം പകരുന്ന വിശ്വമാനവീയ തത്വങ്ങളെ ഉൾക്കൊള്ളുന്നതാണ് ഭാരതീയ പാരമ്പര്യത്തിലെ നാനാത്വ സങ്കൽപ്പം. ആധുനിക ശാസ്ത്ര സാങ്കേതിക വളർച്ച മനുഷ്യസമുദായത്തെ ആഗോള ഗ്രാമമാക്കി ചുരുക്കിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ രാജ്യത്തിന്റെ അഭിമാനകരമായ പാരമ്പര്യം നമ്മെ മറ്റുള്ളവർക്ക് വന്ദ്യരാക്കി തീർക്കുന്നുവെന്നതാണ് വാസ്തവം. ഭൂപരമായ ദേശീയവാദം ഇതിനെയെല്ലാം നിഷ്ഫലമാക്കുന്നു. ഇനിയുള്ള കാലം ഭൂപരമായ സങ്കുചിത ദേശീയവാദം പ്രായോഗികമല്ല. അത്രമാത്രം മനുഷ്യസമൂഹം ചലനാത്മകമായി കഴിഞ്ഞു. ഈശ്വരൻ കരുണാമയനും സർവജനപരിപാലകനുമാണെങ്കിൽ അവൻ സൃഷ്ടിച്ച സൂര്യൻ ഭൂമിയിൽ എല്ലായിടത്തും വെളിച്ചം പകരുന്നതുപോലെ എല്ലാ ഭൂമിയും ഒരുപോലെയാണ്. എവിടെയുമുള്ള ഭൂമി കല്ലും മണ്ണുംകൊണ്ട് മാത്രം സൃഷ്ടിക്കപ്പെട്ടതാണ്. അതിനു മീതെ ജീവിക്കുന്ന ചലനാത്കമതയുള്ള മനുഷ്യന്റെ സംസ്കാരമാണ് പവിത്രമാകേണ്ടത്. 'യത്രവിശ്വം ഭവത്യേക നീഢം' (പക്ഷിക്കൂടുപോലെ ഇവിടെ ലോകം ഒരു കുടുംബമായി ഭവിക്കുന്നു) എന്നും 'വസുധൈവ കുടുംബകം' എന്നീ പൗരാണിക ഭാരതിയാദർശങ്ങൾ എത്രമാത്രം ഉദാത്തമാണ്. അതിനെല്ലാം വിരുദ്ധമാണ് മഹാജന്റെ നിലപാട്.

സോണിയാഗാന്ധിക്ക് അയോഗ്യത കല്പിച്ചുകൊണ്ട് മഹാജൻ ഇന്ത്യയുടെ ദേശീയതയെ നിർവ്വചിച്ചത് ഹിന്ദു മഹാസഭയുടെ സ്ഥാപക നേതാവായിരുന്ന വിനായക് ദാമോദർ സവർക്കറുടെ വീക്ഷണത്തേക്കാൾ സങ്കുചിതമാണ്. വീരസവർക്കർ തന്റെ 'ഹിന്ദുത്വം' എന്ന പുസ്തകത്തിൽ സിസ്റ്റർ നിവേദിതയുടെ ഉദാഹരണം പറയുന്നുണ്ട്. ഐറിഷ് അച്ഛനമ്മമാരുടെ മകളായി ജനിച്ച് ഇംഗ്ലണ്ടിൽ വളർന്ന് സ്വാമി വിവേകാന്ദന്റെ ശിഷ്യയായി ഇന്ത്യയിൽ വന്ന മിസ് മാർഗരറ്റ് എലിസബത്ത് നോബിൾ എന്ന മഹതിയാണ് സിസ്റ്റർ നിവേദിത. അവർക്ക് സ്വാമി വിവേകാനന്ദൻ ബ്രഹ്മചര്യ ദീക്ഷ നൽകിയിട്ട പേരായിരുന്നു നിവേദിത. സിസ്റ്റർ നിവേദിത ഭാരതത്തെ പിതൃ രാജ്യമായി സ്വീകരിച്ച ഹിന്ദുവായിരുന്നുവെന്നാണ് വീരസവർക്കർ അഭിപ്രായപ്പെട്ടത്. ഹിന്ദുവാകാൻ ഭാരതവർഷത്തിന്റെ അതിർത്തിക്കുള്ളിൽ അതിന്റെ പൊതു സംസ്കാരം സ്വീകരിച്ച് ജീവിച്ചാൽ മതി എന്ന വിശാല കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്. സ്വാമി വിവേകാനന്ദൻ തന്റെ ശിഷ്യയായ നിവേദിതക്ക് 1900 സെപ്റ്റംബർ 22-ാം തീയതി അയച്ച ആശീർവാദത്തിൽ ഭാരതത്തിന്റെ മകളും ആചാര്യയും സേവികയും തോഴിയുമാണ് അവരെന്ന് പറഞ്ഞിരിക്കുന്നു. (സാഹിത്യ സഞ്ചാരം - സിദ്ധിനാഥാനന്ദ സ്വാമി. പേജ് 162). സിസ്റ്റർ നിവേദിതേയക്കാൾ ജീവിത സാന്ദ്രമാണ് സോണിയാഗാന്ധിയുടെ ഹിന്ദുത്വം. സോണിയാഗാന്ധി ഹിന്ദു ആചാര പ്രകാരം അഗ്നിയെ സാക്ഷിയാക്കി കുലീനമായ ഒരു ഹിന്ദു ബ്രാഹ്മണ യുവാവിനെ വിവാ ഹം കഴിച്ചിട്ടും ഹിന്ദുക്കൾ ജീവിക്കുന്ന രാഷ്ട്രത്തിനു വേണ്ടി വൈധവ്യം സ്വീകരിച്ചിട്ടും ഹിന്ദു ദേശീയതക്ക് അവരെ ഉൾക്കൊള്ളാനാവുന്നില്ല എന്നത് വിചിത്രം തന്നെ.

ഇറ്റലിദേശക്കാരിയായ ശ്രീമതി ഗാന്ധിയുടെ രാജീവ് ഗാന്ധിയുമായുള്ള വിവാഹത്തിന് സാധൂകരണത്തിനായി സ്വാമി ദയാനന്ദ സരസ്വതിയുടെ 'സത്യാർത്ഥ പ്രകാശ'ത്തിൽ നാലാം സമുല്ലാസത്തിൽ വിവാഹത്തെപറ്റി പറഞ്ഞ കാര്യം ഉദ്ധരിക്കാം. "ഒരു ദേശത്ത് വസിക്കുമ്പോൾ രോഗഗ്രസ്തനായിക്കുന്നയാൾ സ്ഥലം മാറിത്താമസിച്ചാൽ വായു, ഭക്ഷണം, വെള്ളം മുതലായവയിൽ മാറ്റം വരുന്നതുകൊണ്ട് രോഗമുക്തനാകുന്നത് പോലെ ദൂരദേശീയർ തമ്മിലുള്ള വിവാഹം ഉത്തമ ഫലം നൽകും. ('സത്യാർത്ഥ പ്രകാശം'. പേജ് 133. മലയാള വിവർത്തനം)

സോണിയാഗാന്ധി ഭരണഘടനാപരമായി ഇന്ത്യൻ പൗരയാണെങ്കിൽ അവർക്ക് പ്രധാനമന്ത്രിയാവാനും യോഗ്യതയുണ്ട്. അവകാശവുമുണ്ട്. ഭരിക്കാനും ഭരിക്കപ്പെടാനും പൗരന്മാർക്കവകാശമുണ്ടായിരുന്നുവെന്നതിനാലാണ് പുരാതന ഗ്രീസിന്റെ മഹത്വം സ്ഥിതിചെയ്തിരുന്നത് എന്ന രാഷ്ട്രീയ മീമാംസാപാഠം മഹാജൻ മറന്നുപോകരുത്. രാഷ്ട്രീയാവകാശങ്ങളുടെ സാരാംശമതാണ്. രാഷ്ട്രീയാധികാരത്തിൽ പങ്കുകൊള്ളാനുള്ള പൗരന്റെ ഭരണഘടനാപരമായ അവകാശം നിഷേധിക്കാൻ ആർക്കും അധികാരമില്ല. ഈ അവകാശങ്ങൾ പ്രയോഗിക്കുക വഴി പൗരന്മാർക്ക് അധികാര കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം ലഭിക്കുന്നു. ഈ അവകാശം ഇന്ത്യയിലെ പരമോന്നത സഭയായ പാർലമെന്റിലെ പ്രതിപക്ഷ നേതാവിന്ന് സങ്കുചിത ദേശീയ വീക്ഷണത്തിന്റെ പേരിൽ നിഷേധിക്കപ്പെടുമ്പോൾ ഭാരതം നിന്ദിക്കപ്പെടുകയാണ് ചെയ്യുന്നത്. പാക്കിസ്ഥാനിൽ അങ്ങനെ നിയമമുണ്ട്. ഇന്ത്യ അതുപോലെയാകാൻ പാടില്ല. ജനാധിപത്യത്തിന് ഇവിടെ ഫാഷിസത്തിന്റെ മുഖവൈകൃതമുണ്ടായികൂടാ. സോണിയാഗാന്ധിക്ക് പ്രധാനമന്ത്രിയായി മത്സരിക്കാൻ ഭരണ ഘടന അനുവദിക്കുന്നുവെങ്കിൽ അവർ മത്സരിക്കട്ടെ. ഭാരതത്തിലെ ജനങ്ങളു ടെ സമ്മതിയാണ് അവരുടെ യോഗ്യത നിശ്ചയിക്കേണ്ടത്.

**അറിയിപ്പ്**

'ഇന്ത്യയും പാക്കിസ്ഥാനും ഭരണഘടനാപരമായി ആരാണ് ഇസ്‌ലാമിനോടടുത്ത് നിൽക്കുന്നത്' എന്ന ലേഖനത്തിന്റെ രണ്ടാം ഭാഗം അടുത്ത ലക്കത്തിൽ ചേർക്കുന്നതാണ്.

വാർത്തകൾ

# ത്വാഹിർ മസ്ജിദ് ഉദ്ഘാടനം ചെയ്തു



*ത്വാഹിർ മസ്ജിദ് ഉദ്ഘാടനത്തോടനുബന്ധിച്ച് ചേർന്ന മതമൈത്രി സമ്മേളനം. ഇരിക്കുന്നവർ ഇടത്തുനിന്ന് : ഏ. പി. കുഞ്ഞാമു സാഹിബ്, സ്വാമി വേദാമൃത ചൈതന്യ, ഹസ്റത്ത് മിർസാ വസീം സാഹിബ്, റൈറ്റ് റവ: ഡോ. വർഗ്ഗീസ് ചക്കാലക്കൽ, മൗലാനാ മുഹമ്മദ് ഉമർ സാഹിബ്. മാട്ടൂൽ കുഞ്ഞഹമ്മദ് മാസ്റ്റർ വാഗ്ദത്ത മസീഹിന്റെ പദ്യം ആലപിക്കുന്നു.*

**പഴയങ്ങാടി:** കേരളത്തിലെ ആദ്യ കാല ജമാഅത്തുകളിലൊന്നായ പഴയങ്ങാടിയിൽ പ്രൗഢഗംഭീരമായ ത്വാഹിർ മസ്ജിദിന്റെ ഉദ്ഘാടനം 2004 ജനുവരി 30ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അഖിലേന്ത്യാ മേലദ്ധ്യക്ഷൻ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് (ജുമാ നമസ്കാരത്തോടെ നിർവ്വഹിച്ചു. ജുമാഖുത്ബയിൽ അല്ലാഹുവിന്റെ ഗേഹങ്ങളായ മസ്ജിദുകൾ പണിയാൻ ധനം ചിലവഴിക്കുന്നവർക്കും ശ്രമിക്കുന്നവർക്കും അല്ലാഹുവിന്റെ പക്കൽ മഹത്തായ അനുഗ്രഹങ്ങൾ കാത്തുനിൽപുണ്ടെന്ന് ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് ഓർമ്മിപ്പിച്ചു. നമസ്കാരത്തോടു അഭിരുചിയും പ്രതിപത്തിയും കാട്ടുന്ന പുതിയ തലമുറയെ നാം വാർത്തെടുക്കണമെന്നും അതിനു മസ്ജിദുമായുള്ള ബന്ധം അനിവാര്യമാണെന്ന് വസിം സാഹിബ് പറഞ്ഞു.

തുടർന്ന് ഉച്ചക്ക് മൂന്നര മണിക്ക് ത്വാഹിർ മസ്ജിദ് അങ്കണത്തിൽ ചേർന്ന മതമൈത്രി സമ്മേളനം ഹസ്റത്ത് മിർസാ വസിം സാഹിബ് ഉദ്ഘാടനം ചെയ്തു. എല്ലാ മതഗുരുക്കന്മാരെയും ബഹുമാനിക്കാനും അവരുടെ നാമം കേൾക്കുമ്പോൾ അവർക്ക് വേണ്ടി പ്രാർത്ഥിക്കാനും ഓരോ മുസൽമാനും ബാദ്ധ്യസ്ഥനാണെന്ന് വസിം സാഹിബ് ഉദ്ബോധിപ്പിച്ചു. മുനിമാരും ഋഷിമാരും ജനിച്ച ഈ പൗരാണിക ഭൂമിയിൽ പിറന്നത് നമ്മുടെ ഭാഗ്യമാണെന്നും മതങ്ങൾ നിറഞ്ഞ ഭാരതം അനുഗ്രഹീതമാണെന്നും അദ്ദേഹം പറഞ്ഞു. വിവിധ മതങ്ങളെ മനസ്സിലാക്കാൻ ഇതുവഴി നമുക്ക് സാധിക്കുന്നു. മതങ്ങൾ സ്നേഹമല്ലാതെ ഒരിക്കലും സ്പർദ്ദയുണ്ടാക്കുന്നില്ല. വിവിധ മതങ്ങളെ പറ്റി നമ്മുടെ അയൽക്കാരിൽ നിന്നും സൂക്ഷ്മമായി മനസ്സിലാക്കാൻ ഇത് വഴി നമുക്ക് സാധിക്കുന്നു. മസ്ജിദ് ത്വാഹിർ ഏക ദൈവ വിശ്വാസികകളായ എല്ലാ മതസ്ഥർക്കും വേണ്ടിയുള്ളതാണെന്നും മിർസാ വസിം സാഹിബ് പറഞ്ഞു. കേരളത്തിന്റെ നാനാഭാഗത്തുനിന്നും നിരവധി ജമാഅത്തംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. സംസ്ഥാന അമീർ ഏ. പി. കുഞ്ഞാമു സാഹിബ് അദ്ധ്യക്ഷത വഹിച്ചു. ആഗോളവത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ വിവിധ മതങ്ങളുടെ ഹൃദയപരമായ സംയോജനവും സ്നേഹത്തിന്റെ ആഗോളവത്ക്കരണവുമാണ് നടക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ഉദ്ഘാടന ദിവസം തന്നെ ഹിന്ദു, ക്രിസ്ത്യൻ മതനേതാക്കന്മാരുടെ പാദസ്പർശനമേറ്റ ത്വാഹിർ മസ്ജിദ് മതമൈത്രിയുടെ പ്രതീകമാണെന്ന് അമീർ സാഹിബ് പറഞ്ഞു. റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ (ബിഷപ്പ് കണ്ണൂർ രൂപത) മൗലാനാ മുഹമ്മദ് ഉമർ എച്. എ. (ചീഫ് മിഷ്യനറി, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, കേരള) സ്വാമി വേദാമൃത ചൈതന്യ എന്നിവർ പ്രഭാഷണം നടത്തി. പഴയങ്ങാടി ജമാഅത്തിന്റെയും പള്ളി നിർമ്മാണത്തിന്റേയും സംക്ഷിപ്ത ചരിത്രം പഴയങ്ങാടി അമീർ എസ്. വി. സദ്റുദ്ദീൻ സാഹിബ് വായിച്ചു കേൾപ്പിച്ചു. മതമൈത്രി സമ്മേളനത്തിൽ പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബ് സ്വാഗതവും ബി. അബ്ദുസ്സലാം സാഹിബ് നന്ദിയും പറഞ്ഞു. മദാർ അബ്ദുശ്ശക്കൂർ സാഹിബ് ഖുർആൻ പാരായണവും മാട്ടൂൽ എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ വാഗ്ദത്ത മസീഹിന്റെ പദ്യാലാപനം നിർവ്വഹിക്കുകയും ചെയ്തു.

## അനുസ്മരണം

## കെ. റുക്സാന സാഹിബ

കോഴിക്കോട്: കോഴിക്കോട് ജമാഅത്തംഗം സി. എം. മരക്കാർ സാഹിബിന്റെ മകൾ സി. കെ. റുക്സാന (20) 2004 ഡിസം. 21 ന് നിര്യാതയായി. പരേതക്ക് മഗ്ഫിറത്തിന് വേണ്ടി ദുആ ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.